## എഡിറ്റോറിയൽ

# ആവശ്യമുണ്ട്, വ്യക്തികളെ



**ദൈവത്തിന് വ്യക്തികളെ ആവശ്യമുണ്ട്.**

എങ്ങനെയുള്ള വ്യക്തികളെ? ജീവിതത്തിൽ ദൈവത്തിന് ഒന്നാം സ്ഥാനം കൊടുത്ത വ്യക്തികളെ.സ്വന്തജീവനെയും വിലമതിക്കാത്ത ആളുകളെ.'സ്വർഗത്തിൽ എനിക്കാരുള്ളു?ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല'എന്ന സമ്പൂർണസമർപ്പണത്തിലേക്കു വന്ന വ്യക്തികളെ.

'സമ്പൂർണമായി സമർപ്പിച്ച നൂറുപേരെ എനിക്കു തരിക, ഞാൻ ഈ ഇംഗ്ളണ്ടിനെ കീഴ്മേൽ മറിച്ചു കാണിച്ചു തരാം.'എന്നു പറഞ്ഞ ഒരു ദൈവഭൃത്യനെക്കുറിച്ചു കേട്ടിട്ടുണ്ട്.

'ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ'-പൂർണമനസ്കരായ ക്രിസ്തു ശിഷ്യർക്ക് ഒന്നാം നൂറ്റാണ്ടിൽ തന്നെ ഈ വിളിപ്പേരു വീണുകഴിഞ്ഞിരുന്നു! പൗലൊസും ശീലാസും തെസ്സലോനിക്യയിൽ വന്നു പ്രസംഗിച്ചപ്പോൾ നാട്ടുകാർ അവരെക്കുറിച്ചു പറഞ്ഞതിങ്ങനെ:'ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ ഇതാ ഇവിടെയും വന്നിരിക്കുന്നു.'(പ്രവൃത്തി.17:6ന്യൂ കിങ് ജെയിംസ് തർജമ).

'ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ' എന്ന പ്രയോഗം കൊണ്ട് എന്തായിരിക്കാം തെസ്സലോനിക്യയിലുള്ളവർ ഉദ്ദേശിച്ചത്?ഈ ലോകത്തിന് അതിന്റേതായ മൂല്യബോധവും മുൻഗണനകളും ജീവിതക്രമവുമുണ്ട്.ഇതിനു നേരെ എതിരായ ജീവിതക്രമവും മൂല്യബോധവുമാണ് ഈ ക്രിസ്ത്യാനികൾ പുലർത്തുന്നത്. അതുകൊണ്ടു തന്നെ അവർ ഈ ലോകത്തെ കീഴ്മേൽ മറിക്കുന്നവരാണ്. ഇവർ അപകടകാരികളാണ്-ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ പെരുമാറ്റവും ജീവിതത്തോടുള്ള കാഴ്ചപ്പാടുമായിരിക്കണം അവരെക്കുറിച്ച് ഇങ്ങനെയൊരു അഭിപ്രായം രൂപീകരിക്കാൻ തെസ്സലോനിക്യരെ പ്രേരിപ്പിച്ചത്. (എന്നാൽ ഇന്നോ? ഇന്നത്തെ ക്രിസ്ത്യാനികളെ നോക്കി ലോകം ഇങ്ങനെയൊരു അഭിപ്രായം പറയുമോ?)

'ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ' വാസ്തവത്തിൽ എന്താണു ചെയ്തത്? യഥാർത്ഥത്തിൽ അവരായിരിക്കും ലോകത്തെ ദൈവത്തിന്റെ കാഴ്ചപ്പാടിൽ കണ്ടവർ.ദൈവത്തിൽ നിന്ന് അന്യപ്പെട്ടു പോയ മനുഷ്യന്റെ മൂല്യബോധം തലതിരിഞ്ഞു പോയി. ഈ തലതിരിഞ്ഞ മൂല്യബോധമായിത്തീർന്നു ക്രമേണ ഈ ലോകത്തിന്റെ നാട്ടുനടപ്പ്. അപ്പോൾ ദൈവത്തിന്റെ കാഴ്ചപ്പാടിൽ തലകുത്തി നടക്കുന്ന അവസ്ഥയിലാണീ ലോകം. അതുകൊണ്ടുതന്നെ ദൈവിക മൂല്യങ്ങൾക്കനുസരിച്ചു നേരെ നടന്ന ക്രിസ്തുശിഷ്യർ ലോകത്തിന്റെ ദൃഷ്ടിയിൽ തല കുത്തി നടക്കുന്നവരും തങ്ങളെയും തലകുത്തി നടക്കാൻ പ്രേരിപ്പിക്കുന്നവരുമായി മാറി!

പരസ്യയോഗത്തിനു കവലയിലെത്തിയ സുവിശേഷകൻ ആളുകളുടെ ശ്രദ്ധ ആകർഷിക്കാൻ ആദ്യം ശീർഷാസനത്തിൽ വഴിയോരത്ത് ഒരേ നിൽപ്. അതുകണ്ട് ഏറെപ്പേർ ചുറ്റും കൂടിയപ്പോൾ ചാടിയെഴുന്നേറ്റ് 'ഈ ലോകം ഇന്നു തലകുത്തി നിൽക്കുകയാണെന്നും തലകുത്തി നിൽക്കുന്ന ലോകത്തെ നേരെ കാണാനാണു താൻ ശീർഷാസനത്തിൽ നിന്നതെ'ന്നും ആമുഖമായി പ്രസ്താവിച്ചുകൊണ്ടു സുവിശേഷകൻ തന്റെ പ്രസംഗം ആരംഭിച്ചു. അതു ശരിയാണ്. ഈ യുക്തി ഇവിടെ പ്രയോഗിച്ചാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ ഈ ലോകമാണു കീഴ്മേൽ മറിഞ്ഞിരിക്കുന്നത്. ഈ കീഴ്മേൽ മറിഞ്ഞ ലോകത്തെ വീണ്ടും കീഴ്മേൽ മറിക്കുന്നവർ വാസ്തവത്തിൽ ലോകത്തെ നേരെ നടക്കാൻ പ്രേരിപ്പിക്കുന്നവരല്ലേ?

ലോകത്തെ നേരെ നടക്കാൻ പ്രേരിപ്പിച്ച ക്രിസ്തുശിഷ്യർ അവരുടെ കാഴ്ചപ്പാടിനു കടപ്പെട്ടിരുന്നത് മറ്റാരോടുമല്ല, യേശുവിനോടാണ്.ലോകത്തിന്റെ മൂല്യബോധത്തിനും നാട്ടുനടപ്പിനും നേരെ എതിരായ മൂല്യബോധമാണ് യേശു നൽകിയത്. അല്ലെങ്കിൽ നോക്കുക: 'കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് നിന്നെ വലത്തെ ചെകിടത്ത് അടിക്കുന്നവന് മറ്റേതും കാണിക്ക. നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന് നിന്റെ പുതപ്പും വിട്ടുകൊടുക്കുക. ഒരുത്തൻ നിന്നെ ഒരു നാഴിക വഴിപോകുവാൻ നിർബന്ധിച്ചാൽ രണ്ടു നാഴിക അവനോടുകൂടെ പോകുക'. ലോകത്തിന്റെ അംഗീകരിക്കപ്പെട്ട പ്രമാണങ്ങൾക്കു നേരെ എതിരല്ലേ ഇത്?

യേശു മറ്റൊരിക്കൽ പറഞ്ഞു: 'അനീതിയുള്ള മാമ്മോനെക്കൊണ്ട് (പണം) സ്നേഹിതരെ ഉണ്ടാക്കിക്കൊൾവീൻ'. സ്നേഹിതരെയും ബന്ധങ്ങളെയും ഉപയോഗിച്ച് പണവും നേട്ടവും ഉണ്ടാക്കുകയാണ് ഇന്നു ലോകത്തിന്റെ രീതി. ഇന്നത്തെ ലോകം ആളുകളെ സ്നേഹിക്കുന്നില്ല, പകരം വസ്തുക്കളെ സ്നേഹിക്കുന്നു. ആളുകളെ അവർ തങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയും തങ്ങളുടെ നേട്ടങ്ങൾക്കായി അവരെ മുതലെടുക്കുകയും ചെയ്യുന്നു. യേശുവാകട്ടെ നേരെ മറിച്ചായിരുന്നു. യേശുവിന് ആളുകൾ സ്നേഹിക്കാനുള്ളവരും വസ്തുക്കൾ ഉപയോഗിക്കാനുള്ളതുമായിരുന്നു.

ലോകത്തിന്റെ മറ്റൊരു രീതി, തങ്ങളെത്തന്നെ ന്യായീകരിക്കുക, തങ്ങളാണു ശരിയെന്നു തെളിയിക്കുക എന്നിവയാണ്. എന്നാൽ പീലാത്തോസിന്റെ മുൻപിൽ യേശുവിനെക്കുറിച്ച് മറ്റുള്ളവർ ഒട്ടേറെ ആരോപണങ്ങൾ നിരത്തിയിട്ടും യേശു ഒരാരോപണത്തിനുപോലും മറുപടി പറയുകയാകട്ടെ, തന്റെ ഭാഗം നീതീകരിക്കുകയാകട്ടെ ചെയ്തില്ല. ഈ മൗനം പീലാത്തോസിനെ പോലും ആശ്ചര്യപ്പെടുത്തി. 'ഇവർ നിന്നെക്കുറിച്ച് എന്തെല്ലാം പറയുന്നു. നീ ഒന്നിനും ഉത്തരം പറയുന്നില്ലയോ?' എന്നാണു പീലാത്തോസ് അത്ഭുതം കൂറിയത്! തന്നെത്തന്നെ ന്യായീകരിക്കുന്ന ലോകത്തിന്റെ രീതികളിൽ നിന്ന് യേശു മനഃപൂർവം അകലം പാലിച്ചു.

ആളുകളുടെ മുൻപിൽ താനാണു ശരിയെന്നു സമർത്ഥിക്കാനും യേശു തയ്യാറായില്ല. യേശു ക്രൂശിൽ കിടന്നപ്പോൾ താഴെ നിന്നു പുരോഹിതന്മാരും മൂപ്പന്മാരും ശാസ്ത്രിമാരും പറഞ്ഞത് ഇങ്ങനെ : 'ഇവൻ ഇപ്പോൾ ക്രൂശിൽ നിന്ന് ഇറങ്ങിവന്ന് ഇവനിൽ ദൈവത്തിന് പ്രസാദമുണ്ടെന്നു തെളിയിക്കട്ടെ. എന്നാൽ ഞങ്ങളും ഇവനിൽ വിശ്വസിക്കാം'. യേശുവിന് അപ്പോൾ ക്രൂശിൽ നിന്ന് ഇറങ്ങിവരുവാൻ കഴിയില്ലായിരുന്നോ?എളുപ്പത്തിൽ കഴിയുമായിരുന്നു. കാരണം ഇതിനേക്കാൾ വലിയ അത്ഭുതങ്ങൾ അവൻ ചെയ്തിട്ടുണ്ടല്ലോ. എന്നാൽ ഈ സമയത്ത് അവർ ആവശ്യപ്പെട്ടതുപോലെ ചെയ്ത് തന്നെത്തന്നെ തെളിയിക്കാനുള്ള പ്രലോഭനത്തെ യേശു ചെറുത്തു നിന്നു.

അല്ലെങ്കിൽ പുനരുത്ഥാനം ചെയ്തശേഷം യേശു തന്റെ ശിഷ്യന്മാർക്കു പല സമയത്തും, അഞ്ഞൂറിൽപരം ആളുകൾക്ക് ഒരുമിച്ചും, പ്രത്യക്ഷനായതായി നാം വായിക്കുന്നു (1 കൊരിന്ത്യർ 15:6). എന്നാൽ, തന്നെ ക്രൂശിച്ച പീലാത്തോസിനോ മഹാപുരോഹിതന്മാർക്കോ മുൻപിൽ പ്രത്യ

*(ശേഷം പേജ് 10 ൽ)*



സന്ദേശം

# വ്യക്തികളിലൂടെ പ്രവർത്തിക്കുന്ന ദൈവം

**സാക് പുന്നൻ**

“**ഞാ**ൻ ദേശത്തെ നശിപ്പിക്കാതെ വണ്ണം അതിനു മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നില്ക്കേണ്ടതിന് ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു; ആരെയും കണ്ടില്ലതാനും.” (യെഹസ്കേൽ 22:30)

ഈ ലോകത്തിൽ ദൈവം നിറവേറ്റുവാനാഗ്രഹിക്കുന്ന പല കാര്യങ്ങളുണ്ട്; എല്ലാം തുല്യ പ്രാധാന്യങ്ങളല്ലതാനും.അപ്രധാന കാര്യങ്ങൾക്ക് ഏതൊരാളെയും ദൈവത്തിനുപയോഗിക്കാം. എന്നാൽ യഥാർത്ഥത്തിൽ പ്രാധാന്യമുള്ള കാര്യങ്ങൾക്ക് ഏതെങ്കിലുമൊരാൾ പോരാ. അപ്രകാരം ജീവൽ പ്രധാനങ്ങളായ കാര്യങ്ങൾക്ക്, അനേകം പരീക്ഷകളിലും ശോധനകളിലും കൂടി കടന്നു കൊള്ളാവുന്നവനായിത്തെളിഞ്ഞ ഒരു വ്യക്തിയെയാണ് ദൈവത്തിന്

*തീ കൊളുത്തുവാൻ നാം ഉപയോഗിക്കുന്ന തീപ്പെട്ടിക്കോൽ ആവശ്യം കഴിഞ്ഞ് നാം ദൂരത്തെറിയുന്നു. ആ വിധത്തിൽ മാത്രം ദൈവത്താൽ ഉപയോഗിക്കപ്പെടുവാനായിരിക്കരുത് നമ്മുടെ ആഗ്രഹം.*



**ഒരാൾ തന്റെ വേലയിൽ വിവിധതരം പാത്രങ്ങൾ ഉപയോഗിച്ചെന്നുവരാം. എന്നാൽ അയാൾ മൺപാത്രങ്ങളെയും മരച്ചട്ടികളെയും പൊൻ വെള്ളിപ്പാത്രങ്ങളെയെന്നപോലെ വിലമതിക്കുന്നില്ല.അതുപോലെ തന്നെ വീണ്ടും ജനനം പ്രാപിച്ച എല്ലാവരും ഒരുപോലെതന്നെ ദൈവമക്കളാണെങ്കിലും എല്ലാ ദൈവമക്കളും ദൈവവേലയിൽ തുല്യ പ്രയോജനമുള്ളവരായിരിക്കുന്നില്ല.ദൈവത്തിനു മുഖപക്ഷമില്ല; എങ്കിലും എല്ലാ പാത്രങ്ങളും വിശുദ്ധീകരണം പ്രാപിച്ച് ഉപയോഗയോഗ്യമായ പാത്രങ്ങളായിത്തീരുന്നില്ല.**

ആവശ്യം.അത്തരമൊരു വ്യക്തി ഉടൻ തന്നെ ലഭ്യനല്ലെങ്കിൽ, ലഭ്യനാകുന്നതുവരെയും ദൈവം കാത്തിരിക്കും. മനുഷ്യൻ ചെയ്യുന്നതുപോലെ ഉള്ളതിൽ വച്ച് ഏറ്റവും നല്ല വ്യക്തിയെ ഉപയോഗിച്ച് ദൈവം തന്റെ വേല നിറവേറ്റുകയില്ല.

തീ കൊളുത്തുവാൻ നാം ഒരു തീപ്പെട്ടിക്കോൽ ഉപയോഗിക്കുന്നു. അതു കഴിഞ്ഞാൽ ആ കൊള്ളികൊണ്ട് നമുക്കു പിന്നെ ഉപയോഗമില്ലാത്തിനാൽ നാം അതു ദൂരത്തെറിയുന്നു. ആ വിധത്തിൽ മാത്രം ദൈവം ഉപയോഗിക്കുന്ന ചില വ്യക്തികളുണ്ട്.അവരെ അവിടുന്ന് ഉപയോഗിച്ചശേഷം അവർ തനിക്കു വിലയേറിയവരല്ലായ്കയാൽ ഉപേക്ഷിച്ചുകളയുന്നു.ആ വിധത്തിൽ ദൈവത്താൽ ഉപയോഗിക്കപ്പെടുവാൻ മാത്രമായിരിക്കരുത് നമ്മുടെ ആഗ്രഹം.ദൈവത്തിനു വിലയേറിയവരാകുവാൻ നാം ആഗ്രഹിക്കണം.

"ഒരു വലിയ വീട്ടിൽ സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള സാധനങ്ങൾ മാത്രമല്ല, മരവും കളിമണ്ണും കൊണ്ടുള്ളവയും ഉണ്ടായിരിക്കും;ചിലതു മാന്യകാര്യങ്ങൾക്കും ചിലതു ഹീനകാര്യങ്ങൾക്കും ഉള്ളവയാണ്.അതിനാൽ ഒരുവൻ ഹീനകാര്യങ്ങൾ വിട്ട് സ്വയം നിർമ്മലീകരിക്കുന്നുവെങ്കിൽ അവൻ വിശുദ്ധവും ഉടമസ്ഥനു പ്രയോജനകരവും എല്ലാ സൽപ്രവൃത്തിക്കും ഒരുക്കപ്പെട്ടതുമായ ഒരു മാനപാത്രമായിത്തീരും"(2 തിമോ. 2:20,21 NIBV)

ഒരാൾ തന്റെ വേലയിൽ വിവിധതരം പാത്രങ്ങൾ ഉപയോഗിച്ചെന്നുവരാം.എന്നാൽ അയാൾ മൺപാത്രങ്ങളെയും മരച്ചട്ടികളെയും പൊൻ വെള്ളിപ്പാത്രങ്ങളെയെന്നപോലെ വിലമതിക്കുന്നില്ല.അതുപോലെ തന്നെ വീണ്ടും ജനനം പ്രാപിച്ച എല്ലാവരും ഒരുപോലെ തന്നെ ദൈവമക്കളാണെങ്കിലും എല്ലാ ദൈവമക്കളും ദൈവവേലയിൽ തുല്യ പ്രയോജനമുള്ളവരായിരിക്കുന്നില്ല.ദൈവത്തിനു മുഖപക്ഷമില്ല; എങ്കിലും എല്ലാ പാത്രങ്ങളും വിശുദ്ധീകരണം പ്രാപിച്ച് ഉപയോഗയോഗ്യമായ പാത്രങ്ങളായിത്തീരുന്നില്ല.വളരെ കുറച്ചുപേർ മാത്രമേ പൂർണ്ണഹൃദയത്തോടെ ദൈവഹിതവും ദൈവമഹത്വവും അന്വേഷിക്കുന്നുള്ളു.അതിനാൽ അവരെ മാത്രമേ ദൈവം വിലമതിക്കുന്നുള്ളു.

ഈ കാരണത്താലാണ് ദൈവത്തിനു പ്രയോജനമുള്ള പാത്രങ്ങളായി നാം തീരണമെങ്കിൽ ജഡത്തിലെയും ആത്മാവിലെയും എല്ലാ കല്മഷങ്ങളും (അഥവാ ക്രിസ്തുവിന് അനുരൂപമല്ലാത്ത സകലവും) നീക്കി നാം നമ്മെത്തന്നെ വെടിപ്പാക്കേണ്ടിയിരിക്കുന്നത് (2 കൊരി. 7:1)

ഒരു വ്യക്തി ഒരു വിലയേറിയ പാത്രമായിത്തീർന്നു കഴിഞ്ഞാൽ ദൈവം തന്റെ വേലയിൽ അയാളെ അധികമധികം ആശ്രയിക്കുവാൻ ഇടയാകും.അപ്രകാര





മൊരു വ്യക്തി ദൈവത്തിന് കൊള്ളരുതാത്തവനായിത്തീർന്നാൽ,തനിക്കുപയോഗിക്കാവുന്ന മറ്റൊരാളെ ദൈവം കണ്ടെത്തുന്നതുവരെ ദൈവവേല താത്കാലികമായി തടസ്സപ്പെടുകയും ചെയ്യും.

ലോകചരിത്രത്തിലും യിസ്രായേലിന്റെയും ക്രിസ്തുസഭയുടെയും ചരിത്രത്തിലും ഒരു പ്രത്യേക സാഹചര്യത്തിൽ പലപ്പോഴും തന്റെ ലക്ഷ്യങ്ങൾ സാധിക്കുന്നതിലേക്ക് ദൈവം ഒറ്റയൊരു മനുഷ്യനെ ആശ്രയിച്ചിട്ടുള്ളതിന്റെ അനേകം ദൃഷ്ടാന്തങ്ങൾ നമുക്കു കാണുവാൻ കഴിയും.

**നോഹ:**

നോഹയുടെ കാലത്ത് ലോകം മുഴുവൻ ദുഷ്ടതകൊണ്ടും ദൈവത്തിനെതിരായ മത്സരംകൊണ്ടും നിറഞ്ഞപ്പോൾ ഭൂമിയിൽ ദൈവത്തെ ഭയപ്പെടുന്ന എട്ടു പേർ ഉണ്ടായിരുന്നു;എങ്കിലും ദൈവിക ലക്ഷ്യങ്ങളുടെ നിർവ്വഹണം നോഹയെന്ന ഒരൊറ്റ മനുഷ്യന്റെ വിശ്വസ്തതയെയാണ് പൂർണ്ണമായും ആശ്രയിച്ചിരുന്നത്.

ആ കാലത്ത് ദൈവത്തിന്റെ മുമ്പിൽ കൃപ ലഭിച്ച ഒരൊറ്റ മനുഷ്യൻ നോഹയായിരുന്നു (ഉൽപത്തി 6:8).ആ ഒരു വ്യക്തി ദൈവത്തോട് അവിശ്വസ്തനായിത്തീർന്നിരുന്നെങ്കിൽ മനുഷ്യവർഗമൊന്നാകെ ഭൂമുഖത്തുനിന്നു തുടച്ചുനീക്കപ്പെടുമായിരുന്നു;നാമാരും ഇന്നു ഭൂമിയിൽ ശേഷിക്കയില്ലായിരുന്നു.നോഹ വിശ്വസ്തനായി നിലനിന്നതിനു നമുക്കു തീർച്ചയായും ദൈവത്തെ സ്തുതിക്കാം.

ലോകാവസാന ദിവസങ്ങൾ നോഹയുടെ കാലം പോലെ ആയിരിക്കുമെന്ന് യേശു പറഞ്ഞിട്ടുണ്ട്. നോഹയുടെ കാലത്തെ ലൈംഗിക വൈകൃതങ്ങളും അക്രമവാസനയും അവസാന നാളുകളിലും കാണപ്പെടും.നാം ജീവിക്കുന്ന ഈ കാലം അപ്രകാരമുള്ള ഒന്നാണ്.അതിനാൽ ഒരിക്കലും ഒത്തുതീർപ്പിനു വഴങ്ങാതെ നോഹയെപ്പോലെ ഉറച്ചുനിൽക്കുന്ന ആളുകളെയാണ് ഇന്നു ദൈവത്തിനാവശ്യമുള്ളത്.

**മോശ:**

യിസ്രായേൽ ജനങ്ങൾ ഈജിപ്റ്റിലായിരുന്ന കാലത്ത് തന്റെ പ്രതിനിധിയായിരിക്കുവാൻ യോഗ്യനായ ഒരു വ്യക്തിയെ കണ്ടെത്തുന്നതുവരെയും ദൈവത്തിന് അവരെ അടിമത്തത്തിൽ നിന്നു സ്വതന്ത്രരാക്കുവാൻ സാധിച്ചില്ല.അത്തരമൊരു മനുഷ്യൻ ഒരുക്കപ്പെടുന്നതുവരെയും കാത്തിരിക്കുവാൻ ദൈവം സന്നദ്ധനായിരുന്നു.

യിസ്രായേൽജനം 400 വർഷം ഈജിപ്റ്റിൽക്കഴിയണമെന്നു ദൈവം നിർണ്ണയിച്ചിരുന്നു (ഉൽപത്തി 15:13). എന്നാൽ അന്തിമമായി 430 വർഷക്കാലം അവർ അവിടെപ്പാർത്തു (പുറ: 12:40). ദൈവത്തിന്റെ പരിപൂർണ്ണ പദ്ധതിയെ അതിലംഘിച്ച് വീണ്ടും 30 വർഷം അവർ അവിടെപ്പാർക്കേണ്ടിവന്നത് എന്തുകൊണ്ടായിരുന്നു?

ദൈവത്തിനു തെറ്റുപറ്റിയതുകൊണ്ടല്ല ഇപ്രകാരം സംഭവിച്ചത്,തീർച്ച തന്നെ. ദൈവത്തിന് ഒരിക്കലും തെറ്റുപറ്റുന്നില്ല.എന്നാൽ അവരുടെ നേതാവാകേണ്ടിയിരുന്ന വ്യക്തി കർമ്മസന്നദ്ധനായിത്തീർന്നിരുന്നില്ല.മോശ മരുഭൂമിയിലേക്കു പലായനം ചെയ്തശേഷം പത്തു വർഷത്തിനകം അദ്ദേഹം കർമ്മസന്നദ്ധനാകണമെന്ന് ദൈവം ഒരുപക്ഷേ തീരുമാനിച്ചിരുന്നു.എന്നാൽ അവിടെ ദൈവത്തിന്റെ കൈക്കീഴിൽ തന്റെ ആത്മീയ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ മോശയ്ക്ക് നാല്പതു വർഷം വേണ്ടിവന്നു.തന്മൂലം യിസ്രായേൽ ജനത്തിനു 30 വർഷം കൂടെ അടിമത്തത്തിൽക്കഴിയേണ്ടിവന്നു.

ഒരിക്കൽ മോശ യിസ്രായേൽ ജനങ്ങളിൽ നിന്നും 40 ദിവസത്തേക്ക് അകലെയായിരുന്നപ്പോൾ ആകെയുണ്ടായിരുന്ന 20 ലക്ഷം ജനങ്ങളും തെറ്റിപ്പോകുവാൻ ഇടയായി (പുറപ്പാട് 32).ദൈവ

**യിസ്രായേൽ ജനം 400 വർഷം ഈജിപ്റ്റിൽക്കഴിയണമെന്നു ദൈവം നിർണ്ണയിച്ചിരുന്നു. എന്നാൽ അന്തിമമായി 430 വർഷക്കാലം അവർ അവിടെപ്പാർത്തു. ദൈവത്തിന്റെ പരിപൂർണ്ണ പദ്ധതിയെ അതിലംഘിച്ച് വീണ്ടും 30 വർഷം അവർ അവിടെപ്പാർക്കേണ്ടിവന്നത് എന്തുകൊണ്ടായിരുന്നു? ദൈവത്തിനു തെറ്റുപറ്റിയതുകൊണ്ടല്ല ഇപ്രകാരം സംഭവിച്ചത്,തീർച്ച തന്നെ.ദൈവത്തിന് ഒരിക്കലും തെറ്റുപറ്റുന്നില്ല.എന്നാൽ അവരുടെ നേതാവാകേണ്ടിയിരുന്ന വ്യക്തി കർമ്മസന്നദ്ധനായി ത്തീർന്നിരുന്നില്ല.**

ത്തിന്റെ മനുഷ്യൻ ഒരിക്കൽ രംഗത്തുനിന്ന് അകന്നിരുന്നപ്പോൾ ഒരു ജനതയൊന്നാകെ ദൈവത്തെ വിട്ടു വിഗ്രഹാരാധനയിലേക്കു തിരിയുവാൻ ഏതാനും ദിനങ്ങളേ വേണ്ടിവന്നുള്ളു. തങ്ങളുടെ കൺമുമ്പിൽത്തന്നെ മഹാത്ഭുതങ്ങൾ സംഭവിക്കുന്നതു കണ്ടവരായിരുന്നു ഈ ജന സമൂഹം. എങ്കിലും വിഗ്രഹാരാധനയിൽ നിന്ന് അവരെ തടയുവാൻ അവയുടെ ഓർമ്മ പര്യാപ്തമായില്ല.ഒരു ദൈവപുരുഷന്റെ കർശനമായ നേതൃത്വത്തിനു മാത്രമേ അതു ചെയ്യുവാൻ കഴിഞ്ഞുള്ളു.

മോശ അകലെ പർവതത്തിലായിരുന്നപ്പോൾ അഹരോനായിരുന്നു അവരുടെ നേതാവ്. അഹരോൻ ദൈവത്തെ ഭയപ്പെടുന്ന ഒരു നല്ല മനുഷ്യനായിരുന്നെങ്കിലും ജനങ്ങളെ ദൈവികാനുസരണത്തിൽ നിറുത്തുവാൻ അദ്ദേഹത്തിനു കഴിവുണ്ടായില്ല. വ്യക്തമായും ജനക്കൂട്ടത്തെ പ്രീണിപ്പിക്കുന്ന ഒരുവനായിരുന്നു അദ്ദേഹം. തന്മൂലം ജനങ്ങൾ അദ്ദേഹത്തെക്കൊണ്ടു മുതലെടുക്കുകയും ചെയ്തു.

ഇന്നും അഹരോനെപ്പോലെ ദൈവത്തെ സേവിക്കുന്നവരാണ് തങ്ങളെന്നു സങ്കൽപിക്കുന്ന ധാരാളം ക്രിസ്തീയ നേതാക്കന്മാരുണ്ട്. അവർ നല്ലവരും സത്യസന്ധരും ദൈവഭക്തിയിൽ ജീവിക്കുന്നവരുമാണ്. എങ്കിലും അവർ അനായാസമായിത്തന്നെ ജനങ്ങളുടെ ഇഷ്ടത്തിനു വഴങ്ങുന്നവരാകയാൽ തന്റെ സഭയെ വിശുദ്ധിയിൽ സൂക്ഷിക്കുന്നതിന് അവരെ ഉപയോഗിക്കുവാൻ ദൈവത്തിനു സാധ്യമല്ല.സാത്താന്നെതിരെയുള്ള പോരാട്ടത്തിൽ സഭയെ നയിക്കുവാൻ മോശയെപ്പോലെയുള്ള ആളുകൾക്കായി ഇന്നും ദൈവം നോക്കിക്കൊണ്ടിരിക്കുകയാണ്.

### യോശുവ

ദൈവം ഉയർത്തുകയും കൂടെയിരുന്നു ബലപ്പെടുത്തുകയും ചെയ്ത മറ്റൊരു മനുഷ്യനാണ് യോശുവ. യിസ്രായേൽ കനാൻദേശത്തിന്റെ അതിരിലെത്തിയപ്പോൾ യഹോവ യോശുവയോടു അരുളിച്ചെയ്തു: 'ഞാൻ മോശയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കുമെന്ന് യിസ്രായേലെല്ലാം അറിയേണ്ടതിന് ഞാൻ ഇന്ന് അവർ കാൺകെ നിന്നെ വലിയവനാക്കുവാൻ തുടങ്ങും' (യോശുവാ 3:7).

മരുപ്രയാണത്തിന്റെ നാല്പതു വർഷങ്ങളിൽ ദൈവം യോശുവയ്ക്ക് പരിശീലനം നൽകിയിരുന്നു.എന്നാലിപ്പോൾ അവിടുന്ന് അദ്ദേഹത്തെ നേതൃപദവിയിലേക്ക് ഉയർത്തുകയും താൻ മോശയോടുകൂടെ നിന്നതുപോലെ അദ്ദേഹത്തോടു കൂടെ നിൽക്കുകയും ചെയ്തു. യോശുവയെ പിന്താങ്ങുവാൻ വേണ്ടി ഒരിക്കൽ ദൈവം ഭൂമിയെ അതിന്റെ അച്ചുതണ്ടിന്മേൽ തിരിയാതെ കുറെ മണിക്കൂർ നിശ്ചലമാക്കി നിറുത്തുകകൂടെ ചെയ്തു. 'യഹോവ ഒരു മനുഷ്യന്റെ വാക്കു കേട്ടനുസരിച്ച ആ ദിവസംപോലെ ഒരു ദിവസം അതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ല' എന്നു ബൈബിൾ പറയുന്നു





**യോശുവയെ പിന്താങ്ങുവാൻ വേണ്ടി ഒരിക്കൽ ദൈവം ഭൂമിയെ അതിന്റെ അച്ചുതണ്ടിന്മേൽ തിരിയാതെ കുറെ മണിക്കൂർ നിശ്ചലമാക്കി നിറുത്തി. 'യഹോവ ഒരു മനുഷ്യന്റെ വാക്കു കേട്ടനുസരിച്ച ആ ദിവസംപോലെ ഒരു ദിവസം അതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ല' എന്നു ബൈബിൾ പറയുന്നു. ദൈവം ഒരിക്കൽ ഒരു മനുഷ്യനെ തന്റെ പ്രതിനിധിയായിത്തിരഞ്ഞെടുത്തു കഴിഞ്ഞാൽ താൻ അവനോടുകൂടെയുണ്ടെന്നു മറ്റുള്ളവർക്ക് തെളിയിച്ചു കൊടുപ്പാൻ എത്ര മഹാകാര്യങ്ങൾ ചെയ്യുന്നുവെന്നത് അത്ഭുതകരം തന്നെ!**

(യോശു: 10:14).

ദൈവം ഒരിക്കൽ ഒരു മനുഷ്യനെ തന്റെ പ്രതിനിധിയായിത്തിരഞ്ഞെടുത്തു കഴിഞ്ഞാൽ താൻ അവനോടുകൂടെയുണ്ടെന്നു മറ്റുള്ളവർക്ക് തെളിയിച്ചു കൊടുപ്പാൻ എത്ര മഹാകാര്യങ്ങൾ ചെയ്യുന്നുവെന്നത് അത്ഭുതകരം തന്നെ!

'യോശുവയുടെ കാലത്തൊക്കെയും, യോശുവാ കഴിഞ്ഞിട്ട് ഏറിയനാൾ ജീവിച്ചിരുന്നവരായി യഹോവ യിസ്രായേലിനു വേണ്ടിച്ചെയ്ത മഹാപ്രവൃത്തികളൊക്കെയും കണ്ടിട്ടുള്ള മൂപ്പന്മാരുടെ കാലത്തൊക്കെയും, ജനം യഹോവയെ സേവിച്ചു' എന്നു നാം വായിക്കുന്നു (ന്യായാധി. 2:7).

യോശുവയുടെ ജീവിതകാലത്തും യോശുവയുടെ സഹപ്രവർത്തകരായ മൂപ്പന്മാരുടെ കാലത്തും യിസ്രായേൽ ജനത വിഗ്രഹങ്ങളെ സേവിക്കാതിരിക്കുമാറ് യോശുവയ്ക്ക് അവരുടെ മേലുണ്ടായിരുന്ന സ്വാധീനശക്തി അത്ര ബലവത്തായിരുന്നു.എന്നാൽ യോശുവാ മരിച്ചു കഴിഞ്ഞതോടെ യിസ്രായേൽ ദയനീയമായ പിന്മാറ്റത്തിൽ വീണുപോയി.

ഒരൊറ്റ ദൈവപുരുഷന്റെ സ്വാധീനശക്തി ഈ വിധത്തിലത്രേ.

### ഏലിയാവ്

യിസ്രായേലിന്റെ ചരിത്രത്തിലെ മറ്റൊരു കാലഘട്ടം ഓർക്കുക:ആഹാബ് രാജാവ് സർവജനത്തെയും ബാലിന്റെ ആരാധകരാക്കിത്തീർത്ത കാലഘട്ടമായിരുന്നു അത്.അക്കാലത്തു ബാലിനെ ആരാധിക്കുകയില്ലെന്നു തീരുമാനമെടുത്ത 7000 ആളുകൾ ഉണ്ടായിരുന്നു (1 രാജ. 19:18). തീർച്ചയായും ധീരവും പ്രശംസാവഹവുമായ ഒരു നിലപാടായിരുന്നു അത്.എങ്കിലും അത് ഒരു നിഷേധാത്മക സാക്ഷ്യം മാത്രമായിരുന്നു.അവർ വിഗ്രഹങ്ങളെ ആരാധിച്ചില്ല.തങ്ങൾ പുകവലിക്കുകയില്ല,ചൂതാടുകയില്ല എന്നെല്ലാം പലരും ഇക്കാലത്തു ചെയ്യാറുള്ള തീരുമാനങ്ങളും ഇതുപോലെ നിഷേധാത്മകമാണ്.

എന്നാൽ അക്കാലത്ത് യിസ്രായേലിൽ തന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടി ആ ഏഴായിരം പേരിൽ ഒരാളെ പ്പോലും ഉപയോഗിക്കുവാൻ ദൈവത്തിനു കഴിഞ്ഞില്ല.അതിലേക്കു ദൈവത്തിന് ഒരു ഏലിയാവിനെ ആവശ്യമായിരുന്നു.ഏഴായിരം 'വിശ്വാസികളെ'യും ആഹാബ് രാജാവ് ഭയപ്പെട്ടിരുന്നില്ല.എങ്കിലും ഏലിയാവിനെ അയാൾ ഭയപ്പെട്ടു.ആ ഏഴായിരം പേരും ദൈവത്തോടു പ്രാർത്ഥിച്ചിരുന്നു. എങ്കിലും ആകാശത്തുനിന്നു തീയ് ഇറക്കുവാൻ അവരുടെ പ്രാർത്ഥനയ്ക്ക് കഴിവുണ്ടായില്ല.ഏലിയാവിന്റെ പ്രാർത്ഥനയാണ് അക്കാര്യം സാധിച്ചത്.

ദൈവസന്നിധിയിൽ എല്ലാ വിശ്വാസികളുടെയും പ്രാർത്ഥന ഫലത്തിൽ ഒരുപോലെയല്ല.'നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു

# എഡിറ്റോറിയൽ തുടർച്ച......

ക്ഷപ്പെട്ടു താൻ ജീവിച്ചിരിക്കുന്നു എന്നു കാണിച്ചുകൊടുക്കാൻ യേശു തയ്യാറാകാഞ്ഞത് എന്തുകൊണ്ടാവണം? അങ്ങനെ ചെയ്ത് മധുരതരമായ ഒരു പകരം വീട്ടലിന്റെ സുഖം നുണയുന്നത് ഈ ലോകത്തിന്റെ രീതിയാണ്.എന്നാൽ 'എന്റെ രാജ്യം ഐഹികമല്ല' എന്നായിരുന്നല്ലോ അവിടുത്തെ നിലപാട്.

നോക്കുക: പണത്തോട്, വസ്തുക്കളോട്, ആളുകളോട് എല്ലാം ഈ ലോകത്തിന്റേതിൽ നിന്നു വ്യത്യസ്തമായ നിലപാടായിരുന്നു യേശുവിന്റേത്. അതുകൊണ്ടുതന്നെ യഥാർത്ഥ ക്രിസ്തുശിഷ്യന്റെ മനോഭാവവും, ഒന്നാം നൂറ്റാണ്ടിലെ പൗലൊസിന്റെയും ശീലാസിന്റെയും പോലെ, ലോകത്തിന്റെ നിലവിലുള്ള മൂല്യബോധത്തിനു നേരെ എതിരായിരിക്കും.ഫലം, ഈ ലോകം അവരെ ഇന്നു 'മടയ'രെന്ന് മുദ്രകുത്തും.ഈ 'മടയ'ന്മാർ ഒരാൾക്കൂട്ടമായിരിക്കുകയില്ല, ഒറ്റയൊറ്റ വ്യക്തികളായിരിക്കും.

ലോകവും ഇന്നത്തെ സമൂഹവും 'മിടുക്ക'രെന്നു വിശേഷിപ്പിക്കുന്ന ആളുകളെ ശ്രദ്ധിച്ചിട്ടുണ്ടോ? കൈക്കൂലി വാങ്ങി ചുരുങ്ങിയ കാലംകൊണ്ടു അനധികൃതമായ സമ്പാദ്യം ഉണ്ടാക്കിയ സർക്കാർ ഉദ്യോഗസ്ഥനെ നോക്കി ഇന്നു സമൂഹം പറയുന്നത് 'അവൻ ആളു മിടുക്കനാ' എന്നല്ലേ?ആളുകളെ കബളിപ്പിച്ചു നേട്ടം ഉണ്ടാക്കുന്നവനെ 'കള്ളൻ' എന്നല്ല മറിച്ചു 'സമർത്ഥൻ' എന്നാണു ലോകം ഇന്നു വിളിക്കുന്നത്.

ഈ തലതിരിഞ്ഞ മൂല്യബോധം കൈയാളുന്ന ലോകത്ത് ദൈവവചനത്തിലധിഷ്ഠിതമായ യഥാർത്ഥ മൂല്യങ്ങൾ കൊണ്ടു നടക്കുന്നവർ 'മണ്ടന്മാ'രാകുന്നതിൽ എന്താണദ്ഭുതം? വെറും മണ്ടന്മാരെന്നല്ല 'തിരുമണ്ടന്മാരെ'ന്നാണ് ലോകം അവരെ വിളിക്കുന്നത്.എന്നാൽ ഈ ഭാഷാപ്രയോഗത്തിലെ രസകരമായ ഒരു പ്രത്യേകത ശ്രദ്ധിച്ചിട്ടുണ്ടോ? 'തിരു' എന്ന വിശേഷണം എപ്പോഴും ദിവ്യവും ശ്രേഷ്ഠവുമായ കാര്യങ്ങളോടു ചേർത്താണു മലയാളത്തിൽ ഉപയോഗിക്കാറുള്ളത്. അപ്പോൾ ലോകത്തിന്റെ തലതിരിഞ്ഞ മൂല്യബോധത്തിന് എതിരെ നിൽക്കുന്നതിനാൽ സമൂഹത്തിന്റെ മുൻപിൽ മണ്ടനാകുന്ന ക്രിസ്തുശിഷ്യനെ യഥാർത്ഥത്തിൽ 'തിരു'മണ്ടനെന്നു വിശേഷിപ്പിക്കുമ്പോൾ അതവന് അർഹിക്കുന്ന ഒരംഗീകാരമാണ്. അവിടെ ഒരു 'കാവ്യനീതി' നിറവേറുകയാണ്. അതെ, അവൻ ദിവ്യനായ ഒരു മണ്ടനാണ്. (അവർ ജീവിച്ചിരുന്ന കാലഘട്ടത്തിലെ സമൂഹം, നോഹയെയും ഏലിയാവിനെയുമൊക്കെ ഇങ്ങനെ തന്നെ കരുതിയിരുന്നിരിക്കണം).

അപ്പോൾ പ്രസക്തമായ ചോദ്യം ഇതാണ്: ഇന്നത്തെ 'മിടുക്കന്മാ'രുടെ ലോകത്ത് 'തിരു-മണ്ടന്മാരാ'കാൻ എത്രപേർ തയ്യാറുണ്ട്? അങ്ങനെയുള്ള വ്യക്തികളെയാണു ദൈവത്തിന് ആവശ്യമുള്ളത്.

---

വെന്ന് ഏലിയാവിനോടു ബന്ധപ്പെടുത്തി ബൈബിൾ പറയുന്നു (യാക്കോബ് 5:17,16).

ഒരു മനുഷ്യൻ ഒറ്റയ്ക്ക് നിന്നുകൊണ്ട് മുഴുവൻ ജനതയെയും ദൈവത്തിങ്കലേക്കു മടക്കി വരുത്തുകയും ദുഷ്ടശക്തികളെ പരാജയപ്പെടുത്തുകയും ബാലിന്റെ പ്രവാചകന്മാരെയെല്ലാം കൊന്നൊടുക്കുകയും ചെയ്തു.

ഇന്നും ഒരു ജനക്കൂട്ടത്തിലൂടെയല്ല, ഒരൊറ്റ മനുഷ്യനിലൂടെയാണ് ദൈവം തന്റെ ലക്ഷ്യങ്ങൾ സാധിക്കുന്നത്.

(തുടരും)





**ദൈവം യോജിപ്പിച്ചത്**

## ഡൊറോത്തിയും വില്യംകേരിയും-4

# സെറാമ്പൂരിലെ പ്രവർത്തനങ്ങൾ

**അജയ് ജോർജ്**

**ഇ**ന്ത്യയിലെത്തിയ ആദ്യ കാലഘട്ടത്തിൽ താൻ ഒരു മിഷനറിയാണെന്നു വില്യം കേരി പരസ്യപ്പെടുത്തിയില്ല.കാരണം ഈസ്റ്റിന്ത്യ കമ്പനി മിഷനറി പ്രവർത്തനത്തിനെതിരായിരുന്നു.മിഷനറി എന്ന പേരിൽ കേരിക്ക് ഇന്ത്യയിൽ ജീവിക്കാൻ കഴിയുമായിരുന്നില്ല.ഇന്ത്യ വിട്ടു പോകേണ്ടി വരുമായിരുന്നു.എന്നാൽ അങ്ങനെയൊരു ദുരന്തം സുവിശേഷത്തിനു വരാതെ പരിശുദ്ധാത്മാവ് കേരിയെ സംരക്ഷിച്ചു.എസ്റ്റേറ്റിലെ ജോലി അദ്ദേഹത്തെ ബിസിനസ്സുകാരന്റെ പട്ടികയിൽപ്പെടുത്തി.ജില്ലാ മജിസ്ട്രേറ്റിനെ ബോധ്യപ്പെടുത്താൻ അതു ധാരാളം മതിയായിരുന്നു.പുതിയ മിഷനറിമാരെ അയയ്ക്കുമ്പോൾ അവരേയും ഫാക്ടറിയിലെ ജീവനക്കാരെന്ന നിലയിൽ അയച്ചാൽ മതിയെന്ന് അദ്ദേഹം നിർദ്ദേശിക്കുകപോലുമുണ്ടായി.

എന്നാൽ എല്ലാ നല്ല കാര്യങ്ങൾക്കും ഒരവസാനമുണ്ടാവണമല്ലോ.സാവധാനമെങ്കിലും ഫാക്ടറി അവതാളത്തിലായി.കാലാവസ്ഥ പ്രതികൂലമാകയാൽ വിളവ് കുറഞ്ഞു.തകർത്തുപെയ്ത ഒരു മഴക്കാലത്ത് കൃഷിയിടങ്ങൾ മിക്കതും വെള്ളത്തിനടിയിലായി.ഫാക്ടറി ഉപേക്ഷിച്ച് പോകാൻ തന്നെ ഉടമ തീരുമാനിച്ചു.കേരിയും മറ്റെന്തെങ്കിലും മാർഗ്ഗം കണ്ടുപിടിച്ചേ പറ്റൂ.താൻ ഇന്ത്യയിലെത്തിയിട്ട് ആറ് വർഷമാകുന്നു.ബുദ്ധിമുട്ടുകൾക്കെതിരെ പൊരുതുകയായിരുന്നു അതിൽ ഭൂരിഭാഗം സമയവും.ദാ, ഇവിടെ പുതിയൊരു പ്രതിസന്ധി.എന്നാലും തളർന്നു പോകാൻ തന്നെത്തന്നെ അദ്ദേഹം അനുവദിച്ചില്ല. ഇപ്പോഴും വൻകാര്യങ്ങൾ പ്രതീക്ഷിക്കാനാവുമായിരുന്നു. കൂടുതൽ കൂടുതൽ ഉദ്യമിക്കുക എന്നതുമാത്രമാണ് തനിക്ക് ചെയ്യാനുണ്ടായിരുന്നത്.ദൈവത്തിന്റെ ഭാഗം ദൈവം ചെയ്യുമെന്നുറപ്പായിരുന്നു.

ഫാക്ടറി മാനേജരുടെ ലൈസൻസ് ഇനിയും മൂന്നുകൊല്ലത്തേക്ക് കൂടിയുണ്ട്.ശമ്പളത്തിൽ നിന്നു മിച്ചം പിടിച്ച കുറച്ചുപണവുമുണ്ട്.കുറച്ചുകലെയുള്ള ഇതുപോലൊരു ഫാക്ടറി വാങ്ങിക്കാമെങ്കിൽ അവിടെയൊരു മിഷൻ കേന്ദ്രം തുടങ്ങാം.തന്നെ സഹായിക്കാൻ ഇന്ത്യയിലേയ്ക്ക് വരാൻ തയ്യാറായി നിൽക്കുന്ന മിഷനറിമാർക്ക് ഫാക്ടറി ജീവനക്കാർ എന്ന മട്ടിൽ വരികയും പ്രവർത്തിക്കുകയുമാവാം.എന്നാൽ കേരിയുടെ ഈ വിവേകബുദ്ധി ഇംഗ്ലണ്ടിലുള്ളവർക്ക് അത്ര സ്വീകാര്യമായില്ല.ഈ സമയം ചാൾസ് ഗ്രാന്റ് ഈസ്റ്റിന്ത്യാ കമ്പനി ഡയറക്ടറായിക്കഴിഞ്ഞിരുന്നു.(ഇവിടെ സുവിശേഷം പ്രചരിപ്പിക്കണമെന്ന് അതിയായി ആഗ്രഹിച്ചയാളായിരുന്നു അദ്ദേഹമെന്ന് ഓർക്കുന്നുണ്ടാവുമല്ലോ).തന്റെ

**ഡാനിഷ് ഗവർണർ കേണൽ ബൈ ഒരെഴുത്ത് കേരിക്ക് കൊടുത്തയച്ചു. കേരി സ്വപ്നം കാണുന്ന സ്ഥിരമായ മിഷൻ കേന്ദ്രം സെറാമ്പൂരിൽ തുടങ്ങാമെന്നും അവർക്കെല്ലാവർക്കും ഡാനിഷ് സർക്കാരിന്റെ ബഹുമാനപ്പെട്ട അതിഥികളായിരിക്കാമെന്നും താൻ നൽകുന്ന വിശേഷാൽ പാസ്പോർട്ട് ഉപയോഗിച്ച് അവർക്ക് ബ്രിട്ടീഷിന്ത്യയിലെവിടെ വേണമെങ്കിലും യാത്രചെയ്യാനുമാവുമെന്നും അതിലെഴുതിയിരുന്നു.മാത്രമല്ല സെറാമ്പൂരിൽ പ്രസ്സ് സ്ഥാപിക്കാം. ട്രാക്റ്റുകളും ബൈബിളും അച്ചടിക്കാം. സ്കൂളുകൾ നടത്താം.കത്തു വായിച്ച് കേരി അത്ഭുതപ്പെട്ടിരുന്നു പോയി.**

സഹപ്രവർത്തകരെല്ലാം മിഷനറിമാരെ എതിർക്കുമെന്ന് നല്ല ഉറപ്പുണ്ടായിരുന്നതുകൊണ്ട് അവരാരും തന്നെ കൊൽക്കത്തയിൽ കരയ്ക്കിറങ്ങരുതെന്നും പകരും ഡെച്ച് അധിനിവേശപ്രദേശമായ സെറാമ്പൂരിലേയ്ക്ക് പോകണമെന്നും ഗ്രാന്റ് ഉപദേശിച്ചു.തുടർന്ന് അഞ്ചു മിഷനറിമാർ ഇന്ത്യയിലെത്തി.കൊൽക്കത്തയിൽത്തന്നെയാണ് പക്ഷേ അവർ കപ്പലിറങ്ങിയത്. അറിവില്ലായ്മകൊണ്ട്, സുവിശേഷപ്രവർത്തനമാണ് തങ്ങളുടെ വരവിന്റെ ഉദ്ദേശ്യമെന്ന് തുറമുഖത്ത് എഴുതിക്കൊടുക്കുകയും ചെയ്തു. ഇതറിഞ്ഞ കപ്പലിന്റെ ക്യാപ്റ്റൻ - അദ്ദേഹം ക്രിസ്തു ശിഷ്യനായിരുന്നു- അവരോട് ഉടനെതന്നെ സെറാമ്പൂരിലേക്ക് രക്ഷപ്പെടാനുപദേശിച്ചതനുസരിച്ച് ഇന്ത്യയിൽനിന്നു ബഹിഷ്ക്കരിക്കപ്പെടാതെ അവിടെയെത്തിച്ചേർന്നു.

കരയ്ക്ക് മിഷനറിമാരിറങ്ങിയെന്നറിഞ്ഞ് അവരെ അറസ്റ്റ് ചെയ്യാനെത്തിയ കമ്പനി അധികാരികൾ തങ്ങൾ നന്നായി കബളിക്കപ്പെട്ടു എന്നു താമസിയാതെ മനസ്സിലാക്കി. കേണൽ ബൈ എന്ന ഡാനിഷ് ഗവർണർ അവർക്ക് രക്ഷകനായിത്തീർന്നു. കരുണാമയനായ അദ്ദേഹം അവരെ സ്വീകരിക്കുകയും ബ്രിട്ടീഷുകാരിൽ നിന്നും അവരെ സംരക്ഷിക്കുകയും ചെയ്തു. സെറാമ്പൂരിലായിരിക്കുന്നിടത്തോളം കാലം കമ്പനിക്ക് അവരെ തൊടാൻപോലുമാവില്ലായിരുന്നു.

അങ്ങനെ ഡെൻമാർക്കിന്റെ കൊടിക്കുകീഴെ സെറാമ്പൂരിൽ സൗഹൃദവും സംരക്ഷണവും ലഭിച്ച മിഷനറിമാർ കേരിയെക്കാണാൻ ശ്രമിച്ചു.മിഷനറിമാരായി വന്ന അഞ്ചുപേരിലൊരാൾ ഏഴു വർഷം മുമ്പ് കേരിയുമായി പരിചയപ്പെട്ട വില്യം വാർഡ് എന്ന അച്ചടി വിദഗ്ധനായിരുന്നു.ഡാനിഷ് ഗവർണർ കേണൽ ബൈ ഒരെഴുത്ത് വാർഡിന്റെ കൈവശം കേരിക്ക് കൊടുത്തയച്ചു.കേരി സ്വപ്നം കാണുന്ന സ്ഥിരമായ മിഷൻ കേന്ദ്രം സെറാമ്പൂരിൽ തുടങ്ങാമെന്നും അവർക്കെല്ലാവർക്കും ഡാനിഷ് സർക്കാരിന്റെ ബഹുമാനപ്പെട്ട അതിഥികളായിരിക്കാമെന്നും താൻ നൽകുന്ന വിശേഷാൽ പാസ്പോർട്ട് ഉപയോഗിച്ച് അവർക്ക് ബ്രിട്ടീഷിന്ത്യയിലെവിടെ വേണമെങ്കിലും യാത്രചെയ്യാനുമാവുമെന്നും അതിലെഴുതിയിരുന്നു.മാത്രമല്ല സെറാമ്പൂരിൽ പ്രസ്സ് സ്ഥാപിക്കാം.ട്രാക്റ്റുകളും ബൈബിളും മറ്റും അച്ചടിക്കാം.സ്കൂളുകളോ മറ്റു സ്ഥാപനങ്ങളോ നടത്താം.കത്തു വായിച്ച് കേരി അത്ഭുതപ്പെട്ടിരുന്നു പോയി. ഇതു സത്യമാണോ?തങ്ങളുടെ സ്വന്തം നാട്ടുകാരുടെ പെരുമാറ്റമെങ്ങനെ,അന്യരായ ഡെൻമാർക്കുകാരുടെ പെരുമാറ്റമെങ്ങനെ?

ലോകം പത്തൊമ്പതാം നൂറ്റാണ്ടിലേക്ക് കടന്നപ്പോൾ ഈ മുന്നണിപ്പോരാളി തീരുമാനമെടുക്കാൻ വിഷമിക്കുകയായിരുന്നു.താൻ ദത്തെടുത്ത ഈ രാജ്യത്തെ





സുവിശേഷീകരിക്കുക എന്ന തന്റെ ജീവിതാഭിലാഷത്തിന് ഇതിനേക്കാൾ വലിയ പ്രോത്സാഹനം ലഭിക്കാനുണ്ടോ? ഇംഗ്ലണ്ടിലെ തന്റെ മേലധികാരികൾ പലപ്പോഴും തന്റെ തീരുമാനങ്ങൾക്കെതിരായിരുന്നു.ഇതും കേരിയെ അലട്ടി. ഡൊറോത്തിയോട് ചോദിച്ച് ഒന്നിനും അഭിപ്രായമറിയാൻ നിവൃത്തിയില്ലായിരുന്നു.അസുഖം അത്രയ്ക്കധികമായിരുന്നു. എപ്പോഴുമെന്നപോലെ പരിശുദ്ധാത്മാവിന്റെ നിർദ്ദേശത്തിനായി കാത്തിരിക്കുക തന്നെ. നൂറ്റാണ്ടിലെ ആദ്യവർഷം പത്തു ദിവസം പിന്നിട്ടപ്പോൾ ആ നടത്തിപ്പുണ്ടായി.അങ്ങനെയാണ് 1800 ജനുവരി 10-ാം തീയതി കേരി സെറാമ്പൂരിലെത്തിയത്. പഴയ ഫാക്ടറിയും പ്രവർത്തനകേന്ദ്രവും ഉപേക്ഷിച്ചുപോരുമ്പോൾ സാമാന്യം നല്ല നഷ്ടമുണ്ടായി. എങ്കിലും ഇവിടേക്ക് -സെറാമ്പൂരിലേക്ക്- മിഷൻ കേന്ദ്രം മാറ്റുകതന്നെ.താൻ അധ്വാനിച്ച ഈ പ്രദേശങ്ങളിലൊരിടത്തും ഏതെങ്കിലും ഒരു നാട്ടുകാരൻ രക്ഷ അവകാശമാക്കിയില്ലെന്നത് ഒരു വേദനയായി മനസ്സിൽ കിടന്നിരുന്നു.അവിടം വിട്ടുപോരുമ്പോൾ എന്താകും സ്ഥിതി? എന്നാൽ അവിടങ്ങളിലെല്ലാം സുവിശേഷ തത്പരരായ വിദേശിയരുണ്ടെന്നതിനാൽ തനിക്കുശേഷം അവർ തങ്ങളുടേതായ രീതിയിൽ സുവിശേഷമുന്നേറ്റം തുടർന്നുകൊള്ളുമെന്നും കേരി ആശ്വസിച്ചു.

**മിഷനറി കുടുംബങ്ങൾ ഒരുമിച്ച് ഒരു കൂട്ടായ്മയായി താമസിക്കണമെന്ന് അവർ ആദ്യം തന്നെ തീരുമാനിച്ചു. അങ്ങനെയായാൽ ചെലവ് കുറയ്ക്കാൻ സാധിക്കും. ഓരോരുത്തർക്കുമുള്ള വ്യത്യസ്തങ്ങളായ താലന്തുകൾ ഒരുമിച്ച് പ്രയോജനപ്പെടുത്തുവാനും സാധിക്കും. കൂട്ടുകുടുംബമെന്ന ഈ ആശയം എത്ര ഫലപ്രദമായിരുന്നു എന്ന് കാലം തെളിയിച്ചു.ഒരു ഒറ്റയാനായല്ല വില്യം കേരി സഭാചരിത്രത്തിൽ അറിയപ്പെടുക.ഒരുമയോടെ, ക്രിസ്തുവിന്റെ സ്നേഹം പ്രദർശിപ്പിക്കുന്ന യഥാർത്ഥ ശിഷ്യന്മാരായി, അവർ ദേശത്ത് കഴിഞ്ഞു.**

### കേരി, സെറാമ്പൂരിൽ

ഹൂഗ്ളി നദിയുടെ പടിഞ്ഞാറെക്കരയിലുള്ള ചെറിയൊരു പട്ടണമാണ് സെറാമ്പൂർ. വളരെ വൃത്തിയുള്ള റോഡുകളും വീടുകളും. യൂറോപ്പിലെ എല്ലാ രാജ്യങ്ങളിലുമുള്ളവരെ അവിടെ കാണാം. കൂടാതെ നാട്ടുകാരായ ഹിന്ദുക്കളും മുസ്ലീങ്ങളും സിക്കുകാരും. തിരക്കുപിടിച്ച അവിടുത്തെ അങ്ങാടിയിൽകൂടി ആദ്യമായി നടന്നപ്പോൾ യേശുവിന്റെ വാക്കുകളാണ് കേരിയുടെ ഉള്ളിൽ വന്നത്. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു..... സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും(മത്താ 8:11). മൊറേവിയൻ മിഷനറിമാർ കുറച്ചുകാലം ഇവിടെ പ്രവർത്തിച്ചിരുന്നു. ഫലമൊന്നും കാണാത്തതിനാൽ അവർ നിർത്തിപ്പോയി. കേരിക്ക് പക്ഷേ ഇവിടം സുവിശേഷത്തിന് ഏറ്റവും അനുയോജ്യമായ സ്ഥലമായാണ് തോന്നിയത്.താൻ വിതയ്ക്കുന്നതല്ലേയുള്ളൂ.വിളവ് നൽകുന്നത് അവിടുന്നാണല്ലോ.കഠിനാധ്വാനം വേണ്ടിവരുമെന്നറിയാമായിരുന്നുന്നെങ്കിലും ദൈവം തരുമെന്ന് വാഗ്ദാനം ചെയ്തിരുന്ന 'വൻകാര്യങ്ങൾ' സ്വീകരിക്കാൻ അദ്ദേഹം ഒരുങ്ങി.

പല സ്ഥലങ്ങളിലായിക്കഴിയാതെ മിഷനറി കുടുംബങ്ങൾ ഒരുമിച്ച് ഒരു കൂട്ടായ്മയായി താമസിക്കണമെന്ന് അവർ ആദ്യം തന്നെ തീരുമാനിച്ചു. അങ്ങനെയായാൽ ചെലവ് കുറയ്ക്കാൻ സാധിക്കും. ഓരോരുത്തർക്കുമുള്ള വ്യത്യസ്തങ്ങളായ താലന്തുകൾ ഒരുമിച്ച് പ്രയോജ

നപ്പെടുത്തുവാനും സാധിക്കും. കൂട്ടുകുടുംബമെന്ന ഈ ആശയം എത്ര ഫലപ്രദമായിരുന്നു എന്ന് കാലം തെളിയിച്ചു. ഒരു ഒറ്റയാനായല്ല വില്യം കേരി സഭാചരിത്രത്തിൽ അറിയപ്പെടുക.ഒരുമയോടെ,ക്രിസ്തുവിന്റെ സ്നേഹം പ്രദർശിപ്പിക്കുന്ന യഥാർത്ഥ ശിഷ്യന്മാരായി, അവർ ദേശത്ത് കഴിഞ്ഞു.വലിയൊരു വീടും രണ്ടേക്കർ പറമ്പും ഇതിനായി വിലയ്ക്കു വാങ്ങി.ലഭിക്കാനിരിക്കുന്ന 'വൻ കാര്യങ്ങൾ'ക്കായി പ്രവർത്തനം വിപുലമായിത്തന്നെ തുടങ്ങണമെന്ന് കേരി വിശ്വസിച്ചു.ആറു മിഷനറി കുടുംബങ്ങൾക്കും താമസിക്കാനുള്ള സൗകര്യം ആ വീട്ടിലുണ്ടായിരുന്നു. ആരാധനയ്ക്കായി ഒരു ഹാളും, പ്രസ് നടത്താനുള്ള മുറിയും, പിന്നീട് ഒരു സ്കൂൾ നടത്തണമെങ്കിൽ അതിനുമുള്ള സൗകര്യവും അവിടെയുണ്ടായിരുന്നു.ഓരോ കുടുംബത്തിനും പ്രത്യേകം കിടപ്പു മുറികളുണ്ടെങ്കിലും ഊൺമേശ ഒന്നേയുണ്ടായിരുന്നുള്ളൂ.ഭക്ഷണം പൊതുവായിരുന്നു എന്നു ചുരുക്കം.പ്രസിൽ നിന്നോ സ്കൂളിൽ നിന്നോ ലഭിക്കുന്ന ഏതു വരുമാനവും മിഷനുള്ളതായിരിക്കും.ഓരോർത്തർക്കും ചെറിയൊരു പോക്കറ്റ് മണിക്ക് അവകാശമുണ്ട്.അത്ര മാത്രം. ശനിയാഴ്ച വൈകുന്നേരങ്ങൾ മനസ്സു തുറക്കാനുള്ള സമയമാണ്. എന്തെങ്കിലും അസ്വാരസ്യങ്ങൾ ആർക്കെങ്കിലുമുണ്ടെങ്കിൽ നേരിട്ട് പറയാനും യഥാസ്ഥാനപ്പെടുവാനുമുള്ള അവസരം.പൊതുചെലവിന്റെ ഉത്തരവാദിത്തം ഓരോരുത്തരും മാറി മാറി കൈകാര്യം ചെയ്യും. ബാപ്റ്റിസ്റ്റ് സഭ രീതിയനുസരിച്ച് കേരി അവരുടെയെല്ലാം പാസ്റ്ററും,

മാർഷ്മനും ഫൗണ്ടനും ഡീക്കൺമാരുമായി കണക്കാക്കിപ്പോന്നു. ഞായറാഴ്ച ആരാധന ഗവർണറുടെ ബംഗ്ളാവിലായിരിക്കും.എല്ലാം ശരിയായിവരാൻ കുറച്ചു സമയമെടുത്തെങ്കിലും മനോഹരമായൊരു ക്രിസ്തീയ സൗഹൃദം അവരുടെയിടയിൽ രൂപപ്പെട്ടു വന്നു.വിശാലമായ ഈ രാജ്യത്ത് തന്റെ സ്വകാര്യ ഉപയോഗത്തിനായി കേരി മാറ്റിവച്ച ഏക സ്ഥലം ഈ പറമ്പിലെ മരങ്ങളുടെ തണലായിരുന്നു.വൈകാതെ അവിടെയൊരു പൂന്തോട്ടവും ഉണ്ടായിവന്നു.ഇതിന്റെ സ്വകാര്യതയിലിരുന്നാണ് വേദപുസ്തക പാരായണവും കഠിനാധ്വാനംകൊണ്ട് ശേഷി കുറഞ്ഞു പോകുന്ന തന്റെ 'ബാറ്ററികളെ റീചാർജ്ജ്' ചെയ്യുന്ന ഏകാന്തധ്യാനവും നടത്തിയിരുന്നത്.

ബൈബിൾ തർജ്ജമയ്ക്കും പ്രസിദ്ധീകരണത്തിനുമാണ് അവർ മുൻഗണന നൽകിയത്. പ്രൂഫ് വായിച്ചു തിരുത്താനും മറ്റും ഫൗണ്ടൻ വളരെ സഹായം ചെയ്തു.ബംഗാളിഭാഷ നാട്ടുകാരെപ്പോലെ സംസാരിക്കാനറിയാമായിരുന്ന കേരിയുടെ മക്കൾ ഫെലിക്സും വില്യവും എല്ലാ പ്രവർത്തനങ്ങളിലും ഉപകരിച്ചു.വാർഡ് അച്ചടി തുടങ്ങാൻ റെഡിയായി നിന്നു.മാർഷ്മാനും ഭാര്യയും അദ്ധ്യാപകരായിരുന്നതിനാൽ യൂറോപ്യൻമാരുടെ കുട്ടികൾക്കായി ഒരു ബോർഡിങ്ങ് സ്കൂൾ തുടങ്ങി.ഫീസ് കൊടുക്കാൻ നിവൃത്തിയില്ലാത്ത നാട്ടുകാരുടെ കുട്ടികൾക്കായി വേറൊരു സ്കൂളും തുടങ്ങി.വാർഡും മാർഷ്മനും എളുപ്പത്തിൽ ബംഗാളി പഠിക്കുകയും അവരവരുടെ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു.ജോലിയോടുള്ള അവരുടെ ആത്മാർത്ഥതയും അധ്വാനശീലവും കേരിക്ക് എന്നും സന്തോഷത്തിന് വകയായിരുന്നു.മിസ്സസ് മാർഷ്മനാകട്ടെ 'മിഷനറി ഭാര്യ' എന്ന സങ്കൽപ്പത്തിന്റെ മൂർത്തിമത്ഭാവമായിരുന്നു. മനസ്സു നിറയെ സ്നേഹവും കൃപയുടെ വാക്കും പ്രവൃത്തികളുമായി ഓടി നടന്ന അവർ,പിന്നീട് ഇവിടെയെത്തിച്ചേർന്ന





ഇത്തരം ഭാര്യമാർക്ക് ഒരുത്തമ മാതൃകയായി മാറി.ഡാനിഷ് ഗവർണർ കേണൽ ബൈ മിഷന്റെ എല്ലാ കാര്യങ്ങൾക്കും തന്റെ നിർലോപസഹായങ്ങൾ നൽകിപ്പോന്നു.ആ യഥാർത്ഥ ക്രിസ്ത്യാനിയുടെ കാരുണ്യത്തിന് നന്ദി പറയാൻ വാക്കുകൾ പോരാ. മാർച്ച് മാസത്തിൽ ബംഗാളി പുതിയ നിയമത്തിന്റെ ആദ്യത്തെ പേജ് അച്ചടിമഷി പുരണ്ടു പുറത്തുവന്നു. വർഷങ്ങളായുള്ള നിരന്തര ഖനനത്തിനൊടുവിൽ സ്വർണ്ണം മുഖം കാണിച്ചു തുടങ്ങിയിരിക്കുന്നു. 1800 ഏപ്രിൽ 24-ാം തീയതി നന്ദിപ്രകാശന ദിനമായി ആചരിച്ചു.ആദ്യംമുതലേ ദൈവം തങ്ങളോട് ഇടപെട്ടതെങ്ങനെയെന്ന് ഓരോരുത്തരും സാക്ഷ്യം പറഞ്ഞത് എല്ലാവർക്കും വലിയ പ്രോത്സാഹനമായി.വൈകുന്നേരം ''ആശയിൽ സന്തോഷിപ്പിൻ'' എന്ന വചനം (റോമ. 12:12) അടിസ്ഥാനമാക്കി കേരി പ്രസംഗിച്ചപ്പോൾ കേൾവിക്കാർക്കു മാത്രമല്ല തനിക്കു തന്നേയും അത് വലിയ പ്രചോദനമായി മാറി.

കേരിയും സഹപ്രവർത്തകരും അങ്ങനെ സെറാമ്പൂരിൽ പ്രാർത്ഥനയും പഠിപ്പിക്കലും പ്രസംഗവും തർജ്ജമയുമായിക്കഴിഞ്ഞു വരവേ, തങ്ങൾ വിതയ്ക്കുന്ന വിത്ത് പാറസ്ഥലത്താണല്ലോ വീഴുന്നതെന്നോർത്ത് പലപ്പോഴും സങ്കടപ്പെട്ടു.കേൾവിക്കാർ ചിലപ്പോൾ കളിയാക്കും, ചിലർ ഗൗനിക്കാതെ നടന്നുപോകും. ബ്രാഹ്മണരാകട്ടെ, വേദങ്ങളും ഉപനിഷത്തുകളും മനസ്സിലാക്കിയ പ്രസംഗകന്റെ പാണ്ഡിത്യത്തിനു മുന്നിൽ പ്രതിവാദമില്ലാതെ പകച്ചെങ്കിലും തങ്ങളുടെ മതത്തിന്റെ വേലിക്കെട്ടിനു പുറത്തേക്കു വരാൻ മടിച്ചു. ഫൗണ്ടൻ എന്ന മിഷനറി ആയിടയ്ക്ക് അതിസാരം ബാധിച്ച് മരിച്ചത് വലിയദു:ഖത്തിന് കാരണമായതുകൂടാതെ നാട്ടുകാരുടെ ചോദ്യങ്ങൾക്ക് മറുപടി പറയാനാവാതെ നിൽക്കേണ്ടി വരുകയും ചെയ്തു. 'യഥാർത്ഥമായി നിങ്ങളുടെ ദൈവം ഞങ്ങളോട് ഈ വിശേഷ വർത്തമാനം അറിയിക്കാൻ വിട്ടതാണെങ്കിൽ ഇതിനോടകം നിങ്ങളുടെ രണ്ടുപേർ എങ്ങനെ മരിക്കാനിടയായി' എന്നതായിരുന്നു അവരുടെ സംശയം.

അങ്ങനെയിരിക്കെ, 1800-ാം ആണ്ട് അവസാനിക്കാറായപ്പോഴാണ് ആദ്യമായൊരു നാട്ടുകാരൻ വിശ്വാസത്തിലേക്കു വന്നത്.കൃഷ്ണപാൽ ഒരു മരപ്പണിക്കാരനായിരുന്നു.പണ്ട്, അവിടെ പ്രവർത്തിച്ചിരുന്ന മൊറേവിയൻ മിഷനറിമാരിൽ നിന്നും മരപ്പണിക്കാരനായ യേശുവിനെപ്പറ്റി കേട്ടിരുന്നെങ്കിലും അന്ന് താത്പര്യം തോന്നിയില്ല.എന്നാൽ ഇപ്പോൾ ഡോ. തോമസ് യേശുവിലുള്ള വിശ്വാസത്താലുള്ള രക്ഷയെപ്പറ്റിപ്പറഞ്ഞപ്പോൾ ജീവിതം കർത്താവിനായി സമർപ്പിക്കാൻ കൃഷ്ണപാലിന് മനസ്സായി. ഒരാൾ നടുന്നു, വേറൊരാൾ നനയ്ക്കുന്നു, ദൈവം വളരുമാറാക്കുന്നു.ക്രിസ്ത്യാനിയാകുക എന്നത് അത്ര എളുപ്പമല്ലായിരുന്നു.കൃഷ്ണപാലിന് കഠിന പീഡനങ്ങൾ ഏൽക്കേണ്ടിവന്നു, സ്വന്തം വീട്ടുകാരിൽ നിന്നും നാട്ടുകാരിൽ നിന്നും.അയാൾ വിഗ്രഹങ്ങളെ തള്ളിപ്പറയുകയും വിദേശികളോടൊത്ത് ഭക്ഷണത്തിനിരിക്കുകയുമായപ്പോൾ അവർ ക്ഷുഭിതരായി. ഗ്രാമത്തിലൊരു കലാപം തന്നെ നടന്നു. രണ്ടായിരത്തോളമാളുകൾ അയാളുടെ വീട് വളഞ്ഞു. മരണമടുത്തെന്ന് കൃഷ്ണപാലും കരുതി.തക്കസമയത്തെത്തിച്ചേർന്ന മജിസ്ട്രേറ്റിന്റെ ഉത്തരവിൻ പ്രകാരമാണ് ജനം പിരിഞ്ഞുപോയത്.ഒരു പട്ടാളക്കാരനെ വീട്ടുകാവലിനുമാക്കി.പുതു ക്രിസ്ത്യാനി പക്ഷേ വിശ്വാസത്തിൽ വളരുക തന്നെ ചെയ്തു. താൻ ക്രിസ്തുവിനെ സ്വീകരിച്ചത് പൊതു ജനമദ്ധ്യേ സാക്ഷിക്കണമെന്നാഗ്രഹിച്ചു. വിശ്വാസ സ്നാനത്തെക്കുറിച്ചെല്ലാം കേരി വിശദമാക്കികൊടു

**1800-ാം ആണ്ട് അവസാനിക്കാറായപ്പോഴാണ് ആദ്യമായൊരു നാട്ടുകാരൻ വിശ്വാസത്തിലേക്കു വന്നത്. കൃഷ്ണപാൽ ഒരു മരപ്പണിക്കാരനായിരുന്നു. പണ്ട്, അവിടെ പ്രവർത്തിച്ചിരുന്ന മൊറേവിയൻ മിഷനറിമാരിൽ നിന്നും മരപ്പണിക്കാരനായ യേശുവിനെപ്പറ്റി കേട്ടിരുന്നെങ്കിലും അന്ന് താത്പര്യം തോന്നിയില്ല. എന്നാൽ ഇപ്പോൾ യേശുവിലുള്ള വിശ്വാസത്താലുള്ള രക്ഷയെപ്പറ്റിപ്പറഞ്ഞപ്പോൾ ജീവിതം കർത്താവിനായി സമർപ്പിക്കാൻ കൃഷ്ണപാലിന് മനസ്സായി. ഒരാൾ നടുന്നു, വേറൊരാൾ നനയ്ക്കുന്നു, ദൈവം വളരുമാറാക്കുന്നു.**

ത്തു.ഇതിനുമുമ്പൊരിക്കലും മുതിർന്നവരുടെ സ്നാനം ഇന്ത്യയിൽ നടന്നിട്ടില്ലല്ലോ. അതുകൊണ്ടുതന്നെ കൃഷ്ണപാലും അങ്ങനെയൊരു ചടങ്ങ് കണ്ടിരുന്നില്ല.എങ്കിലും തന്റെ രക്ഷിതാവിനോട് താദാമ്യം പ്രാപിക്കാൻ ഇതു കൂടിയേ കഴിയൂ എന്ന കാര്യത്തിൽ സംശയമുണ്ടായില്ല.അങ്ങനെ 1800 ഡിസംബർ 28-ാം തീയതി കൃഷ്ണപാൽ ഹൂഗ്ളി നദിയിൽ മുങ്ങി സ്നാനമേറ്റു.ഹിന്ദുക്കളും മുസ്ലീങ്ങളും യൂറോപ്യന്മാരും ഒക്കെയായി വമ്പിച്ച ഒരു ജനാവലി അവിടെ നടക്കാൻ പോകുന്നതെന്തെന്ന് കാണാൻ തടിച്ചുകൂടി. ദീർഘവർഷങ്ങൾ ദൈവസ്നേഹത്തേയും ക്രിസ്തുവിന്റെ പുനരുത്ഥാന ശക്തിയേയും നാട്ടുകാർക്കു മനസ്സിലാക്കിക്കൊടുക്കാൻ പ്രയത്നിച്ച ആ മനുഷ്യന് ഈ ദിവസം മറക്കാനാവാത്തതായിരുന്നു. തന്റെ മകൻ ഫെലിക്സും സ്നാനപ്പെടണമെന്ന് അഭ്യർത്ഥിച്ചതിനാൽ രണ്ടുപേരേയും ഇടത്തും വലത്തും നിർത്തി കേരി നദിയിലേക്കിറങ്ങി. പിന്നെ തിരിഞ്ഞ് കരയിൽ കൂടി നിന്ന ജനാവലിയോട് സ്നാനത്തിന്റെ അർത്ഥമെന്തെന്നും ഒരുവൻ ക്രിസ്തു ശിഷ്യനാകുമ്പോൾ എന്തു സംഭവിക്കുന്നു എന്നും സംസാരിച്ചു. ആശാരിയേയും വെള്ളക്കാരൻ പയ്യനേയും ഒരു നിമിഷം വെള്ളത്തിൽ താഴ്ത്തിയപ്പോൾ ജനം നിശബ്ദം നോക്കിനിന്നു.കൃഷ്ണപാലിനോട് ബംഗാളിയിലും ഫെലിക്സിനോട് ഇംഗ്ലീഷിലുമാണ് കേരി ആ സമയം സംസാരിച്ചത്.

ആ ദിവസത്തിന്റെ സന്തോഷത്തിന് അല്പമൊരു കുറവുണ്ടായെങ്കിൽ അത് ഫെലിക്സിന്റെ അമ്മയ്ക്ക് അതിന് സാക്ഷിയാകാൻ പറ്റിയില്ല എന്നതായിരുന്നു. കേരിയുടെ പ്രിയ സഹധർമ്മിണിക്കിപ്പോൾ ജീവിതം മുറിയുടെ നാലുചുമരുകൾക്കുള്ളിൽ മാത്രമായി ത്തീർന്നിരുന്നു. തുടർന്ന് സ്നാനങ്ങൾ പലതു നടന്നു. ഭയാശങ്കകൾ മാറ്റിവച്ച് ആളുകൾ വിശ്വാസത്തിലേക്കു വന്നു തുടങ്ങി. പലവിധ കഷ്ടപ്പാടുകളും പീഡനങ്ങളുമുണ്ടായി.ക്രിസ്തുവിനായി രക്തസാക്ഷികളുമുണ്ടാകാതിരുന്നില്ല. ഒരു കാര്യം ആദ്യമേ കേരി അവരോട് വ്യക്തമാക്കി:'അതായത് ക്രിസ്തുവിൽ എല്ലാവരും ഒന്നാണെന്ന്.അതുകൊണ്ടുതന്നെ പണ്ടത്തെ മതത്തിലെ അനാചാരങ്ങളും ഉച്ചനീചത്വങ്ങളും ഇവിടെ ഒരുതരത്തിലും വച്ചു പൊറുപ്പിക്കുന്നതല്ല'.ചുരുക്കത്തിൽ പുതിയ സഭയിൽ 'ജാതി' ഉണ്ടായിരിക്കുന്നതല്ല. 1803 – ൽ ആദ്യമായി ഒരു ബ്രാഹ്മണൻ വിശ്വാസത്തിലേക്ക് വന്നു. ആ വർഷം തന്നെയാണ് ഒരു ബംഗാളി ക്രിസ്തീയ വിവാഹവും നടന്നത്. കൃഷ്ണപാലിന്റെ മകളുടേയും മുൻപറഞ്ഞ ബ്രാഹ്മണയുവാവിന്റെയും വിവാഹമായിരുന്നു അത്. 'ജാതിയുടെ മേലുള്ള മഹത്തായ വിജയം' എന്നാണ് ഒരു മിഷനറി





വീട്ടിലേക്കെഴുതിയ കത്തിൽ ഇതിനെ വിശേഷിപ്പിച്ചത്.

ഇതിനിടയിൽ ബംഗാളി പുതിയനിയമം 1801 മാർച്ച് അഞ്ചാം തീയതി പുറത്തിറങ്ങി. ഇംഗ്ലണ്ടിലെ ജോർജ്ജ് മൂന്നാമൻ ചക്രവർത്തിക്കും ഡെൻമാർക്കിലെ രാജാവിനും അതിന്റെ ഒരോ പ്രതി അയച്ചു കൊടുത്തു. കാലം പിന്നേയും മുന്നോട്ട് നീങ്ങി. രണ്ടു മിഷനറിമാർ കൂടി അകാലചരമം പ്രാപിച്ചു. ഏഴുപേരുണ്ടായിരുന്നതിൽ ഇപ്പോൾ ശേഷിക്കുന്നത് മൂന്നു മാത്രം.ഒരു കൂട്ടുകുടുംബമായിക്കഴിയാം എന്ന കേരിയുടെ തീരുമാനം എത്ര ശരിയായിരുന്നു എന്ന് എല്ലാവർക്കും ബോധ്യമായി. തുടർന്നു വന്ന ഇരുപത്തിമൂന്നു വർഷങ്ങൾ കേരിയും, വാർഡും, മാർഷ്മനും ഇണപിരിയാത്ത സുഹൃത്തുക്കളെപ്പോലെ തമ്മിൽത്തമ്മിൽ സ്നേഹിച്ചും ആശ്രയിച്ചും ഭാരങ്ങളെ ചുമന്നും ഒരേ ലക്ഷ്യത്തിലേക്ക് ചുവടുവച്ചു. മൂന്ന് ഇഴയുള്ള ഒരു കയറിനെ ഓർമ്മപ്പെടുത്തുമായിരുന്ന അവർ കാലക്രമേണ 'സെറാമ്പൂരിലെ ത്രിമൂർത്തികൾ' എന്നവർ അറിയപ്പെടാൻ തുടങ്ങി.

ചുവട് ഉറപ്പായെന്ന് മനസ്സിലായ മിഷനറിമാർ പ്രവർത്തനം വിപുലീകരിക്കാനാരംഭിച്ചു. ദൂര സ്ഥലങ്ങളിലേക്കും മറ്റും പ്രസംഗപര്യടനങ്ങൾ നടത്തി.നന്നായി സംസാരിക്കാൻ കഴിവുണ്ടായിരുന്ന കൃഷ്ണപാലും ഒപ്പം കൂടും.കേരിയുടെ മക്കളായ ഫെലിക്സും വില്യവും പിന്നെ മിഷന്റെ വിശ്വസ്ത സ്നേഹിതൻ ഇഗ്നേഷ്യസും ചേർന്നാണ് 1803 – ൽ ഇന്ത്യയിലെ ആദ്യത്തെ സൺഡേ സ്കൂൾ തുടങ്ങിയത്. കുഞ്ഞുങ്ങൾ ധാരളമായി വചനം പഠിക്കാനെത്തിയിരുന്നു എന്നു പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

1801 – ൽ ഗവർണർ ജനറലായ വെല്ലസ്ലി പ്രഭു ഇംഗ്ലണ്ടിൽ നിന്നും വരുന്ന ചെറുപ്പക്കാരായ സിവിൽ ഭരണകർത്താക്കളുടെ തുടർ പഠനത്തിനായി ഒരു കോളജ് കൊൽക്കത്തയിൽ സ്ഥാപിച്ചു. ഇവിടെ വിവിധ വിഷയങ്ങളിൽ അദ്ധ്യാപകരാകാൻ യോഗ്യതയുള്ളവർക്കായി ഇന്ത്യയൊട്ടാകെ പരസ്യം കൊടുത്തു. ധാരാളം പേർ അപേക്ഷിച്ചെങ്കിലും ബംഗാളിചെയറിന്റെ തലവനാകാൻ യോജിച്ച ഒരാളെ കണ്ടുകിട്ടിയില്ല.അങ്ങനെയിരിക്കെ, കോളജ് പ്രിൻസിപ്പലിന്റെ ഒരു കത്ത് കേരിക്ക് ലഭിച്ചു.എന്തായിരിക്കാം ഉള്ളടക്കം എന്ന് ആകാംക്ഷപ്പെട്ടുപോയി.തുറന്നപ്പോൾ ആകാംക്ഷ അത്ഭുതമായി മാറി. ഫോർട്ട് വില്യമിലെ പുതിയകോളജിൽ ബംഗാളി പ്രഫസറായി കേരിയെ നിയമിക്കാൻ താത്പര്യമുണ്ടെന്നും, മറ്റു കാര്യങ്ങൾ ചർച്ച ചെയ്യാൻ കോളജിലേക്ക് വരണമെന്നുമാണ് അതിലെഴുതിയിരുന്നത്. ഇങ്ങിനെയൊരു പദവിക്ക് താനർഹനാണോ? ബംഗാളി പഠിപ്പിക്കാൻ ബംഗാളിൽ ആളില്ലാതാവുക എന്നതിന്റെ വിരോധാഭാസമെന്നാലോചിച്ച് നോക്കുക. ഇതാണ് തന്നെ അത്ഭുതപ്പെടുത്തിയത്.ഏതായാലും ഈ പദവി താനാഗ്രഹിക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നില്ല എന്നത് സത്യം. സഹപ്രവർത്തകരോട് ഇതിനെപ്പറ്റി സംസാരിച്ചപ്പോൾ ഈ ജോലി ഏറ്റെടുക്കുകയാണ് വേണ്ടത് എന്നവർ അഭിപ്രായപ്പെട്ടു.സുവിശേഷീകരണത്തിനായി ദൈവം തുറന്ന പുതിയൊരു വാതിലായി അവർ ഇതിനെക്കണ്ടു.അതായത് കേരി അവിടെ പഠിപ്പിക്കാനിടയാകുന്നത് സാധാരണ വിദ്യാർത്ഥികളെയല്ലല്ലോ. വിശാലമായ ഈ രാജ്യത്തിന്റെ ഭരണചക്രം തിരിക്കാൻ പോകുന്നവരാണവർ.ഇന്നത്തെ IAS, IPSകാരെപ്പോലെ എന്നു പറയാമെങ്കിലും അവരുടെ അധികാരവും ചുമതലയും ഇന്നത്തേതിലും എത്രയോ ഇരട്ടിയായിരുന്നു! ക്രിസ്തുവിന്റെ സ്നേഹത്തെപ്പറ്റി അവരെ ബോധവാന്മാരാക്കാനും അതുവഴി ഇന്ത്യയൊട്ടാകെ സുവിശേഷത്തിന് അനുകൂല സാഹചര്യം ഉണ്ടാക്കാനും സാധിക്കും.

**ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ അംഗങ്ങൾക്കു മാത്രമേ പ്രഫസർമാരാകാൻ സാധിക്കൂ എന്നു തീരുമാനിച്ചിരുന്നു. പ്രഫസറെക്കാൾ വളരെക്കുറഞ്ഞ ശമ്പളമേ അതുകൊണ്ട് കേരിക്ക് ലഭിച്ചുള്ളൂ. വർഷത്തിൽ 600 പവൻ. ചെരുപ്പുകുത്തിയായി ജീവിതം തുടങ്ങിയ ആൾക്ക് പക്ഷേ അത് ദൈവം തന്ന നിധിയായിരുന്നു! ഇംഗ്ലണ്ടിലെ ഒരു കുഗ്രാമത്തിൽ ജനിച്ച് വിശേഷപ്പെട്ട ഒരു സ്കൂളിലോ കോളേജിൽപ്പോലുമോ പഠിക്കാതെ, വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനത്തിൽ പഠിപ്പിക്കേണ്ടി വരുക എന്നത് അത്ഭുതം എന്നല്ലാതെ എന്തുപറയാൻ!**

പ്രിൻസിപ്പലുമായി നടന്ന കൂടിക്കാഴ്ചയിൽ താൻ പ്രാഥമികമായും ഒരു മിഷനറിയാണെന്നും ആ പ്രവർത്തനത്തിൽ നിന്നും മാറി നിൽക്കാനാവില്ലെന്നും കേരി ആദ്യമേ പറയുകയുണ്ടായി.കേരിയുടെ തന്നെ ബംഗാളി പുതിയ നിയമവും, താത്പര്യമുള്ള മറ്റു പുസ്തകങ്ങളും പാഠ പുസ്തകമാക്കാം എന്നവർ സമ്മതിച്ചു. ബംഗാളി പഠിപ്പിക്കാൻ പുതിയ നിയമം തന്നെ ഉപയോഗിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട ഒരവസരം വേറേ കിട്ടുമോ? കേരി സമ്മതിച്ചു. ഇതിനെപ്പറ്റി അദ്ദേഹം പിന്നീട് പറഞ്ഞതിപ്രകാരമായിരുന്നു: 'എന്റെയെല്ലാ ഭയാശങ്കകളും അസ്ഥാനത്താണെന്ന് പറഞ്ഞുകൊണ്ട് പ്രിൻസിപ്പലും കൂട്ടരും ഈ ജോലി ഏറ്റെടുക്കാൻ എന്നെ നിർബന്ധിച്ചു. മിഷൻ പ്രവർത്തനത്തിന് ഇത് ഗുണമായി വരുകയേയുള്ളുവെന്ന് എനിക്കറിയാമായിരുന്നു. എന്റെ തന്നെ കഴിവുകളെപ്പറ്റി ആശങ്കപ്പെട്ടപ്പോൾ, ഞാനല്ല അവരാണ് അതിന്റെ വിധികർത്താക്കളെന്ന് പറഞ്ഞ് എന്നെ അതേറ്റെടുക്കാൻ പ്രേരിപ്പിച്ചു. ഭയത്തോടും വിറയലോടും കൂടെയാണ് ഞാനതിന് സമ്മതിച്ചത്'.

കേരിയെ ലക്ചററായാണ് നിയമിച്ചത്.ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ അംഗങ്ങൾക്കു മാത്രമേ പ്രഫസർമാരാകാൻ സാധിക്കൂ എന്നു തീരുമാനിച്ചിരുന്നു.കേരി, ബാപ്റ്റിസ്റ്റ് ആയിരുന്നല്ലോ. പ്രഫസറെക്കാൾ വളരെക്കുറഞ്ഞ ശമ്പളമേ അതുകൊണ്ട് കേരിക്ക് ലഭിച്ചുള്ളൂ. വർഷത്തിൽ 600 പവൻ. ചെരുപ്പുകുത്തിയായി ജീവിതം തുടങ്ങിയ ആൾക്ക് പക്ഷേ അത് ദൈവം തന്ന നിധിയായിരുന്നു! ഇംഗ്ലണ്ടിലെ ഒരു കുഗ്രാമത്തിൽ ജനിച്ച് വിശേഷപ്പെട്ട ഒരു സ്കൂളിലോ കോളേജിൽപ്പോലുമോ പഠിക്കാതെ, വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനത്തിൽ താൻ തന്നെ അടുത്തകാലത്ത് പഠിക്കാനിടയായ ഒരു ഭാഷ പഠിപ്പിക്കേണ്ടി വരുക എന്നത് അത്ഭുതം എന്നല്ലാതെ എന്തുപറയാൻ!

കേരിയുടെ കഴിവുകൾ മനസ്സിലാക്കാൻ പക്ഷേ അധിക നാളുകൾ വേണ്ടി വന്നില്ല. ആദ്യത്തെ ടേം കഴിഞ്ഞപ്പോഴെ സംസ്കൃതം കൂടി പഠിപ്പിക്കണമെന്നായി അധികൃതർ. പാഠ പുസ്തകങ്ങൾ ഒന്നും തന്നെയില്ലായിരുന്നല്ലോ. പഠിപ്പിക്കേണ്ടതെല്ലാം താൻ തന്നെ ഉണ്ടാക്കേണ്ടിയിരുന്നു. കേരി ബംഗാളിൽ ആദ്യത്തെ ക്ലാസെടുത്തപ്പോൾ ആ ഭഷയിൽ ഒരൊറ്റ ഗദ്യകൃതി പോലുമില്ലായിരുന്നു എന്ന് ഇന്നത്തെ ബംഗാളികൾക്ക് പുതിയൊരറിവായിരിക്കും. കാലക്രമേണ ഈ ഉദ്യോഗം മിഷന് അനുഗ്രഹമായി മാറി. മിഷനിലെ ഏത് അംഗത്തിനും ലഭിക്കുന്ന വരുമാനം പൊതുഫണ്ടിലേക്കായിരിക്കുമെന്ന് ധാരണയുണ്ടായിരുന്നല്ലോ. ആ നിയമമുണ്ടാക്കിയ കേരിക്ക് അത് പാലിക്കണമെന്ന കാര്യത്തിലും നിർബന്ധമുണ്ടായിരുന്നു. അങ്ങനെ മിഷന്റെ സാമ്പത്തിക നില





മെച്ചപ്പെട്ടു. വേറൊരു ഗുണമുണ്ടായത്, മിഷൻ ഇപ്പോൾ ഈസ്റ്റിന്ത്യ കമ്പനിയുടെ കൊടിക്കീഴിലായെന്നതാണ്. കേരിയുടെ കഴിവിലും പ്രവർത്തനത്തിലും സംതൃപ്തനായ വെല്ലസ്ലി പ്രഭുകേരിയുടെ മിഷനെ എങ്ങിനെ എതിർക്കും? അങ്ങനെ ഗവർണർ ജനറലിന്റെ മൗന അംഗീകാരം മിഷന് കൈവന്നു. കോളജിൽ പഠിപ്പിക്കാൻ ഇന്ത്യക്കാരുമുണ്ടായിരുന്നു. അത്തരം പണ്ഡിറ്റുകളുമായുള്ള കൂട്ടുകെട്ടുകൊണ്ട് കേരിക്കും ഗുണമുണ്ടായി. തന്റെ ബംഗാളി പുതിയ നിയമം കുറേക്കൂടി ഭാഷാശുദ്ധി വരുത്തി പരിഷ്കരിക്കാനായി.

കോളജിൽ ഒമ്പതുമാസമായപ്പോഴാണ് ഒരു പ്രധാന സംഭവമുണ്ടായത്. മതത്തിന്റെ പേരിൽ നടത്തുന്ന കൊലപാതകങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ വെല്ലസ്ലി പ്രഭു കേരിയോടാവശ്യപ്പെട്ടു. പ്രധാനമായും രണ്ട് അനാചാരങ്ങളവിടെയുണ്ടായിരുന്നു. ഒന്ന് : ഭർത്താക്കന്മാരുടെ ചിതയിൽ ചാടി ആത്മഹത്യ ചെയ്യുന്ന 'സതി' . രണ്ട് കുടുംബത്തിന് ഐശ്വര്യം വരുമെന്ന സങ്കൽപത്തിൽ കുഞ്ഞുങ്ങളെ ഗംഗാനദിയിൽ എറിഞ്ഞുകൊല്ലുന്നത്. നാട്ടുകാരുടെ മതവിശ്വാസങ്ങളിൽ ഇടപെട്ട് അവരുടെ അപ്രീതിക്ക് പാത്രമാവരുതെന്ന് ബ്രിട്ടീഷുകാർക്ക് നിർബന്ധമുണ്ടായിരുന്നു. എന്നാൽ മാതം ഊന്നൽ നൽകാത്തതും നാട്ടുനടപ്പായതുമായ ഏതെങ്കിലും അനാചാരങ്ങളുണ്ടെങ്കിൽ നിരോധിക്കാനും മടിക്കില്ല. ഹിന്ദുമതം ശരിയായി പഠിച്ചിട്ടുള്ള കേരിക്ക് ഇത്തരം അനാചാരങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനം വേദങ്ങളിലോ പുരാണങ്ങളിലോ ഉണ്ടോ എന്നറിയാൻ സാധിക്കും. അതുകൊണ്ടാണ് ഗവർണർ ജനറൽ കേരിയോട് തന്നെ ഇക്കാര്യം ആവശ്യപ്പെട്ടത്. തന്റെ ഹൃദയത്തെ എത്രയോ നാളായി അലട്ടിയിരുന്ന പ്രശ്നമായതുകൊണ്ട് ആ ജോലി സന്തോഷത്തോടെ അദ്ദേഹം

**മതത്തിന്റെ പേരിൽ നടത്തുന്ന കൊലപാതകങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ വെല്ലസ്ലി പ്രഭു കേരിയോടാവശ്യപ്പെട്ടു. പ്രധാനമായും രണ്ട് അനാചാരങ്ങളവിടെയുണ്ടായിരുന്നു. ഒന്ന് : ഭർത്താക്കന്മാരുടെ ചിതയിൽ ചാടി ആത്മഹത്യ ചെയ്യുന്ന 'സതി' . രണ്ട്: കുടുംബത്തിന് ഐശ്വര്യം വരുമെന്ന സങ്കൽപത്തിൽ കുഞ്ഞുങ്ങളെ ഗംഗാനദിയിൽ എറിഞ്ഞുകൊല്ലുന്നത്. ഹിന്ദുമതം ശരിയായി പഠിച്ചിട്ടുള്ള കേരിക്ക് ഇത്തരം അനാചാരങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനം വേദങ്ങളിലോ പുരാണങ്ങളിലോ ഉണ്ടോ എന്നറിയാൻ സാധിക്കും. അതുകൊണ്ടാണ് ഗവർണർ ജനറൽ കേരിയോട് തന്നെ ഇക്കാര്യം ആവശ്യപ്പെട്ടത്.**

ഏറ്റെടുത്തു. ഇവയ്ക്കൊന്നും മതത്തിന്റെ യാതൊരംഗീകാരവുമില്ലെന്നും ഇന്ത്യയുടെ മോചനത്തിന് ഈ അനാചാരങ്ങൾ ഉടൻ നിർത്തലാക്കണമെന്നും കേരി റിപ്പോർട്ടു കൊടുത്തു. വെല്ലസ്ലി പ്രഭു റിപ്പോർട്ട് വായിച്ച അന്ന് കുഞ്ഞുങ്ങളെ പുഴയിലെറിഞ്ഞ് കൊല്ലുന്നത് ഇന്ത്യയിലാകമാനം നിരോധിച്ചു എന്നത് ചരിത്രം.

അടിമ സമ്പ്രദായം നിർത്തലാക്കുന്നതിനും, സതി നിരോധിക്കുന്നതിനുമായുള്ള പോരാട്ടം കേരി തുടർന്നു പോന്നു. ഏതാണ്ട് പതിനായിരം സ്ത്രീകൾ ഒരു വർഷം സതിക്കിരയായിരുന്നു. പലപ്പോഴും വയസ്സന്മാരെ വിവാഹം കഴിക്കാൻ നിർബന്ധിതരായ ചെറുപ്പക്കാരികളാവും ഇവരിൽ ഭൂരിഭാഗവും തന്നെ ഏറ്റവും വേദനിപ്പിച്ചിരുന്ന ഈ അനീതി നിർത്തലാക്കാൻ പിന്നേയും ഇരുപതു വർഷം കൂടി കേരിക്ക് കാത്തിരിക്കേണ്ടിവന്നു.

(തുടരും)

ഇത്തിരിവെട്ടം

# കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ

**ചാൾസ് സ്പർജൻ**

"യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു." (യെശയ്യ. 1:20) ബൈബിളിൽ ദൈവം നമുക്ക് നൽകിയ ഓരോ വാക്കും നമ്മുടെ അതീവ ശ്രദ്ധ ആവശ്യപ്പെടുന്നു. കാരണം അത് അരുളിച്ചെയ്തവൻ അത്രയേറെ അനന്തമഹത്വമുള്ളവനാണ്. അവിടുത്തെ ശബ്ദം എങ്ങനെയുള്ള ശബ്ദമാണ്?."യഹോവയുടെ ശബ്ദം ശക്തിയോടെ മുഴങ്ങുന്നു.,യഹോവയുടെ ശബ്ദം മഹിമയോടെ മുഴങ്ങുന്നു. യഹോവയുടെ ശബ്ദം ദേവദാരുക്കളെ തകർക്കുന്നു. യഹോവ ലെബാനോനിലെ ദേവദാരുക്കളെ തകർക്കുന്നു...... യഹോവയുടെ ശബ്ദം മരുഭൂമിയെ നടുക്കുന്നു. യഹോവ കാദേശ് മരുവിനെ നടുക്കുന്നു." (സങ്കീർത്തനം 29:4-8)."അരുളി ചെയ്യുന്നവനെ നിരസിക്കാതിരിപ്പാൻ നോക്കുവിൻ" (എബ്രാ. 12:25).

ദൈവത്തിന്റെ മഹിമ മാത്രമല്ല ദാവവചനത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ആവശ്യപ്പെടുന്നത് അതിന്റെ അത്യധികമായ പ്രാധാന്യവും നിങ്ങളുടെ ചെവികളെ അതിലേക്ക് പായിക്കാനുള്ള മറ്റൊരു കാരണമാണ്.

"യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു." - എങ്കിലത് നിസ്സാരമായ കാര്യമല്ല.ദൈവം അർത്ഥശൂന്യമായതൊന്നും സംസാരിക്കുകയില്ല.തിരുവെഴുത്തുകളിലെഒരു വരിപോലും അന്നത്തെ നിരർത്ഥകമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നില്ല. ഒരു മണിക്കൂറിനുള്ളിൽ മറക്കേണ്ടവ മർത്യന്റേതാണ്, നിത്യനായ ദൈവത്തിന്റേതല്ല. കർത്താവു സംസാരിക്കുമ്പോൾ, അവിടുത്തെ ശബ്ദം ദൈവതുല്യമാണ്. അനന്തതയിൽ നിത്യനായി വസിക്കുന്ന ഒരുവന് യോജിക്കുന്നതാണ് അതിലെ ആശയങ്ങൾ. മനുഷ്യാ, ദൈവം കളിവാക്കു പറയുകയില്ല - അവിടുത്തെ വചനങ്ങളെ അവഗണിക്കുവാൻ നിങ്ങൾക്കെങ്ങനെ സാധിക്കും.? ഏറെക്കുറെ നിങ്ങൾക്ക് തുല്യനായ ഒരുവനെപ്പോലെയാണോ നിങ്ങൾ ദൈവത്തെ കണക്കാക്കുന്നത്?. ദൈവം തികഞ്ഞ ആത്മാർത്ഥതയോടെയാണ് നിങ്ങളോട് സംസാരിക്കുന്നത് - നിങ്ങൾ അതേ ഗൗരവത്തോടെ അതു ശ്രദ്ധിക്കുമോ?

നിങ്ങളുടെ ആത്മാവിനേയും അതിന്റെ ഭാവിഭാഗധേയത്തെയും നിർണ്ണയിക്കുന്ന മഹത്തായ കാര്യങ്ങളാണ് ദൈവം നിങ്ങളോട് സംസാരിക്കുന്നത്. "അത് നിന്നെ സംബന്ധിച്ചു നിസ്സാരകാര്യമല്ല. മറിച്ച് അതു നിന്റെ ജീവനാണ്." നിങ്ങളുടെ നിത്യത, നിങ്ങളുടെ സന്തോഷം, അല്ലെങ്കിൽ നിങ്ങളുടെ ബുദ്ധിമുട്ട് എന്നിവയെല്ലാം കർത്താവിന്റെ വായ് അരുളിച്ചെയ്ത കാര്യങ്ങളെ നിങ്ങൾ എങ്ങനെ എടുക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. നിത്യ യാഥാർത്ഥ്യങ്ങളെക്കുറിച്ച്





അവിടുന്ന് നിങ്ങളോട് സംസാരിക്കുന്നു. അപ്പോൾ ചെവി തിരിച്ചു കളയുന്ന നിലയിൽ നിങ്ങൾ മടയനാകാതിരിക്കുവാൻ ദൈവവും അവിടുത്തെ നിക്ഷേപങ്ങളും നിങ്ങൾക്ക് ഒന്നുമല്ല എന്നപോലെ പെരുമാറാതിരിക്കുക. ഒഴിവ് സമയം കിട്ടുമ്പോഴോ അല്ലെങ്കിൽ, മറ്റൊരു ജോലിയും ചെയ്യുവാനില്ലാത്തപ്പോൾ മാത്രം ശ്രദ്ധിക്കേണ്ട, രണ്ടാം സ്ഥാനം മാത്രമുള്ള ഒന്നല്ല ദൈവവചനം. മറ്റെല്ലാം മാറ്റിവെച്ചിട്ട് നിങ്ങളുടെ ദൈവത്തെ കേൾക്കുവാൻ തയ്യാറാകുക.

"യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു''- എങ്കിൽ, അതിൽ ആശ്രയിക്കുക. നിങ്ങളെ സംബന്ധിച്ച് അതിന് അടിയന്തര പ്രാധാന്യമുണ്ട്. ദൈവം ആവശ്യമില്ലാതെ നിശ്ശബ്ദതയെ ഭഞ്ജിക്കുകയില്ല. തന്റെ ശബ്ദം ഒരു വലിയ ആവശ്യകതയെ ചൂണ്ടിക്കാട്ടുന്നു.ഇന്നു, നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ അതിന് ചെവി കൊടുക്കുക. എന്തെന്നാൽ അവിടുന്ന് നിങ്ങളുടെ സത്വരശ്രദ്ധയെ ആവശ്യപ്പെടുന്നു. ഒട്ടേറെ കാരണങ്ങൾ ഇല്ലെങ്കിൽ അവിടുന്ന് സംസാരിക്കാറില്ല. അതുകൊണ്ട്, എന്റെ കേൾവിക്കാരാ, തന്റെ വചനത്താൽ അവിടുന്ന് നിങ്ങളോട് സംസാരിച്ചാൽ, അതിന് വേണ്ടത്ര കാരണങ്ങൾ ഉണ്ടെന്ന് വിശ്വസിക്കുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്.! സാത്താൻ പറയുന്നതെന്താണെന്ന് എനിക്കറിയാം- ദൈവശബ്ദം ശ്രവിക്കാതെ നിങ്ങൾക്ക് നന്നായി ജീവിക്കുവാൻ കഴിയുമെന്നാണവൻ പറയുന്നത്. അതുപോലെ നിങ്ങളുടെ ജഡിക മനസ്സും മന്ത്രിക്കുന്നത് ഇതാണ്- "വാണിജ്യത്തിന്റെയും ഉല്ലാസത്തിന്റെയും ശബ്ദത്തിന് ശ്രദ്ധ കൊടുക്കുക. ദൈവത്തെ ശ്രദ്ധിക്കാതിരിക്കുക'ക. നിങ്ങളുടെ യുക്തിയെ ന്യായയുക്തമാക്കാനും, നിങ്ങളുടെ മനസ്സിനെ യഥാർത്ഥ ജ്ഞാനത്തിന് ശ്രദ്ധകൊടുക്കുവാൻ പഠിപ്പിക്കുവാനും പരിശുദ്ധാത്മാവിന് കഴിഞ്ഞാൽ, ഒന്നാമതായി ചെയ്യേണ്ടത് സ്രഷ്ടാവിന് ചെവി കൊടുക്കുകയെന്നതാണെന്ന് നിങ്ങൾ സമ്മതിക്കും.

മറ്റുള്ളവരുടെ ശബ്ദം മറ്റൊരിക്കൽ നിങ്ങൾക്ക് കേൾക്കാം. ദൈവം ആദ്യനാകയാൽ, നിങ്ങളുടെ ചെവി ആദ്യം ശ്രവിക്കേണ്ടത് അവിടുത്തെവാക്കുകളെയാണ്. അവിടുന്ന് അരുളി ചെയ്യുന്നത് ഏറ്റവും പ്രധാനപ്പെട്ടതായി കാണുക. ഒട്ടും താമസം വരുത്താതെ തന്റെ കല്പനകൾ പ്രമാണിക്കുവാൻ നിങ്ങൾ തിടുക്കം കാട്ടുമോ? മുൻവിധിയൊന്നും കൂടാതെ അവിടുത്തെ ആഹ്വാനത്തിന് ഇങ്ങനെ മറുപടി നല്കുക "അരുളി ചെയ്യുക കർത്താവേ, അങ്ങയുടെ ദാസൻ കേൾക്കുക."

ഇതുമായി തുലനം ചെയ്യുമ്പോൾ മറ്റ് ഇടപാടുകൾക്കൊന്നും യാതൊരു പ്രാധാന്യവുമില്ല. എന്തെന്നാൽ ഇതാണ് എല്ലാറ്റിലും ശ്രേഷ്ഠമായ വിഷയം. നിങ്ങളുടെ ആത്മാവ്, നിങ്ങളുടെ സ്വന്തം ആത്മാവ്, നിത്യകാലം നിലനിൽക്കുന്ന നിങ്ങളുടെ ആത്മാവ്, അതിനെ സംബന്ധിക്കുന്നതാണ് ഇത്. നിങ്ങളോട് സംസാരിക്കുന്നത് നിങ്ങളുടെ ദൈവമാണ്. തന്നെ ശ്രദ്ധിക്കുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. നിങ്ങളുടെ സ്രഷ്ടാവിന്, നിങ്ങളുടെ രക്ഷകന്, നിങ്ങളുടെ ഏറ്റവും നല്ല സുഹൃത്തിന് നിങ്ങളോട് പറയുവാനുള്ളത് സന്തോഷത്തോടെ കേൾക്കുക- ''ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ... നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കരുത്." (സങ്കീ. 95:8). "നിങ്ങൾ ചെവി ചായിച്ചു. എന്റെ അടുക്കൽ വരുവിൻ ; നിങ്ങൾക്കു ജീവനുണ്ടാകേണ്ടതിനു കേട്ടുകൊൾവിൻ". (യെശയ്യാ. 55:33).

**മൊഴിമാറ്റം: ബോബി കുര്യൻ**

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

# റോമർ

### അധ്യായം ഏഴ്

**റോമർ** ഏഴാമദ്ധ്യായം തുടക്കത്തിൽ പറയുന്നത്പാപത്തിന്മേൽ ജയവും വിശുദ്ധ ജീവിതവും വാഞ്ഛിക്കുകയും എന്നാൽ അതിലേക്കുള്ള വഴി തെറ്റായി ഗ്രഹിക്കയും ചെയ്ത ഒരുവന്റെ കഥയാണ്.പരിശുദ്ധാത്മാവ് ഒരു വൈവാഹിക ജീവിതത്തിന്റെ ദൃഷ്ടാന്തമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (വാക്യം 4).നാം വീണ്ടും ജനിക്കും മുൻപേ പഴയ മനുഷ്യനുമായി വിവാഹബന്ധത്തിലേർപ്പെട്ടിരുന്നു.എന്നാൽ മാനസാന്തരപ്പെട്ട ശേഷം ക്രിസ്തുവിനെ വിവാഹം കഴിക്കുന്നതിനുപകരം ന്യായപ്രമാണത്തെ വിവാഹം ചെയ്തു തെറ്റായ ബന്ധത്തിൽ ജീവിച്ചു. പാപത്തിന്മേൽ ജയം പ്രാപിച്ച, ഒരു നല്ല ജീവിതം ആഗ്രഹിക്കുന്ന, ഏതു



*ശരീരത്തിലെ ജീവന്റെ ശക്തി ആ പുസ്തകം താഴെ വീഴാതിരിക്കുവാൻ തക്കവണ്ണം ഗുരുത്വാകർഷണ ശക്തിയെ പ്രതിരോധിച്ചു. ഇപ്രകാരമാണ് വീഴാതെവണ്ണം കർത്താവ് നമ്മെ സൂക്ഷിക്കുന്നത്.*





ദൈവപൈതലും ഇത്തരം ഒരു തെറ്റിലേക്കു വീണുപോകാറുണ്ട്. പാപത്തിന്മേൽ ജയം സ്വന്തശക്തിയാൽ സാദ്ധ്യമാക്കാൻ ശ്രമിച്ചു തളർന്നു പരാജയമടയുക-ഇതാണു ന്യായപ്രമാണത്തെ വിവാഹം കഴിക്കുകയെന്നാൽ.

ഇങ്ങനെ ആറും ഏഴും അദ്ധ്യായങ്ങളിൽ മൂന്നുതരം ആത്മീയ വിവാഹങ്ങൾ നാം കണ്ടെത്തുന്നു. ഒന്ന്, പഴയ മനുഷ്യനുമായുള്ള ദാമ്പത്യബന്ധം. രണ്ട്, ന്യായപ്രമാണവുമായും മൂന്ന് ക്രിസ്തുവുമായും ഉള്ള വിവാഹങ്ങൾ.

പഴയ മനുഷ്യൻ, ഭാര്യയെ ഉപദ്രവിക്കയും അവളെ വ്യഭിചാരത്തിലേക്കുനയിച്ച് അവളുടെ സന്തോഷവും സമാധാനവും നഷ്ടമാക്കുകയും ചെയ്യുന്ന ഒരു ദുഷ്ടമനുഷ്യനെപ്പോലെയാണ്.പീഡിതയായ ആ സ്ത്രീ അയാളിൽ നിന്നു എവ്വിധവും മോചനം ആഗ്രഹിക്കുന്നു. ഒരു ദിവസം ദുഷ്ട ഭർത്താവായ ആ പഴയ മനുഷ്യൻ മരിക്കുന്നു. അവൾ വീണ്ടും ജനിക്കുന്നു! വീണ്ടും വിവാഹം കഴിക്കുവാൻ തക്കവണ്ണം അവൾ സ്വതന്ത്രയാകുന്നു. എന്നാൽ ക്രിസ്തുവിനെപ്പോലെ കാഴ്ചയിൽ തോന്നിപ്പിക്കുന്ന ഒരുവനെയാണ് ഇക്കുറി അവൾ വിവാഹം കഴിക്കുന്നത്- അതാണു ന്യായപ്രമാണം.

ന്യായപ്രമാണം പൂർണ്ണതയുള്ളതാണ്. അതുകൊണ്ടാണ് പ്രത്യക്ഷത്തിൽ ക്രിസ്തുവിനെപ്പോലെ തോന്നിപ്പിക്കുന്നത്.അത് സമ്പൂർണ്ണ നീതിയാണ് ആവശ്യപ്പെടുന്നത്.അതു പഴയ മനുഷ്യനെപ്പോലെയുള്ള ഭർത്താവല്ല.മർദ്ദനമോ പീഡനമോ അപമാനമോ ഒന്നുമില്ല.പക്ഷേ അദ്ദേഹം വലിയ കർക്കശക്കാരനാണ്.എല്ലാം കൃത്യമായും പൂർണ്ണമായും ഇരിക്കണം.കാലത്തെ ആറു മണിക്കുതന്നെ എഴുന്നേൽക്കണം.എട്ടു മണിക്ക് പ്രഭാത ഭക്ഷണം തയ്യാറാക്കണം. ഒരു മിനിട്ടു വൈകാൻ പാടില്ല. കൃത്യം എട്ടു മണിക്കു തന്നെ വേണം. അതാണു പൂർണ്ണത.

**നാം വീണ്ടും ജനിക്കും മുൻപേ പഴയ മനുഷ്യനുമായി വിവാഹബന്ധത്തിലേർപ്പെട്ടിരുന്നു. എന്നാൽ മാനസാന്തരപ്പെട്ട ശേഷം ക്രിസ്തുവിനെ വിവാഹം കഴിക്കുന്നതിനു പകരം ന്യായപ്രമാണത്തെ വിവാഹം ചെയ്തു തെറ്റായ ബന്ധത്തിൽ ജീവിച്ചു. പാപത്തിന്മേൽ ജയം പ്രാപിച്ച, ഒരു നല്ല ജീവിതം ആഗ്രഹിക്കുന്ന, ഏതു ദൈവപൈതലും ഇത്തരംഒരു തെറ്റിലേക്കു വീണുപോകാറുണ്ട്. പാപത്തിന്മേൽ ജയം സ്വന്തശക്തിയാൽ സാദ്ധ്യമാക്കാൻ ശ്രമിച്ചു തളർന്നു പരാജയമടയുക-ഇതാണു ന്യായപ്രമാണത്തെ വിവാഹം കഴിക്കുകയെന്നാൽ.**

വീടിന്റെ ഓരോ മുക്കും മൂലയും വെടിപ്പായും വൃത്തിയായും ഇരിക്കണം. ഷൂസും ചെരുപ്പും ഒക്കെ കൃത്യസമയത്ത് അടുക്കി വയ്ക്കണം.വസ്ത്രങ്ങൾ അല്പം പോലും അഴുക്കോ കറയോ ഇല്ലാതെ അലക്കി ഇസ്തിരിയിട്ട് അടുക്കി വയ്ക്കണം.ഒരു തിന്മയും പ്രവർത്തിക്കാൻ ന്യായപ്രമാണം നിങ്ങളോട് ആവശ്യപ്പെടുന്നില്ല.എന്നാൽ ഇത്രയും കൃത്യതയും പൂർണ്ണതയും ആവശ്യപ്പെടുന്ന ഒരു വ്യക്തിയെ വിവാഹം ചെയ്യാൻ എത്ര യുവ സഹോദരിമാർ തയ്യാറാകും? പഴയ മനുഷ്യനോടൊത്തുള്ള വിവാഹത്തിനു ശേഷം ന്യായപ്രമാണത്തെ വിവാഹം ചെയ്യുന്നത് വറചട്ടിയിൽ നിന്നും എരിതീയിലേക്ക് ചാടിയതുപോലെയുള്ള ഒരു അനുഭവമാകും.അയാൾ നല്ല മനുഷ്യനാണ്. പക്ഷേ വളരെ കൂടുതൽ നമ്മിൽ നിന്നും ആവശ്യപ്പെടുന്നവനാണ്. തിന്മയായതൊന്നും അയാൾ ആവശ്യപ്പെടി

**ക്രിസ്തുവും വളരെയേറെ നമ്മിൽ നിന്നും ആവശ്യപ്പെടുന്ന ഭർത്താവാണ്.ന്യായ പ്രമാണം പറയുന്നതുപോലെ പൂർണ്ണതയുള്ള ഒരു ഭർത്താവുതന്നെയാണ് ക്രിസ്തുവും. എല്ലാം കിറുകൃത്യം. ന്യായപ്രമാണത്തിന്റെ നിലവാരത്തിൽ നിന്നും വരവണ്ണം പോലും താഴെയല്ലാത്ത നിലവാരം. ന്യായപ്രമാണം ചെയ്യുന്നതുപോലെ വെറുതെ ആജ്ഞകൾ നൽകുകയല്ല യേശു ചെയ്യുന്നത്. അവിടുന്നു നമ്മോടൊപ്പം പ്രവർത്തിക്കുന്നു.നാം അവിടുത്തെ സഹപ്രവർത്തകരാണ്.അങ്ങനെയുള്ള ഒരു ഭർത്താവാണ് യേശു.**

ല്ല.പക്ഷേ അയാളുടെ നിലവാരം നമുക്കൊരിക്കലും എത്തിപ്പിടിക്കാൻ കഴിയാത്തതാണ്. അപ്പോഴാണ് നിങ്ങൾ തിരിച്ചറിയുന്നത് നിങ്ങളൊരു തെറ്റായ മനുഷ്യനെത്തന്നെയാണ് വിവാഹം ചെയ്തിരിക്കുന്നതെന്ന്.

ഇനി നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും? ന്യായപ്രമാണം – ദൈവത്തിന്റെ ന്യായപ്രമാണം – ഒരിക്കലും മരിക്കുന്നില്ല.അതിനു നീക്കം വരുന്നില്ല. ഇതാ മരണമില്ലാത്തവണ്ണം ആരോഗ്യം ക്ഷയിക്കാത്ത ശക്തനായ ഒരു ഭർത്താവ്.“ഭർത്താവുള്ള സ്ത്രീ അവൻ ജീവിച്ചിരിക്കുന്ന കാലത്തോളം ഭർത്തൃ ന്യായപ്രമാണത്താൽ അവനോടു ബന്ധിക്കപ്പെട്ടിരിക്കുന്നു”. (7:2). അങ്ങനെ തന്റെ ജീവിതത്തിൽ സന്തോഷമെന്നത് ഒരു വ്യർഥസ്വപ്നമായി ആ സ്ത്രീയിൽ അവശേഷിക്കുന്നു. അപ്പോൾ ദൈവം അത്ഭുതകരമായ ഒരു കാര്യം ചെയ്തു. ദൈവം ആ സ്ത്രീയെ മരണത്തിലേക്കു നടത്തി. അത് ആ വിവാഹബന്ധം റദ്ദാകുന്നതിന് കാരണമായിത്തീർന്നു. ആദ്യബന്ധത്തിൽ ഭർത്താവായിരുന്നു മരിച്ചത്. പഴയ മനുഷ്യൻ മരിച്ചു. രണ്ടാം ബന്ധത്തിൽ ഭാര്യ മരിച്ചു.അതായതു നാം മരിക്കുന്നു. “നാം മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റ ഒരുവന് ആകേണ്ടതിനു ന്യായപ്രമാണ സംബന്ധമായി നാം മരിച്ചിരിക്കുന്നു.” (7:4).ക്രിസ്തുവിനോടുകൂടെ മരിച്ചവരായ നാം ന്യായപ്രമാണത്തോടുള്ള ബന്ധത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കുന്നു.ക്രിസ്തുവിന്റെ വധു ആകേണ്ടതിനു ദൈവം നിങ്ങളെ മരണത്തിൽ നിന്ന് എഴുന്നേൽപ്പിച്ചിരിക്കുന്നു. അതാണ് മഹത്വകരമായ മൂന്നാം വിവാഹം!

എന്നാൽ ക്രിസ്തുവും വളരെയേറെ നമ്മിൽ നിന്നും ആവശ്യപ്പെടുന്ന ഭർത്താവാണ്.ന്യായ പ്രമാണം പറയുന്നതുപോലെ പൂർണ്ണതയുള്ള ഒരു ഭർത്താവു തന്നെയാണ് ക്രിസ്തുവും.കൃത്യം എട്ടുമണിക്കു തന്നെ പ്രഭാതഭക്ഷണം ആവശ്യപ്പെടുന്ന ഭർത്താവ്. ഒരു മിനിട്ടുപോലും വൈകാൻ പാടില്ല. എല്ലാം കിറുകൃത്യം.വീടുമുഴുവൻ ഒരു പൊടിയുടെ കണികപോലുമില്ലാതെ വെട്ടിത്തിളങ്ങണം. ന്യായ പ്രമാണത്തിന്റെ നിലവാരത്തിൽ നിന്നും വരവണ്ണം പോലും താഴെയല്ലാത്ത നിലവാരം.മാത്രമല്ല അതിനെക്കാൾ വളരെ ഉയർന്ന തലത്തിലുള്ള നിലവാരം. “വ്യഭിചാരം ചെയ്യരുതെ”ന്നു മാത്രമെ ന്യായപ്രമാണം പറയുന്നുള്ളൂ. യേശു പറയുന്നത് “അന്യസ്ത്രീയെ ഹൃദയത്തിൽ ആഗ്രഹിക്കപോലും അരുതെ”ന്നാണ്.

എന്നാൽ ക്രിസ്തുവും ന്യായപ്രമാണവും തമ്മിൽ വലിയ ഒരു വ്യത്യാസം ഉണ്ട്. ക്രിസ്തു പറയുന്നു: “നമുക്കൊരുമിച്ചു പ്രഭാതഭക്ഷണം തയ്യാറാക്കാം”.എല്ലാക്കാര്യങ്ങളും തന്റെ കൂടെ സഹായത്തോടെ നാം ചെയ്യണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു.

എത്ര ഉത്സാഹിച്ചാലും ഉച്ചയ്ക്ക് ഒരു മണിയാകുമ്പോഴേക്കുമാത്രം പ്രഭാതഭ





ക്ഷണം തയ്യാറാക്കാൻ കഴിയുന്ന കഴിവു കുറഞ്ഞ ഒരു വ്യക്തിയാണു നിങ്ങളെന്നു കരുതുക.ന്യായപ്രമാണം ചെയ്യുന്നതുപോലെ കർത്താവു നിങ്ങളെ കുറ്റം വിധിക്കുകയോ ശിക്ഷ നടത്തുകയോ ചെയ്യുകയില്ല.തിരസ്കരിക്കയുമില്ല.അവിടുന്ന് ഇങ്ങനെ പറയും: “സാരമില്ല, നമുക്കൊരുമിച്ചു പ്രവർത്തിക്കാം. ഞാൻ സഹായിച്ചു കാര്യങ്ങൾ മെച്ചപ്പെടുത്താം”. അങ്ങനെ കർത്താവു കൂടി സഹായിച്ച് ഒരാഴ്ചയ്ക്കുള്ളിൽ പതിനൊന്ന് മണിക്ക് പ്രഭാത ഭക്ഷണം തയ്യാറാകുന്ന നിലയിലേക്കു കാര്യങ്ങൾ പുരോഗമിക്കുന്നു. കർത്താവു പറഞ്ഞു “എത്ര അത്ഭുതം! ഇതാ നീ ഒരു മണിയിൽ നിന്നു പതിനൊന്നുമണിയിലേക്കു വലിയ ഒരു ചുവടു വയ്പു നടത്തിയിരിക്കുന്നു. നാം പൂർണ്ണതയിലേക്ക് മുന്നേറുകയാണ്. ചില ദിവസങ്ങൾക്കുള്ളിൽ എട്ടുമണിയിലേക്കു തന്നെ നാം നടന്നു കയറും. നാം മുമ്പോട്ടു തന്നെ പോകും.” തുണി അലക്കാൻ നിങ്ങൾക്കറിയില്ല എന്നു കരുതുക. കറയും ചെളിയും ഒന്നും നീക്കാൻ നിങ്ങൾക്കറിഞ്ഞുകൂടാ. കർത്താവു പറയുന്നു: “സാരമില്ല, ഞാൻ സഹായിക്കാം.” അടുത്ത പ്രാവശ്യം കർത്താവിന്റെ സഹായം ഇക്കാര്യത്തിൽ നിങ്ങൾക്കു ലഭിക്കുന്നു. കറയും അഴുക്കും ഒക്കെ നീങ്ങിത്തുടങ്ങുന്നതു നിങ്ങൾ കാണുന്നു. അല്പം പോലും കറയോ അഴുക്കോ ഇല്ലാതെ വസ്ത്രങ്ങൾ വെണ്മയാക്കുവാൻ തക്കവണ്ണം നിങ്ങളെ പരിശീലിപ്പിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. നിങ്ങൾ പൂർണ്ണതയിലെത്തുവോളം അവിടുന്ന് നിങ്ങളോടു ചേർന്നു പ്രവർത്തിക്കുന്നു.

എങ്ങനെയാണു തന്റെ വധുവിനോടൊപ്പം കർത്താവു പ്രവർത്തിക്കുന്നതെന്നു നിങ്ങൾക്ക് മനസ്സിലായോ? ന്യായപ്രമാണം ചെയ്യുന്നതുപോലെ വെറുതെ ആജ്ഞകൾ നൽകുകയല്ല യേശു ചെയ്യുന്നത്. അവിടുന്നു നമ്മോടൊപ്പം പ്രവർത്തിക്കുന്നു.നാം അവിടുത്തെ സഹ

**നിയമാനുസാരികളായ ക്രിസ്ത്യാനികൾ നിയമങ്ങളും ചട്ടങ്ങളും ഒക്കെ അനുവർത്തിച്ച് ജീവിതം പൂർണ്ണതയുള്ളതാക്കാൻ ശ്രമിക്കയും കുറ്റബോധത്തിലും അരിഷ്ടതയിലും ബന്ധനത്തിലും കാലം കഴിക്കുകയും ചെയ്യുന്നു. അവർ തങ്ങൾ വച്ചിരിക്കുന്ന പ്രമാണങ്ങളും ചട്ടങ്ങളും മറ്റുള്ളവരുടെ മേലും അടിച്ചേൽപ്പിച്ച് അവരെയും കുറ്റബോധത്തിലും അരിഷ്ടതയിലും ആക്കിത്തീർക്കുന്നു.ദൈവത്തിന്റെ മക്കളായ നാം മഹത്വകരമായ സ്വാതന്ത്ര്യത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു .**

പ്രവർത്തകരാണ്.അങ്ങനെയുള്ള ഒരു ഭർത്താവാണ് യേശു.

നിയമാനുസാരികളായ ക്രിസ്ത്യാനികൾ നിയമങ്ങളും ചട്ടങ്ങളും ഒക്കെ അനുവർത്തിച്ച് ജീവിതം പൂർണ്ണതയുള്ളതാക്കാൻ ശ്രമിക്കയും കുറ്റബോധത്തിലും അരിഷ്ടതയിലും ബന്ധനത്തിലും കാലം കഴിക്കുകയും ചെയ്യുന്നു. അവർ തങ്ങൾ വച്ചിരിക്കുന്ന പ്രമാണങ്ങളും ചട്ടങ്ങളും മറ്റുള്ളവരുടെ മേലും അടിച്ചേൽപ്പിച്ച് അവരെയും കുറ്റബോധത്തിലും അരിഷ്ടതയിലും ആക്കിത്തീർക്കുന്നു.ദൈവത്തിന്റെ മക്കളായ നാം മഹത്വകരമായ സ്വാതന്ത്ര്യത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു (റോമ. 8:21)

ഏഴാം അധ്യായത്തിന്റെ അവസാനത്തിൽ വീണ്ടും ജനിച്ച ഒരു വ്യക്തി തന്റെ ആന്തരിക സംഘർഷത്തെക്കുറിച്ച് പറയുന്നത് പൗലോസിന്റെ വാക്കുകളിൽ “ദൈവത്തിന്റെ ന്യായപ്രമാണം നല്ലത് എന്നു ഞാൻ സമ്മതിക്കുന്നു. എങ്കിലും

**നിങ്ങൾ കോപിച്ചു പോകുന്നു. പെട്ടെന്നു തന്നെ നിങ്ങൾ അതെക്കുറിച്ചു ദുഃഖിക്കുന്നു. അതു നിങ്ങൾ മനഃപൂർവ്വം ചെയ്ത ഒരു പാപമല്ല. നിങ്ങൾ വീഴാൻ ആഗ്രഹിച്ചില്ല. പക്ഷേ വീണു. ധാരാളം നല്ല കാര്യങ്ങൾ ചെയ്യുവാൻ നമുക്കാഗ്രഹമുണ്ട് എന്നാൽ ചെയ്യാൻ കഴിയുന്നില്ല.അതിനാൽ ദിനാന്ത്യത്തിൽ നാം അതോർത്ത് ഖേദിക്കുന്നു. പക്ഷേ ഒരു ദുർബല നിമിഷത്തിൽ നാം വീണു.എങ്ങനെയാണ് അരിഷ്ടമായ ഈ ജീവിതത്തിൽ നിന്നും നാം മുക്തി നേടുക?ഒരു വഴിയുണ്ടോ? ഉണ്ട്.**

ഞാൻ ഇച്ഛിക്കുന്നതു പ്രവർത്തിക്കാൻ എനിക്കു കഴിയുന്നില്ല."(വാ. 16) "ഞാൻ ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയത്രെ പ്രവർത്തിക്കുന്നത്" (വാ. 19)എന്നാണ്. മനഃപൂർവ്വമായ പാപത്തെക്കുറിച്ചല്ല പൗലൊസ് ഇവിടെ പറയുന്നത്.എനിക്കു വ്യഭിചാരം ചെയ്യണമെന്ന് ആഗ്രഹമില്ല, എങ്കിലും ഞാൻ ചെയ്തു പോകുന്നു എന്നുമല്ല ഇവിടെ പറയുന്നത്. കൊല ചെയ്യണമെന്നു ഞാൻ ഇച്ഛിക്കുന്നില്ല, എങ്കിലും ഞാൻ അറിയാതെ കൊന്നു പോകുന്നു എന്നുമല്ല ഇവിടെ പറയുന്നത്. അത്തരം കാര്യങ്ങളെക്കുറിച്ചൊന്നുമല്ല പൗലൊസ് പറയുന്നത്."ഞാൻ ചെയ്യുന്നതു ഞാൻ അറിയുന്നില്ല.'' (വാ. 15).തനിക്കു മനസ്സിലാക്കുവാൻ കഴിയാത്ത കാര്യങ്ങൾ.വ്യക്തമായി മനസ്സിലാക്കാൻ കഴിയാത്ത, ഇടറുകയും വീഴുകയും ചെയ്യുന്ന, എല്ലാ ശ്രമങ്ങളും പാളുന്ന, ഇടങ്ങളെക്കുറിച്ചാണ് 7:15-25 വരെയുള്ള വേദഭാഗം മുഴുവനും പറയുന്നത്. ദൈവത്തിന്റെ പൂർണ്ണഹിതമെന്തെന്നു നമുക്കു വ്യക്തമായി വെളിച്ചമില്ലാത്ത നമ്മുടെ ജീവിതത്തിലെ നിരവധി മേഖലകളിലുണ്ടാകുന്ന പരാജയങ്ങൾ.

നിങ്ങൾ കോപിക്കുന്ന സ്വഭാവമുള്ള ഒരു വ്യക്തിയാണെന്നു കരുതുക. ഒരു പ്രഭാതത്തിൽ നിങ്ങളിങ്ങനെ ചിന്തിക്കുന്നു:"ഞാൻ എന്റെ ഭാര്യയോടും മക്കളോടും എല്ലാ ദിവസവും കോപിക്കുന്നു. എന്നാൽ ഇന്ന് ഞാൻ അങ്ങനെ ചെയ്യുകയില്ല.'' ഇതു നിങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടെ എടുത്ത തീരുമാനമാണ്. പക്ഷേ നിങ്ങളെ പ്രകോപിപ്പിക്കുന്ന ഒരു കാര്യം ഉടനെ സംഭവിക്കുന്നു. നിങ്ങൾ കോപിച്ചു പോകുന്നു. പെട്ടെന്നു തന്നെ നിങ്ങൾ അതെക്കുറിച്ചു ദുഃഖിക്കുന്നു. അതു നിങ്ങൾ മനഃപൂർവ്വം ചെയ്ത ഒരു പാപമല്ല. നിങ്ങൾ വീഴാൻ ആഗ്രഹിച്ചില്ല. പക്ഷേ വീണു. അതു നിങ്ങളുടെ പഴയ മനുഷ്യനല്ല, മറിച്ച് ശക്തി പ്രാപിക്കാത്ത പുതിയ മനുഷ്യനാണ് ജഡമോഹങ്ങൾക്കുനേരെ വാതിലടയ്ക്കാതിരുന്നത്.ധാരാളം നല്ല കാര്യങ്ങൾ ചെയ്യുവാൻ നമുക്കാഗ്രഹമുണ്ട് എന്നാൽ ചെയ്യാൻ കഴിയുന്നില്ല.അതിനാൽ ദിനാന്ത്യത്തിൽ നാം അതോർത്ത് ഖേദിക്കുന്നു.പക്ഷേ ഒരു ദുർബല നിമിഷത്തിൽ നാം വീണു.എങ്ങനെയാണ് അരിഷ്ടമായ ഈ ജീവിതത്തിൽ നിന്നും നാം മുക്തി നേടുക?(വാ. 24).ഒരു വഴിയുണ്ടോ? ഉണ്ട്.അതിനായി നമുക്കു ദൈവത്തിനു സ്ത്രോത്രം ചെയ്യാം. ജഡം കൊണ്ടു നാം പാപത്തിൽ രസിക്കുന്നു. എന്നാൽ നമ്മുടെ മനസ്സും ഇച്ഛയും ദൈവത്തെ മാത്രം അനുസരിക്കുവാൻ നാം വച്ചിരിക്കുന്നു(വാ. 25).

### അധ്യായം എട്ട്

റോമർ എട്ടാമദ്ധ്യായത്തിൽ പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെക്കുറിച്ച് മൂന്നു കാലങ്ങളിലായി പ്രതിപാദിച്ചിരിക്കുന്നു. പാപത്തിന്റെ ശിക്ഷയിൽ നിന്നും ഒന്നാമതായി നാം സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്നു- ഒരു ശിക്ഷാ വിധിയും ഇല്ല. (വാ. 1).രണ്ടാമതായി നാം പാപത്തിന്റെ ശക്തിയിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചു കൊണ്ടിരിക്കുന്നു (വാ. 2-17). മൂന്നാമതായി, ഒരു നാൾ നാം പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നു തന്നെ സ്വാതന്ത്ര്യം പ്രാപിക്കും. (വാ. 18-25)

രണ്ടാം വാക്യത്തിൽ രണ്ടു പ്രമാണങ്ങളെക്കുറിച്ചു നാം വായിക്കുന്നു.പാപത്തിന്റെയും മരണത്തിന്റെയും പ്രമാണം, ഗുരുത്വാകർഷണനിയമം പോലെ,എപ്പോഴും നമ്മെ താഴേക്കു വലിച്ചു കൊണ്ടിരിക്കുന്നു.ഇതിൽ നിന്നു നമ്മെ മോചിപ്പിക്കുന്നതു ആത്മാവിന്റെ പ്രമാണമാണ്. ആത്മാവിന്റെ പ്രമാണം മോശെയുടെ ന്യായപ്രമാണം പോലെ ''നീ....... ചെയ്യണം" "നീ.......... ചെയ്യരുത്" എന്ന മട്ടിലുള്ള ഒരു നിര കല്പനകളല്ല. അത് യേശു ക്രിസ്തുവിന്റെ ജീവനാണ്.

ഞാനൊരു ദൃഷ്ടാന്തം പറയട്ടെ. ഞാൻ എന്റെ കയ്യിൽ ഒരു പുസ്തകം പിടിച്ചിരിക്കുന്നു. അതു നിലത്തു വീഴാൻ സാദ്ധ്യതയില്ല. എന്നാൽ ഞാൻ പിടി വിട്ടാൽ അതു താഴെ വീഴും. ഗുരുത്വാകർഷണനിയമത്തിനെതിരെ പ്രവർത്തിച്ചതെന്താണ്?എന്റെ ശരീരത്തിലെ ജീവന്റെ ശക്തി.എന്റെ ശക്തി ആ പുസ്തകം താഴെ വീഴാതിരിക്കുവാൻ തക്കവണ്ണം ഗുരുത്വാകർഷണ ശക്തിയെ പ്രതിരോധിച്ചു. ഇപ്രകാരമാണ് വീഴാതെവണ്ണം കർത്താവ് നമ്മെയും സൂക്ഷിക്കുന്നത് (യൂദാ. 24)- പരിശുദ്ധാത്മാവിലൂടെ തന്റെ ജീവൻ നമ്മിൽ പകർന്നുകൊണ്ട് ക്രിസ്തുയേശുവിലെ ജീവന്റെ പ്രമാണം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്താലുള്ള വീഴ്ചകളിൽ നിന്നും നമ്മെ സൂക്ഷിക്കും,എത്രത്തോളം നമ്മെ പിടിക്കുവാൻ നാം അവിടുത്തെ അനുവദിക്കുമോ അത്രത്തോളം.അങ്ങനെ മാത്രമേ നമുക്കു ജയാളികളായിത്തീരുവാൻ കഴിയൂ.ദൈവം നമ്മെ താങ്ങുന്നതുകൊണ്ടുമാത്രം നാം പാപത്തിൽ വീഴാതെയിരിക്കുന്നു എങ്കിൽ നമ്മുടെ ജയത്തിൽ നമുക്കെത്രമാത്രം പ്രശംസിക്കാൻ കഴിയും? ഞാൻ പിടിച്ചിരിക്കുന്നതുകൊണ്ടു വീഴാതിരിക്കുന്ന ഒരു പുസ്തകത്തിനു താൻ വീഴാതിരിക്കുന്നതിലുള്ള പ്രശംസ എത്രയുണ്ടോ അത്രമാത്രം. എന്നാൽ ഒരു പുസ്തകത്തിനു സ്വയം തെരഞ്ഞെടുപ്പിനുള്ള കഴിവില്ല.നമുക്ക് സ്വതന്ത്രമായ ഒരു ഇച്ഛാശക്തിയുണ്ട്. നമുക്കു കർത്താവിന്റെ കരങ്ങളിലിരിക്കുകയോ ചാടിപ്പോവുകയോ ചെയ്യാം.ചാടിപ്പോയാൽ നാം വീഴുക തന്നെ ചെയ്യും.എന്നാൽ നാം കർത്താവിനു വിധേയപ്പെടുന്നു എങ്കിൽ അവിടുന്നു നമ്മെ വീഴാതെ സൂക്ഷിക്കും.ഒരു വിശ്വാസി വീഴുകയില്ല എന്നു പറയുവാൻ ഞാൻ ഒരുക്കമല്ല.എന്നാൽ ഒരു കാര്യം ഞാൻ പറയട്ടെ, ഒരു വിശ്വാസിക്ക് വീഴേണ്ട ആവശ്യമില്ല; വീഴേണ്ട കാര്യമില്ല.8:28-ൽ ഇപ്രകാരം പറയുന്നു: "ദൈവം തന്റെ ഉദ്ദേശ്യത്തിനായി വിളിച്ചവർക്ക്, താൻ സ്നേഹിക്കുന്നവർക്ക്,സകലവും കൂടിച്ചേർന്ന് നന്മയിലേക്ക് വ്യാപരിക്കുന്നു".സുവിശേഷം നമ്മെ ക്രിസ്തുവിൽ അത്ഭുതകരമായ ഒരു പദവിയിലേക്കാണു കൊണ്ടു വന്നിരിക്കുന്നത്. പാപികൾ എന്ന നിലയിൽ നിന്നാണു നമ്മുടെ തുടക്കമെങ്കിലും ആരംഭത്തിൽത്തന്നെ നമുക്കു പാപക്ഷമ ലഭിച്ചു.തുടർന്നു ദൈവം നമ്മെ നീതിമാന്മാരായി പ്രഖ്യാപിക്കുന്നു.അവിടെ നിന്നും നാം പാപത്തിന്മേൽ ജയം പ്രാപിക്കുന്ന ഒരു ജീവിതം ആരംഭിക്കുന്നു.അങ്ങനെ ന്യായപ്രമാണത്തിൽ നിന്നും അതിന്റെ ആത്മാവിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുകയും പരിശുദ്ധാത്മാവിലുള്ള ഒരു ജീവിതത്തിലേക്കു പ്രവേശിക്കുകയും ചെയ്യുന്നു.

(തുടരും)

**മൊഴിമാറ്റം: ബോബി ചെറിയാൻ**

**സഹോദരിമാരോട്**

### സ്ത്രീയേ, നീ കരയുന്നതെന്ത്?

# ശാരീരികവേദനയിലെ ദൈവികപദ്ധതി

## അദ്ധ്യായം-9 തുടർച്ച

**ആനി പുന്നൻ**

**ന**യിൻ എന്ന പട്ടണത്തിൽ നാം വിലപിക്കുന്ന ഒരു വിധവയെ കാണുന്നു. വാർദ്ധക്യത്തിൽ അവളെ പരിരക്ഷിച്ചുപോന്നിരുന്ന അവളുടെ ചെറുപ്പക്കാരനായ ഏകപുത്രൻ പെട്ടെന്നു മരിച്ചുപോയി. അവൾ നിയന്ത്രണം വിട്ടു കരഞ്ഞു. ശവപ്പെട്ടിയിൽ കിടക്കുന്ന പ്രിയമകന്റെ മുഖത്തേക്കു നോക്കിക്കൊണ്ട് ശവസംസ്കാരം ആകാവുന്നിടത്തോളം താമസിപ്പിക്കുവാൻ അവൾ ശ്രമിച്ചു. ഒടുവിൽ വിലപിക്കുന്നവരായ ആളുകൾ ശവപ്പെട്ടിയും എടുത്തുകൊണ്ട് പുറത്തേക്കു പോകാൻ അവൾ മനസ്സില്ലാമനസ്സോടെ സമ്മതം നൽകി.കരഞ്ഞുകൊണ്ട് അവൾ അവരെ അനുഗമിച്ചു. ശവസംസ്കാരത്തിനുശേഷം ഏകയും ദു:ഖാർത്തയുമായി അന്നു രാത്രി വീട്ടിൽ കഴിഞ്ഞുകൂടേണ്ടിവരുമെന്നാണ് അവൾ വിചാരിച്ചത്. സ്നേഹവാനായ സ്വർഗ്ഗീയ പിതാവ് തനിക്കുവേണ്ടി എന്താനന്ദമാണ് കരുതിവച്ചിട്ടുള്ളതെന്ന് അവൾ അപ്പോൾ അറിഞ്ഞില്ല. ആ സമയത്ത് യേശു നയിൻ വഴി യാത്ര ചെയ്യുവാനാണ് പദ്ധതിയിട്ടത്.അവിടുന്ന് ഒരിക്കലും വൈകിപ്പോകുന്നില്ല.അവിടുന്ന് ആ വിലാപയാത്രയെ തടഞ്ഞു; ശവപ്പെട്ടി തുറപ്പിച്ചു; മരിച്ചുപോയ ചെറുപ്പക്കാരനെ എഴുന്നേല്പിച്ചു. അവന്റെ അമ്മയ്ക്ക് അവനെ തിരികെകിട്ടി. നിസ്സഹായയും, വിധവയുമായ പ്രിയ സഹോദരി, ദൈവം നിനക്കുവേണ്ടിയും കരുതുന്നുണ്ട്.നിന്റെ ദു:ഖവേളയിൽ അവിടുന്നു നിന്റെ അരികിലേക്കു വരും.

എല്ലാ വിധവമാർക്കും ദൈവത്തിന്റെ ഹൃദയത്തിൽ പ്രത്യേകമായ സ്ഥാനമുണ്ട്. സാധാരണയായി അവർക്കുവേണ്ടി കരുതുവാൻ ഈ ലോകത്തിൽ ആരും തന്നെ ഉണ്ടാകില്ല.നിസ്സഹായരായ അവരെ അനേകർ ചൂഷണം ചെയ്യുന്നു.എന്നാൽ ദൈവം വിധവമാരുടേയും, അനാഥരുടേയും ദൈവമാണ്. “നിന്റെ വിധവമാർ എന്നിൽ ആശ്രയിക്കട്ടെ” എന്നു ദൈവം പറയുന്നു (യിരെ. 49:11). വിധവയായ പ്രിയ സഹോദരി, നീ അത് അവകാശപ്പെടുക. ദിവ്യനായ ഭർത്താവിന്റെയും, സ്വർഗ്ഗീയപിതാവിന്റെയും അരികിലേക്ക് നീ സ്വതന്ത്രമായി കടന്നുചെല്ലുക.

മകൻ മരിച്ചുപോയ ഒരു സ്ത്രീയെപ്പറ്റി നാം പഴയനിയമത്തിൽ വായിക്കുന്നുണ്ട്. (2 രാജാ. 4) ദൈവത്തിന്റെ പ്രവാചകനായ ഏലിശയ്ക്കു മാത്രമേ അവളെ സഹായിക്കുവാൻ കഴിയുകയുള്ളൂ എന്നു മനസ്സിലാക്കിയിട്ട് ആ സ്ത്രീ അവനെ കാണുവാനായി പോകുന്നു. ദീർഘദൂരം യാത്ര ചെയ്തു പോകുന്ന അവളെ കണ്ടവരാരും തന്നെ അവൾ അന്തരംഗത്തിൽ വിലപിക്കുകയായിരുന്നു എന്നു മനസ്സിലാക്കിയില്ല. ഏലിശയെ കണ്ടുമുട്ടിയപ്പോൾ അവൾ





അവനോട് വിശ്വാസത്തിന്റെ ഭാഷയിൽ “ബാലനു സുഖം തന്നെ”എന്നാണു പറഞ്ഞത്. (2 രാജാ. 4:26).അവൾക്കു സ്വന്തം മകനെ മരിച്ചവരുടെ ഇടയിൽ നിന്ന് തിരികെ കിട്ടിയതിൽ ഒരത്ഭുതവും ഇല്ല. ഇത്തരത്തിലുള്ള വിശ്വാസത്തെ ദൈവം മാനിക്കുന്നു.

ലൂക്കോസ് പതിമൂന്നാം അധ്യായത്തിൽ കൂനിയായ ഒരു സ്ത്രീയെക്കുറിച്ച് നാം വായിക്കുന്നു. അവൾ ഏതോ ഒരു കഠിന രോഗം ബാധിച്ച് പതിനെട്ടു വർഷമായി കഷ്ടപ്പെട്ടിരുന്നു. അവൾ നേരെ നടക്കാൻ കഴിവില്ലാതെ കൂനിയവളായി ജീവിച്ചുപോന്നു. എന്നാൽ അവൾ സ്വന്തം വേദനയും വൈകല്യവും അവഗണിച്ച് വിശ്വസ്തയായി എല്ലാ ആഴ്ചയും പ്രാർത്ഥനയ്ക്കു പോയിരുന്നു.ആ പ്രത്യേക ശബ്ബത്തു ദിവസത്തെ പ്രാർത്ഥന അവൾ മുടക്കാതിരുന്നത് നന്നായി. കാരണം ഈ ദിനമായിരുന്നു ദൈവം അവളെ സൗഖ്യമാക്കുവാനായി പദ്ധതിയിട്ടിരുന്നത്.ദീർഘമായ അനേക വർഷങ്ങൾ അവളെ പിശാച് ബന്ധിച്ചിരുന്നു.ആശയറ്റ, പരിതാപകരമായ അവളുടെ അവസ്ഥ കാരണം അവൾ ഒരു മൃഗത്തെപ്പോലെയാണ് ഗമിച്ചിരുന്നത്. പിശാച് അവന്റെ ഇരകളെ ഇപ്രകാരമാണ് ആക്കിത്തീർക്കുന്നത്. (ലൂക്കോ. 13:11-13).പതിനെട്ടു വർഷമായി ഈ തെരുവിലൂടെ നടന്നുപോയപ്പോഴൊക്കെ കുട്ടികളുടെ പരിഹാസം അനുഭവിച്ച് അവൾ വിലപിച്ചുകാണും. അവൾക്ക് മുകളിലേക്ക് നോക്കുവാൻ കഴിവില്ലായിരുന്നു. പക്ഷേ ഒരു വിടുതലിനായി ഹൃദയം കൊണ്ട് അവൾ ദൈവത്തെ കാത്തിരുന്നു.മറ്റുള്ളവർ സഹതാപം കാട്ടുന്ന ഒരുവളായിത്തീർന്നിരിക്കാം അവൾ. എന്നാൽ ഇതു മൂലവും ഒരാൾക്ക് കരച്ചിൽ വന്നുപോകും. ചില കുട്ടികൾ അവളുടെ വളഞ്ഞു മടങ്ങിയ രൂപം കണ്ട് ഭയന്നുകാണും. പിശാച് അവളുടെ മേൽ വരുത്തിവച്ച ഈ ദുഷിച്ച ശാപത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിക്കുവാനായി അവൾ അനേക രാത്രികൾ ദൈവത്തോടു നിലവിളിച്ചുകാണും.ഒടുവിൽ യേശു വന്ന് അവളെ സ്വതന്ത്രയാക്കിത്തീർത്തു.പള്ളിയിൽ വച്ച് യേശു അവളെ കണ്ടിട്ട് മുമ്പിലേക്ക് വിളിക്കുകയും, അത്ഭുതകരമായ വിടുതലിന്റെ വചനം അവളോടു സംസാരിക്കുകയും ചെയ്തു-“സ്ത്രീയേ, നിന്റെ ബന്ധനം അഴിഞ്ഞിരിക്കുന്നു”. അപ്പോൾ അവൾക്ക് നേരെ സ്വർഗ്ഗത്തിലേക്കു ദൃഷ്ടിയുയർത്തി അവളെ സ്വതന്ത്രയാക്കിയ പിതാവിനെ സ്തുതിക്കുവാൻ സാധിച്ചു.

**ഇന്ന് ഇന്ത്യൻ സംസ്ക്കാരത്തിൽ ജീവിക്കുന്ന സ്ത്രീകളുടെ അവസ്ഥ യേശു മനസ്സിലാക്കുന്നു. നമ്മെ ഉയർത്തിക്കൊണ്ടുവരുവാനും ദൈവത്തിന്റെ ദൃഷ്ടിയിൽ നാം വിലയേറിയവരാണെന്നുള്ള ബോധവും പ്രത്യാശയും നമുക്കു നല്കുവാനുമായി അവിടുന്നു വന്നിരിക്കുന്നു. അവിടുത്തെ അടുക്കലേക്കു വരുന്ന ആരും ഒരിക്കലും പരിത്യജിക്കപ്പെടുകയില്ല. അവിടുന്നു ഭൂമിയിൽ ജീവിച്ച കാലത്ത് എന്തെങ്കിലും ആവശ്യവുമായി വന്ന എല്ലാ സ്ത്രീകളേയും അവിടുന്ന് അനുഗ്രഹിച്ചു. അവിടുന്ന് ഇന്നും അങ്ങനെ തന്നെയാണ്.**

ഇരുപത് നൂറ്റാണ്ടുകൾ കടന്ന് ആ വചനം ഇതാ, നിന്റെ സമീപത്തേക്കും വന്നിരിക്കുന്നു: “ സ്ത്രീയേ, നിന്റെ ബന്ധനം അഴിഞ്ഞിരിക്കുന്നു.” (ലൂക്കോ. 13:12)

പ്രിയ സഹോദരി, കർത്താവ് വ്യക്തി

പരമായി സംസാരിക്കുന്ന വചനമായി നീ ഇന്ന് ഈ വചനം ഏറ്റെടുക്കുകയില്ലേ? എല്ലാ ബന്ധനങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും നിരാശ, ചീത്ത മന:സ്ഥിതികൾ, വൈകാരിക പ്രശ്നങ്ങൾ, ദൂഷ്യഫലങ്ങൾ എന്നിവയിൽ നിന്നും നീ ഇപ്പോൾ സ്വതന്ത്രയായിരിക്കുന്നു. പിശാച് സ്ത്രീകളെ പീഡിപ്പിക്കുവാനായി യുഗങ്ങളായി കണ്ടുപിടിച്ചുവച്ചിരിക്കുന്ന എല്ലാറ്റിൽ നിന്നും നീ സ്വതന്ത്രയായിരിക്കുന്നു.നിനക്കു ദൈവത്തെ മഹത്വപ്പെടുത്താം.പാരമ്പര്യങ്ങളുടെ ബന്ധനത്തിൽ നിന്നു നീ സ്വതന്ത്രയായിരിക്കുന്നു. നിന്റെ കോപം, കയ്പ്, ക്ഷമിക്കാൻ സാധിക്കാത്ത മനോഭാവം, നീരസം എന്നിവയിൽ നിന്ന് നീ സ്വതന്ത്രയായിരിക്കുന്നു.നിയന്ത്രണം വിട്ടുപോകുന്ന നാവിൽ നിന്ന് നീ സ്വതന്ത്രയായിരിക്കുന്നു.ഇത്രകാലം നിന്നെ ബന്ധിച്ച് പീഡിപ്പിച്ചിരുന്ന എല്ലാ പൈശാചിക ശക്തികളിൽ നിന്നും നീ സ്വതന്ത്രയായിരിക്കുന്നു.നീ ഇപ്പോൾ നിവർന്നു നിന്ന് ദൈവത്തെ മഹത്വപ്പെടുത്തുക.

കർത്താവിനെ ശുശ്രൂഷിക്കുക.സ്വയം തരംതാഴ്ത്തി ചിന്തിച്ചുകൊണ്ട് ഇനി നടക്കേണ്ട കാര്യമില്ല.മറ്റുള്ളവർ നിന്നെ നിന്ദിച്ചാലും അവർ നിന്റെ വില മനസ്സിലാക്കാതിരുന്നാലും നീ ദൈവത്തിനു വിലപ്പെട്ടവളാണ്. ഇന്നു മുതൽ നിന്റെ ജീവിതത്തിനുമേൽ ദൈവത്തിന്റെ കരമുണ്ട്.

“പിശാച് നിന്റെ മേൽ കെട്ടിയ ഓരോ കെട്ടും അഴിക്കാനാണ് ദൈവപുത്രൻ വന്നത്.” (1 യോഹ. 3:8 പരാവർത്തനം)

“പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും” (യോഹ. 8:36)

കൂനിയായ സ്ത്രീയെപ്പറ്റി “ അബ്രഹാമിന്റെ മകൾ” എന്നാണ് യേശു പറഞ്ഞത്. 1 പത്രൊ. 3:6-ാം വാക്യത്തിൻ പ്രകാരം നാമും അബ്രഹാമിന്റെ പുത്രിമാരാണ് - സാറായുടെ പുത്രിമാർ ആണ്.വിശ്വസിച്ച സാറാ നമുക്കൊരു മാതൃകയായിരിക്കുന്നു. ദൈവം വാഗ്ദാനം ചെയ്ത സന്തതിയെ അവൾക്ക് അത്ഭുതകരമായ വിധത്തിൽ ലഭിച്ചു. വിവാഹാനന്തരം വന്ധ്യയായിക്കഴിഞ്ഞ വർഷങ്ങളിൽ അവൾ വിലപിച്ചുകാണും.വാഗ്ദത്തസന്തതിക്കായി അവൾ കാത്തുകാത്തിരുന്നു.ആശ കൈവിട്ടുകളയുവാനുള്ള പരീക്ഷ അനേകതവണ അവൾക്ക് ഉണ്ടായിക്കാണും.ഇന്ന് ഇന്ത്യയിലെ അനേക സ്ഥലങ്ങളിൽ കാണുന്നതുപോലെ അന്ന് മച്ചിയായിരിക്കുക എന്നത് നാണക്കേടുള്ള കാര്യമായിരുന്നു. അനേകം അമ്മമാർ ഗർവ്വത്തോടെ സാറയെ കളിയാക്കിക്കാണും. മറ്റുള്ളവരിൽ നിന്നുള്ള വിമർശനങ്ങളും, കുത്തുവാക്കുകളും അവർക്കു കേൾക്കേണ്ടിവന്നു. അവൾ കൂടാരത്തിൽ ചെന്ന് ദൈവമുമ്പാകെ കരയുമായിരുന്നു. ദൈവം അവളുടെ കണ്ണുനീർ കണ്ടിട്ട് ഉത്തരമരുളി. അതുകൊണ്ട് കണ്ണീരോടെ അപേക്ഷിക്കുന്നത് നിർത്തിക്കളയരുത്. ഒരിക്കലും വിശ്വാസം കൈവിട്ടുകളയരുത്, വിശ്വാസിയായ സ്ത്രീയേ, ദൈവം നിനക്കു വേഗത്തിൽ ഉത്തരമരുളും.

യേശുവിന്റെ കാലിൽ പരിമളതൈലം പൂശിയ സ്ത്രീയുടെ മനോഹരമായ ഉദാഹരണം എടുത്തുകാണിച്ചുകൊണ്ട് ഉപസംഹരിക്കുന്നതാണ് ഉത്തമം എന്ന് എനിക്കു തോന്നുന്നു.പാപിനിയായ ആ സ്ത്രീ തന്റെ കണ്ണീരുകൊണ്ട് യേശുവിന്റെ പൊടി പിടിച്ച കാലുകൾ കഴുകിയിട്ട് താൻ കൊണ്ടുവന്ന വെൺകൽ ഭരണിയിലെ വില കൂടിയ തൈലം ആ കാലുകളിൽ പൂശി. (പലസ്തീൻ നാട്ടിലെ തെരുവുകളിലൂടെ എനിക്കും നിനക്കും വേണ്ടി നടന്നു ക്ഷീണിച്ച പാദങ്ങളായി





രുന്നു അവ).യേശു അവളുടെ കണ്ണുനീരും മാനസാന്തരവും കണ്ടു. പാപകരമായ ജീവിതം ഉപേക്ഷിക്കുവാനും ദൈവത്താൽ സ്വീകരിക്കപ്പെടുവാനുമുള്ള അവളുടെ ആഗ്രഹം യേശു മനസ്സിലാക്കി. അവളുടെ കണ്ണുനീരിനു പിമ്പിലുള്ള കാരണങ്ങൾ അവനു മനസ്സിലായി. അത്താഴത്തിനിരുന്ന മതനേതാക്കൾ പാപിനിയായി മാത്രമേ അവളെ കണ്ടുള്ളു. അവർ പുറമേയുള്ള കാര്യങ്ങൾ മാത്രം കണ്ടു.യേശുവാകട്ടെ അവളുടെ ഹൃദയം കണ്ടു. അവൾക്ക് വളരെയേറെ പാപങ്ങൾ ക്ഷമിച്ചുകിട്ടി. അതുകൊണ്ട് അവൾ വളരെയധികം സ്നേഹിച്ചു. അവളുടെ സ്നേഹത്തിന്റെ തെളിവായിരുന്നു അവൾ കൊണ്ടുവന്ന വെൺകൽഭരണി. (അവളുടെ ജീവിതത്തിലെ സമ്പാദ്യം കൊണ്ടായിരിക്കും അവൾ ആ തൈലം വാങ്ങിയത്). അവൾ പരിമളതൈലത്തിന്റെ സൗരഭ്യം പരത്തിയത് ആ ഒരു വീട്ടിൽ മാത്രമല്ല; സ്വന്തം കഥയിലൂടെ അവൾ ഇരുപത് നൂറ്റാണ്ടുകളായി നമ്മെപ്പോലെയുള്ള അനേക സ്ത്രീകളുടെ ഹൃദയങ്ങളിലും സൗരഭ്യം പരത്തിക്കൊണ്ടിരിക്കുകയാണ്.

യേശു അവൾക്ക് പാപക്ഷമയും രക്ഷയും സമാധാനവും നല്കി.അവിടെ അത്താഴവിരുന്നിൽ അതിഥികളായി വന്നവരോട് അവിടുന്നു പണം കടം കൊടുത്തിരുന്ന ഒരു മനുഷ്യന്റെ കഥ പറഞ്ഞു. ഒരാൾ അവനോട് ചെറിയൊരു തുക കടപ്പെട്ടിരുന്നു.മറ്റൊരാൾ അവനോടു വലിയ തുക കടംപെട്ടിരുന്നു. അവൻ ഇരുവരോടും ക്ഷമിച്ചു.എന്നാൽ “ഈ രണ്ടുപേരിൽ ആർ കടം കൊടുത്ത മനുഷ്യനെ അധികം സ്നേഹിക്കും ?”എന്ന് യേശു ചോദിച്ചു. അതിനുശേഷം സ്ത്രീയുടെ നേരെ തിരിഞ്ഞ് അവൾ അവിടെയുള്ള ആരെക്കാളും അധികം അവനെ സ്നേഹിച്ചു എന്ന് യേശു പറഞ്ഞു. കാരണമെന്തെന്നാൽ, “ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു.”

ദൈവരാജ്യം സംബന്ധിച്ച അനേക അത്ഭുതസത്യങ്ങൾ ആളുകളെ പഠിപ്പിക്കുവാനായി യേശു പാപികളും കഷ്ടമനുഭവിക്കുന്നവരുമായ സ്ത്രീകളെ ഉപയോഗിച്ചു. ഇന്ന് ഇന്ത്യൻ സംസ്ക്കാരത്തിൽ ജീവിക്കുന്ന സ്ത്രീകളുടെ അവസ്ഥ യേശു മനസ്സിലാക്കുന്നു. നമ്മെ ഉയർത്തിക്കൊണ്ടുവരുവാനും ദൈവത്തിന്റെ ദൃഷ്ടിയിൽ നാം വിലയേറിയവരാണെന്നുള്ള ബോധവും പ്രത്യാശയും നമുക്കു നല്കുവാനുമായി അവിടുന്നു വന്നിരിക്കുന്നു.അവിടുത്തെ അടുക്കലേക്കു വരുന്ന ആരും ഒരിക്കലും പരിത്യജിക്കപ്പെടുകയില്ല. അവിടുന്നു ഭൂമിയിൽ ജീവിച്ച കാലത്ത് അവിടുത്തെ അടുത്ത് എന്തെങ്കിലും ആവശ്യവുമായി വന്ന എല്ലാ സ്ത്രീകളേയും അവിടുന്ന് അനുഗ്രഹിച്ചു. അവിടുന്ന് ഇന്നും അങ്ങനെതന്നെയാണ്.

പ്രിയപ്പെട്ട സ്ത്രീ ജനങ്ങളേ, നാമെല്ലാവരും അധികം ക്ഷമിച്ചുകിട്ടിയവരാണ്. അതുകൊണ്ട് നാം തന്നെ അധികമായി സ്നേഹിക്കണം. അവിടുത്തെ അത്ഭുത സത്യങ്ങൾ ചുറ്റുപാടുമുള്ള അനേകർക്ക് കാണിച്ചു കൊടുക്കുവാനായി നമ്മെ ഉപയോഗിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു.

അതിനാൽ,‘‘(ഇന്ത്യയിലെ) സീയോൻപുത്രിയേ, ഉണരുക; നീ ബലം ധരിച്ചുകൊൾക; നിന്റെ അലങ്കാരവസ്ത്രം ധരിച്ചുകൊൾക.പൊടിയിൽ നിന്ന് എഴുന്നേല്ക്ക. നിന്റെ കഴുത്തിൽ നിന്ന് അടിമയുടെ ബന്ധനങ്ങളെ അഴിച്ചുകളക. നിന്റെ വെളിച്ചം പ്രകാശിക്കട്ടെ. കർത്താവിന്റെ തേജസ്സ് നിന്റെമേൽ ഉദിച്ചിരിക്കുന്നു.” (യെശ. 52:12; 60:1- ലിവിങ്).

(അവസാനിച്ചു)

**മൊഴിമാറ്റം: സുജ ഏബ്രഹാം**

❖

അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-24

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണ്ണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു.ലണ്ടനിലെ ഗോസ്പറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി.*

## വ്യത്യസ്തമായ ഒരു നിയോഗം

**റീ**സ് ദമ്പതികൾ ആഫ്രിക്കയിൽ നിന്നു വെയിൽസിൽ മടങ്ങിയെത്തിയത് 1920 ലെ ക്രിസ്മസ് സമയത്താണ്.

റീസും എലിസബത്തും ആഫ്രിക്കയിൽ ആറുവർഷം പ്രവർത്തിച്ചു. അതുകൊണ്ട് അവധിക്കു നാട്ടിൽ വന്നപ്പോൾ തന്നെ മീറ്റിംഗുകളുമായി റീസ് സജീവമായി. ചില ആഴ്ചകളെങ്കിലും വിശ്രമം എടുക്കണമെന്നു മിഷൻ റീസിനെ നിർബന്ധിച്ചു.

“എന്തിന്? ആറുവർഷം ആഫ്രിക്കയിൽ അവധിക്കാലം പോലെ സന്തോഷമായല്ലേ ജീവിച്ചത്”?- റീസിന്റെ മറുപടി.

ആറുവർഷത്തെ ഇടവേളയ്ക്കുശേഷം റീസ് മടങ്ങിയെത്തിയപ്പോൾ എങ്ങും അദ്ദേഹത്തിനു മീറ്റിംഗുകൾ ക്രമീകരിക്കാൻ ആളുകൾ മത്സരിച്ചു. ആഫ്രിക്കയിലെ ഉണർവ്വുകളെക്കുറിച്ചുള്ള റീസിന്റെ സാക്ഷ്യങ്ങൾ അനേകർക്ക് അനുഗ്രഹമായി. അവ ജനങ്ങളെ ഇളക്കി മറിച്ചു, വെല്ലുവിളിച്ചു. വിശ്വാസത്തിന്റെ അനുഭവപാഠങ്ങൾ വിവരിച്ച് റീസ് ആയിരങ്ങളെ ഉറപ്പിച്ചു.റീസ് പ്രവർത്തിച്ചിരുന്ന ദക്ഷിണാഫ്രിക്കസെൻട്രൽമിഷന്റെ ചുമതലക്കാർ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തിരിച്ചറിഞ്ഞു. അവർ റീസിനെ ഒരു ഫ്രീലാൻസറായി ഇംഗ്ലണ്ടിലും വെയിൽസിലും ഇംഗ്ലീഷ് സംസാരിക്കുന്ന എല്ലായിടത്തും പ്രവർത്തിച്ചുകൊള്ളാൻ അനുവദിച്ചു.റീസിനും എലിസബത്തിനും സന്തോഷമായി.

പക്ഷേ വീണ്ടും തീർത്തും അപ്രതീക്ഷിതമായ ചിലതു സംഭവിച്ചു.

1922 ലെ ലാൻഡ്രിൻഡോഡ് കൺവൻഷൻ. വിലയൊരു ജനക്കൂട്ടത്തോടു റീസ് പ്രസംഗിക്കുകയായിരുന്നു. അദ്ദേഹം തന്നെയായിരുന്നു കൺവൻഷനിലെ ആദ്യ പ്രസംഗകൻ.പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടൽ പ്രസംഗത്തിൽ നിഴലിട്ടതുകൊണ്ട് യോഗത്തിന്റെ അധ്യക്ഷനായ മിസ്റ്റർഹെഡ്,റീസിനോട് സമ്പൂർണ്ണ സമർപ്പണത്തിനായി ആഹ്വാനം നടത്താൻ ആവശ്യപ്പെട്ടു.റീസ് അപ്രകാരം ചെയ്തു.അധ്യക്ഷനും പ്രസംഗകരും സദസ്സു മുഴുവനും എഴുന്നേറ്റു നിന്നു പ്രാർത്ഥിച്ചു തങ്ങളെ തന്നെ ഒന്നടങ്കം ദൈവസന്നിധിയിൽ സമ്പൂർണമായി സമർപ്പിച്ചു.

തുടർന്നു റവ. ജി. എച്ച്. ലുൺ ആയിരുന്നു പ്രസംഗിക്കേണ്ടിയിരുന്നത്. എന്നാൽ ഇനി താൻ പ്രസംഗിക്കേണ്ട കാര്യമില്ലെന്നു പറഞ്ഞ് അദ്ദേഹം പ്രാർത്ഥിച്ച് യോഗം അവസാനിപ്പിച്ചു.

മീറ്റിംഗ് തീർന്നയുടനെ തന്നെ ഒരു ശുശ്രൂഷകൻ റീസിനെയും മറ്റു ചിലരേയും തന്നോടൊപ്പം പ്രാർത്ഥിക്കാനായി ക്ഷണിച്ചു.ചെറുപ്പക്കാർ പലരും ദൈവികവിളിയോടു പ്രതികരിച്ചു മുന്നോട്ടുവരുന്നുണ്ട്. എന്നാൽ അവർക്കു വേണ്ടതായ പരിശീലനം കിട്ടുന്നില്ല.വെയിൽസിൽ അവർക്കു പരിശീലനം നൽകുന്ന ഒരു കോളജ് ഉണ്ടാകണം - ഇതായിരുന്നു അദ്ദേഹത്തിന്റെ ഹൃദയഭാരം.ഇക്കാര്യത്തിനു വേണ്ടി അദ്ദേഹത്തോടൊപ്പം പ്രാർത്ഥിക്കാനാണു റീസിനെയും മറ്റും ക്ഷണിച്ചത്.

പ്രാർത്ഥിക്കാൻ ചെല്ലുമ്പോൾ തനിക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും പങ്കാളിത്തം ഉണ്ടാകുമെന്നു റീസു കരുതിയതേയില്ല.മറ്റൊരാളുടെ ഹൃദയഭാരത്തിനുവേണ്ടി പ്രാർത്ഥിക്കാൻ ചെല്ലുന്നു എന്ന ഉദാസീനതയോടെ ചെന്ന റീസിനോടു പൊടുന്നനെ ദൈവാത്മാവു പറഞ്ഞു.“എങ്ങനെ പ്രാർത്ഥിക്കുന്നു എന്നതിനെക്കുറിച്ചു സൂക്ഷ്മതയോടുള്ളവനായിരിക്കുക. ഞാൻ അതു പണിയാൻ പോകുന്നു. പണിയുന്നതാകട്ടെ, നിന്നിലൂടെയുമാണ്.”

റീസ് ഞെട്ടിപ്പോയി. കോളജുകൾ, പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുമായി തനിക്കു ജീവിതത്തിൽ എന്തെങ്കിലും ബന്ധം ഉണ്ടാകുമെന്നു റീസ് സ്വപ്നേപി കരുതിയിരുന്നില്ല. അതിനാൽ റീസ് ഇങ്ങനെ പ്രാർത്ഥിച്ചു: “ദൈവമേ, ഇതു നിന്നിൽ നിന്നാണെങ്കിൽ വചനത്തിലൂടെ എനിക്ക് ഒരു ഉറപ്പു തരണം”.

അന്നു രാത്രി തന്നെ വചനത്തിലൂടെ സ്ഥിരീകരണം ലഭിച്ചു. 1 ദിനവൃത്താന്തം 28:20,21 വാക്യങ്ങളിലൂടെ മൂന്നു വാഗ്ദാനങ്ങളാണു ദൈവം നൽകിയത്. “ബലപ്പെടുക, ധൈര്യപ്പെടുക ......... പ്രവർത്തിക്കുക.....ഭയപ്പെടരുത്...ഭ്രമിക്കയും അരുത്...യഹോവയായ ദൈവം നിന്നോടു കൂടെ ഉണ്ട്. എല്ലാവേലയും നീ നിവർത്തിക്കുന്നതുവരെ അവൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല”.

അടുത്ത അധ്യായത്തിന്റെ പ്രാരംഭവാക്യങ്ങളിലേക്കു വരുമ്പോൾ ആലയത്തിന്റെ പണിക്കുവേണ്ടതെല്ലാം നൽകുമെന്നു വ്യക്തമായി പറയുന്നു. 29 ന്റെ 4-ാം വാക്യത്തിൽ പണിക്കു വേണ്ട ‘ഓഫീർപൊന്നായി മൂവായിരം താലന്തു പൊന്ന്’ നൽകുമെന്നുള്ള വാഗ്ദാനവും റീസ് തനിക്കായുള്ള ഒരു വചനമായി സ്വീകരിച്ചു. തന്റെ കയ്യിലുണ്ടായിരുന്ന സ്കോഫീൽഡ് ബൈബിളിന്റെ മാർജിനിൽ നിന്ന് ഈ പൊന്നിന് 6,150 ബ്രിട്ടീഷ്പൗണ്ടാണ് ഇന്നു മതിക്കുക എന്നും റീസ് മനസ്സിലാക്കി. ഈ കണക്ക് റീസിനു പിന്നീടു വളരെ പ്രയോജനപ്പെട്ടു.

പക്ഷേ സ്വാഭാവികമായി ഈ പുതിയ നിയോഗം സ്വീകരിക്കാൻ റീസിനും എലിസബത്തിനും മടിയായിരുന്നു.അവർ ആ വിഷയം വച്ചു പ്രാർത്ഥിക്കാൻ ആരംഭി

ച്ചു.ലോകവ്യാപകമായി ഒരു ഉണർവ്വിന്റെ ശുശ്രൂഷ – അതിലായിരുന്നു അവർക്കു താത്പര്യം.പകരം സാമ്പത്തിക ഭാരം വഹിക്കേണ്ടിവരുന്ന ഒരു പണിയുമായി ബന്ധപ്പെട്ടു മുന്നോട്ടു പോകുക എന്നതു തങ്ങൾക്കു യോജിച്ച കാര്യമായി അവർക്കു തോന്നിയില്ല. എന്നാൽ വിശ്വാസത്തോടെ മുന്നോട്ടു പോകുക എല്ലാം നൽകപ്പെടും എന്നാണു ലഭിച്ച വാഗ്ദാനം. പക്ഷേ ആഫ്രിക്കയിലെ പ്രവർത്തനത്തിനുവേണ്ടി മകനെ ഉപേക്ഷിക്കേണ്ടി വന്നു. ഇപ്പോൾ ഈ പ്രവർത്തനവുമായി മുന്നോട്ടു പോകാൻ ആഫ്രിക്കയിലെ നൂറു കണക്കിന് ആത്മീയ സന്താനങ്ങളെ ഉപേക്ഷിക്കേണ്ടതുണ്ട് – ഇതാണ് റീസിനെയും എലിസബത്തിനെയും ഏറെ വിഷമിപ്പിച്ചത്.

ഇതിനിടെ, അവർ അമേരിക്കയിലേക്ക് ഒരു സ്വകാര്യ സന്ദർശനത്തിനുപോകാൻ പദ്ധതിയിട്ടിരിക്കുകയായിരുന്നു. മൂന്നു ദിവസത്തിനകം പോകണം. അപ്പോഴാണ് ഈ പുതിയ നിയോഗം. ഇതു ദൈവത്തിൽ നിന്നുള്ളതാണോ എന്നറിയാൻ റീസും എലിസബത്തും ആഗ്രഹിച്ചു. അതുകൊണ്ട് ഈ പുതിയ നിയോഗം ദൈവഹിതമാണെങ്കിൽ അമേരിക്കൻ യാത്രയ്ക്കു വേണ്ട മുഴുവൻ തുകയും പിറ്റേന്നു തന്നെ ലഭിക്കണമെന്ന് അവർ പ്രാർത്ഥിച്ചു.അതൊരു എളുപ്പമുള്ള കാര്യമായിരുന്നില്ല.കാരണം മിഷനറിമാരെന്ന നിലയിൽ അലവൻസു ലഭിക്കുന്ന അവർക്ക് ആളുകൾ എന്തിനു പണം നൽകണം?പക്ഷേ അടുത്ത ദിവസം തന്നെ 138 പൗണ്ട് സംഭാവനയായി ലഭിച്ചു.അതിൽ 50 പൗണ്ട് 11 വർഷം മുൻപ് റീസിലൂടെ അനുഗ്രഹിക്കപ്പെട്ട ഒരാളുടെ വ്യക്തിപരമായ സംഭാവനയായിരുന്നു.താൻ എപ്പോഴെങ്കിലും റീസിനെ കണ്ടുമുട്ടിയാൽ ഇതു നൽകിക്കൊള്ളാമെന്ന് അദ്ദേഹം കർത്താവിനോടു പറഞ്ഞിരുന്നു.

ലഭിച്ച സംഭാവന പൂർണമായി തങ്ങൾക്കായി എടുക്കാൻ അവർക്കു താത്പര്യം ഉണ്ടായിരുന്നില്ല.അതിൽ 100 പൗണ്ട് മിഷൻ പ്രവർത്തനത്തിനായി സന്തോപൂർവ്വം സമർപ്പിച്ചു.ബേത്‌ലഹേമിലെ കിണറ്റിൽ നിന്നു കോരിക്കൊണ്ടുവന്ന ജലം ദാവീദ് നിവേദിച്ച് ഒഴിച്ചതു പോലെയായിരുന്നു അത്.

അമേരിക്കയിൽ പല മീറ്റിംഗുകളിലും ആരാധനാകേന്ദ്രങ്ങളിലും അവർ പോയി. എന്നാൽ ഷിക്കാഗോയിലെ മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടാണു റീസിനെ ഏറ്റവും കൂടുതൽ ആകർഷിച്ചത്.റീസ് അതേപ്പറ്റി ഇങ്ങനെയാണു പറഞ്ഞത്:“ആ ഇൻസ്റ്റിറ്റ്യൂട്ട് കാണാൻ നാലായിരം മൈൽ യാത്ര ചെയ്തു ചെന്നതു വ്യർത്ഥമല്ല. എല്ലാ കാഴ്ചകളിലും വച്ച് ഈ സ്ഥാപനമായിരുന്നു ഏറ്റവും മഹത്തരം.ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട തൊള്ളായിരം സ്ത്രീപുരുഷന്മാർ അവിടെ ഉണ്ടായിരുന്നു”.

മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രസംഗിക്കാനായി പ്ലാറ്റ്ഫോമിൽ റീസ് ഇരിക്കുമ്പോൾ ദൈവം ഇടപെട്ടു:“വെയിൽസിൽ എനിക്ക് ഇതുപോലെയൊരു കോളജ് ഉണ്ടാക്കാൻ കഴിയുമോ?”

“കഴിയും കാരണം അവിടുന്നു ദൈവമാണല്ലോ”– റീസിന്റെ മറുപടി.

“പക്ഷേ ഞാൻ ചെയ്യുന്നതെല്ലാം മനുഷ്യരിലൂടെയാണു ചെയ്യുന്നത്.നീ ഈ ചെറുപ്പക്കാരോടു പറയാനിരിക്കുന്നതു ദൈവം നിന്നിൽ വസിക്കുവാൻ വന്നുവെന്നാണ്. ഇനി പറയൂ, എനിക്കിതു നിന്നിലൂടെ ചെയ്യുവാൻ കഴിയുമോ?”

ഞാൻ ആ നിമിഷം ദൈവത്തിൽ വിശ്വസിച്ചു. ആ നിമിഷം തന്നെ കോളജ് പണിഞ്ഞു എന്നും പറയാം – റീസിന്റെ സാക്ഷ്യം അങ്ങനെയാണ്.





നാട്ടിലേക്കു മടങ്ങി വന്നപ്പോൾ റീസും എലിസബത്തും പുതിയ ദൗത്യത്തിനായി തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചു. (അവരുടെ കൈവശം അപ്പോൾ ആകെയുണ്ടായിരുന്ന പണം 16 ഷില്ലിങ്ങാണ്).മിഷൻ പ്രവർത്തകർ എന്ന സ്ഥാനം രാജിവയ്ക്കേണ്ടി വന്നതാണ് ഇതിന്റെ ദു:ഖകരമായ പരിണതഫലം.മിഷൻ വിട്ടുപോകുന്നതു റീസിനും കുടുംബത്തിനും അങ്ങേയറ്റം സങ്കടകരമായിരുന്നു.മിഷനിലെ സഹപ്രവർത്തകർക്കും അങ്ങനെ തന്നെയായിരുന്നു.വളരെ ഗാഢമായ സ്നേഹബന്ധമാണ് ഇരുകൂട്ടരും തമ്മിൽ ഉണ്ടായിരുന്നത്. എങ്കിലും ദൈവത്തിൽ നിന്നുള്ള നേരിട്ടുള്ള നിർദ്ദേശത്തിന് റീസും എലിസബത്തും വിധേയപ്പെട്ടു.

അബ്രഹാം കാണിപ്പാനിരുന്ന ദേശത്തേക്കു വിശ്വാസത്താൽ പോയതു പോലെയായിരുന്നു തുടർന്നു റീസിന്റെയും എലിസബത്തിന്റെയും ജീവിതം.എവിടെയാണ് നിർദ്ദിഷ്ട കോളജ് സ്ഥാപിക്കേണ്ടതെന്ന് അവർക്കു യാതൊരു ഊഹവുമില്ല.

അങ്ങനെയിരിക്കെ 1923ലെ വേനൽക്കാലത്ത് റീസിനെയും എലിസബത്തിനെയും കടൽക്കരെയുള്ള പട്ടണത്തിലെ തന്റെ വീട്ടിൽ താമസിച്ചു വിശ്രമമെടുക്കാൻ ഒരു സുഹൃത്തു ക്ഷണിച്ചു.അവർ അവിടെ കുറച്ചുനാൾ സുഖമായി താമസിക്കാം എന്നു കരുതി പോയി. എന്നാൽ അവിടെ ചെന്നപ്പോൾ റീസിന് അവിടെ താമസിക്കേണ്ടെന്ന ശക്തമായ പ്രേരണ.മറിച്ച് തന്റെ പിതാവു തന്നോടു പറഞ്ഞിട്ടുള്ള, സമീപത്തെ മംബിൾസ് എന്ന സ്ഥലത്തേക്കു പോകണമെന്ന വിചിത്രമായ തോന്നലും റീസിനുണ്ടായി.

അങ്ങനെ അവർ മംബിൾസിലെത്തി.സ്വാൻസീഉൾക്കടലിനു സമീപമുള്ള മനോഹരമായ ഒരു സ്ഥലം. അവിടെ ചെന്നശേഷം ഒരു ദിവസം രണ്ടു സുഹൃത്തുക്കൾ റീസിനോടൊപ്പം പ്രാർത്ഥനയിൽ സമയം ചെലവഴിച്ചു. കോളജിനുള്ള സ്ഥലം ഇതുവരെ തീരുമാനമായില്ലെന്നറിഞ്ഞപ്പോൾ അവരിൽ ഒരാൾ സ്വാൻസീയിൽ തന്നെ എന്തുകൊണ്ട് കോളജ് ആരംഭിച്ചുകൂടാ എന്നു ചോദിച്ചു.

പ്രാർത്ഥനയിൽ റീസ് അക്കാര്യം തന്നെ ദൈവത്തോടു ചോദിച്ചു:“കർത്താവേ, സ്വാൻസീയിലാണു കോളജ് സ്ഥാപിക്കേണ്ടതെങ്കിൽ കൃത്യമായ സ്ഥലം എനിക്കു കാണിച്ചുതരണം”

“തരാം, നാളെ ഞാൻ നിന്നെ ആ സ്ഥലം കാണിക്കും” – ദൈവശബ്ദം.

പിറ്റേന്നു റീസും എലിസബത്തും സ്വാൻസീ ഉൾക്കടലിനു സമീപം മംബിൾസിലെ റോഡിലൂടെ നടന്നു പോകുകയാണ്. ഉൾക്കടലിന് മുഖാമുഖമായി വലിയൊരു എസ്റ്റേറ്റും ബംഗ്ലാവും അവർ കണ്ടു.അവിടെ ആരും താമസമില്ലാത്തതു പോലെ തോന്നി.അവർ എസ്റ്റേറ്റിന്റെ ഗേറ്റിലേക്കു ചെന്നു. ‘ഗ്ലിൻഡെർവെൻ’ എന്നാണ് എസ്റ്റേറ്റിന്റെ പേര് ഗേറ്റിൽ എഴുതി വച്ചിരിക്കുന്നത്. പൊടുന്നനെ ദൈവശബ്ദം വീണ്ടും – ‘ഇതാണു കോളജ്’.

തുടർന്നുള്ളത് റീസിന്റെ വാക്കുകളിൽ തന്നെ കേൾക്കുക: ‘എന്തൊരു വലിയ കെട്ടിടം! എനിക്ക് അതിന്റെ വില സംബന്ധിച്ച് ഒരൂഹവും തോന്നിയില്ല. എങ്കിലും ഏറ്റവും കുറഞ്ഞതു 10,000 പൗണ്ടെങ്കിലും ആയേക്കാം. ആ സമയത്ത് കേവലം രണ്ടു ഷില്ലിങ്ങാണു ഞങ്ങളുടെ കൈവശം ഉണ്ടായിരുന്നത്.ഇത്തരം ഒരു സ്ഥലം ‘വിശ്വാസം’ കൊണ്ടുവാങ്ങുകയോ!.

തോട്ടക്കാരനിൽ നിന്ന് സ്ഥലത്തിന്റെ ഉടമയുടെ പേര് വില്യം എഡ്വേർഡ്സ് എന്നാണെന്നു മാത്രം മനസ്സിലായി.ഞങ്ങൾക്കു മംബിൾസിൽ ഒരാളെയും അറിയുമായിരുന്നില്ല.തിരികെ വീട്ടിലേക്കു നടക്കുമ്പോൾ രണ്ടു ദിവ

സത്തിനകം വില്യം എഡ്വേർഡ്സിനെ വ്യക്തിപരമായി അറിയുന്ന ഒരാളെ കണ്ടുമുട്ടിയാൽ ഇക്കാര്യം സംബന്ധിച്ച് അദ്ദേഹത്തെ സമീപിക്കാമെന്നതിന്റെ ഉറപ്പായി അതിനെ കണക്കാക്കാമെന്നും ഞങ്ങൾ കരുതി.

അടുത്ത ദിവസം 10 മണിയോടെ സ്ഥലം സഭാശുശ്രൂഷകൻ ഞങ്ങളെ കാണാൻ വന്നു.തലേ ഞായറാഴ്ച ഞങ്ങൾ ആ സഭയിലാണു പോയത്. എന്നാൽ അദ്ദേഹം അന്നവിടെ ഉണ്ടായിരുന്നില്ല. മടങ്ങിവന്നപ്പോൾ ഞങ്ങൾ മിഷനറിമാരാണെന്ന് അറിഞ്ഞ് കാണാനും ചായയ്ക്കു ക്ഷണിക്കാനും വന്നതായിരുന്നു അദ്ദേഹം.

“നിങ്ങൾ മിസ്റ്റർ എഡ്വേർഡ്സിനെ അറിയുമോ?” – ഞാൻ ചോദിച്ചു.

“അറിയും” മറുപടി.

അതോടെ അക്കാര്യം ഉറപ്പായി. പക്ഷേ തുടർന്നു സ്ഥലം വിൽക്കുന്നോ എന്നന്വേഷിക്കാൻ എഡ്വേർഡ്സിനെ കാണുന്ന കാര്യം ഓർത്തപ്പോൾ തന്നെ ഒരു കാർമേഘം എന്റെ മേൽവീണ പ്രതീതി. കയ്യിൽ പണമില്ലാതെ സ്ഥലം വാങ്ങാൻ ചെല്ലുക.അതനുഭവിച്ചിട്ടുള്ളവർക്കു മാത്രമേ അതിന്റെ ബുദ്ധിമുട്ടു മനസ്സിലാകൂ.

ഏതായാലും ഞാൻ മിസ്റ്റർ എഡ്വേർഡ്സിനെ കാണാനായി പോയി.എന്നിൽ ഒട്ടും ശക്തിയില്ലാത്തതു പോലെ, പനിപൊറുത്ത ഒരുവനെപ്പോലെ, ദുർബലനായി ഞാൻ കാണപ്പെട്ടു. ഞാനെപ്പോഴും കാര്യങ്ങൾ എന്റെ ഇഷ്ടം പോലെയാണു ചെയ്യുന്നതെന്നു സാത്താൻ എന്നോടു വഴിയിൽ മന്ത്രിച്ചു.പണമില്ലാതെ, ബിസിനസ്സ് സംബന്ധിച്ച് ഒരു പരിശീലനവുമില്ലാതെ തോന്നലനുസരിച്ചു പ്രവർത്തിക്കുന്ന തന്നിഷ്ടക്കാരനായി സാത്താൻ എന്നെ ചിത്രീകരിച്ചു.ഒടുവിൽ പടിക്കൽ ചെന്നപ്പോൾ എനിക്കു വീടിന്റെ ബെല്ലടിക്കാൻ പോലും ശക്തിയില്ലെന്നു തോന്നി.

ബെല്ലടികേട്ട് അദ്ദേഹം വന്നപ്പോൾ ഞാൻ വന്ന കാര്യം പറഞ്ഞു.അദ്ദേഹം തിരക്കിലായിരുന്നു:“മതവുമായി ബന്ധപ്പെട്ട പല ആളുകളും ഈ സ്ഥലത്തിന്റെ പിന്നാലെയുണ്ട്. പക്ഷേ അവർ നിങ്ങളുടെ മതത്തിൽപ്പെട്ടവരല്ല.ഞാൻ ഇപ്പോൾ ലണ്ടനിൽ പോകുകയാണ്. ഞാൻ വന്ന ശേഷം നിങ്ങൾ വീണ്ടും എന്നെ കാണാൻ വന്നാൽ അപ്പോൾ ചിന്തിക്കാം”.ഒരു മിഷനറി, വീടും സ്ഥലവും ചോദിക്കാൻ വന്നത് അതിമോഹമായി അദ്ദേഹം കരുതിയോ ആവോ!

പിറ്റേന്നും ഞാൻ സ്ഥലം കാണാൻ പോയി. അന്നു തോട്ടക്കാരൻ എന്നോടു പറഞ്ഞു: “കത്തോലിക്കർ ഈ സ്ഥലം വാങ്ങിച്ചു.”

“ഇല്ല, അങ്ങനെ സംഭവിക്കുകയില്ല” – ഞാൻ പറഞ്ഞു.

അപ്പോൾ കർത്താവ് എന്നോടു പറഞ്ഞു: “ഈ സ്ഥലം തന്നെ വാങ്ങണമെന്നു ഞാൻ നിർദ്ദേശിച്ചത് ഇതുകൊണ്ടാണ്. ഞാൻ നിന്നെ ആഫ്രിക്കയിൽ നിന്നു കൊണ്ടുവന്നത് ഈ മതത്തിനെതിരെയുള്ള പോരാട്ടത്തിനാണ്.”

കിഴക്കെ ആഫ്രിക്കയിലെ പോർച്ചുഗീസ് അധീനതയിലുള്ള രാജ്യത്തിലെ ഞങ്ങളുടെ ഏറ്റവും നല്ല ആറു വിശ്വാസികളുടെ മരണത്തിനു കാരണക്കാർ ഇവരായിരുന്നു.ആ നിമിഷത്തിൽ എനിക്കു ബോധ്യമായി, ഇത് വളരെ സമ്പന്നമായ കത്തോലിക്കാമതവുമായുള്ള പോരാട്ടമാണ്. “പക്ഷേ നീ എനിക്കു പണം തന്നില്ലല്ലോ കർത്താവേ” – ഞാൻ പറഞ്ഞു.

“ഞാൻ നിനക്ക് ഓഫീർ പൊന്ന് വാഗ്ദാനം ചെയ്തിട്ടില്ലേ? നീ അതു വിശ്വസിക്കുന്നുവെങ്കിൽ ഇവിടെ പുൽത്തകിടിയിൽ മുട്ടുകുത്തി ഈ സ്ഥലത്തിന്





അവകാശം പറയുക.”ഉടൻ തന്നെ ഞാൻ അവിടെ മുട്ടുകുത്തി ഇങ്ങനെ പ്രഖ്യാപിച്ചു: “ഈ സ്ഥലം ഞാൻ കർത്താവിനുവേണ്ടി ഏറ്റെടുക്കുന്നു.”

ചില ദിവസങ്ങൾ കഴിഞ്ഞ് റീസ് വീണ്ടും എഡ്വേർഡ്സിനെ കാണാൻ പോയി. അദ്ദേഹം റീസിനോട് നേരേ ചോദിച്ചു: “ആട്ടെ, മിഷനറി, ഞാൻ മറ്റേ കക്ഷിയെ ഒഴിവാക്കിയാൽ താങ്കൾക്കിതു ‘കാബൂൽ’ ആക്കാമോ?”

റീസിന് ബിസിനസ്സിലെ സാങ്കേതിക പദങ്ങളൊന്നും പരിചിതമായിരുന്നില്ല. അതുകൊണ്ട് ഏന്താണു ചോദിച്ചതെന്നു ലളിതമായി പറഞ്ഞുതരാനാണു റീസ് ആവശ്യപ്പട്ടത്!ഒടുവിൽ എഡ്വേർഡ്സ് അതു വിശദീകരിച്ചപ്പോൾ റീസ് വിശ്വാസത്തോടെ മറുപടി നൽകി.ഞാൻ കെസ്വിക് കൺവൻഷനു പോയി മടങ്ങി വന്നാൽ രണ്ടാഴചയ്ക്കകം കച്ചവടം ഉറപ്പിക്കാം.

കെസ്വിക്കിൽ പോയതു വഴി ദൈവം റീസിന് മറ്റൊരു ഉറപ്പ് നൽകി.അവിടെ ചെന്നപ്പോൾ ദക്ഷിണ സ്കോട്ലൻഡിലെ അന്വത്പാരീഷിൽ പ്രസംഗിക്കാൻ റീസിന് ക്ഷണം ലഭിച്ചു.അന്വതിൽ അവർ പേർഷ്യയിലെ മുൻകോൺസുൽജനറലിന്റെ വിധവ മിസ്സിസ്സ് സ്റ്റീവാർട്ടിനോടൊപ്പമാണു താമസിച്ചത്. സ്കോട്ലൻഡിൽ പ്രൊട്ടസ്റ്റന്റ് വിശ്വാസികൾ നൂറ്റാണ്ടുകൾക്കു മുൻപ് കത്തോലിക്കാമതത്തിന്റെ പീഡനത്തിന് ഇരയായതിന്റെയും അവർ രക്തസാക്ഷികളായതിന്റെയും ചരിത്രം മിസ്സിസ്സ് സ്റ്റീവാർട്ട് വിവരിച്ചു. സ്റ്റീവാർട്ടിന്റെ വീടിരിക്കുന്ന സ്ഥലത്തിനു മുൻപിലായിരുന്നു ‘ഉടമ്പടിക്കാർ’ എന്നറിയപ്പെട്ടിരുന്ന വിശ്വാസികൾ പലരും രക്തസാക്ഷികളായതത്രേ!.

ഈ സംഭാഷണം നടന്നതിന്റെ പിറ്റേന്ന് റീസിനെയും എലിസബത്തിനെയും പാരീഷിലെ പ്രശസ്ത വ്യക്തികളായ സർവില്യമും ലേഡി മാക്സ്വെല്ലും ചായയ്ക്കു ക്ഷണിച്ചു. അവരുടെ ബംഗ്ലാവിൽ ചെന്നപ്പോൾ സർ വില്യം, റീസിനെ ആദ്യം കാണിച്ചത് പലരും സ്വന്ത രക്തം കൊണ്ട് ഒപ്പിട്ട ഒരു ഉടമ്പടിയുടെ കോപ്പിയായിരുന്നു. സർ വില്യം പറഞ്ഞു: “സ്കോട്ലൻഡിലെ ഏറ്റവും വിലയേറിയ ഉടമ്പടിയുടെ കോപ്പിയാണു ഞാൻ നിങ്ങളെ കാണിക്കുന്നത്. ഉടമ്പടിക്കാരുടെ രക്തം കൊണ്ട് ഒപ്പിട്ട കരാറിന്റെ കോപ്പി.”

ഈ ഉടമ്പടിയുടെ പിന്നിലെ കഥ ഇങ്ങനെ: 1638 ഫെബ്രുവരി ഒടുവിലാണ് സ്കോട്ലൻഡിൽ ഈ ഉടമ്പടി എഴുതിയതും പലരും രക്തം കൊണ്ട് അതിൽ ഒപ്പിട്ടതും. റോമൻ കത്തോലിക്കാ ആധിപത്യം സ്കോട്ലൻഡിൽ പിടിമുറുക്കുന്ന കാലം.പലരും വിശ്വാസസത്യങ്ങൾക്കു വേണ്ടി രക്ത സാക്ഷികളായി. തുടർന്ന് വിശ്വാസികൾ ഒന്നിച്ചു ചേർന്ന് ഒരു ഉടമ്പടി എഴുതി.തങ്ങൾ ഒരു കാലത്തും വിശ്വാസസത്യങ്ങൾ വിട്ടു പോകുകയില്ലെന്നും റോമൻ ആധിപത്യം സ്വീകരിക്കുകയില്ലെന്നുമായിരുന്നു ആ രേഖയിൽ എഴുതിയിരുന്നത്.ഈ ഉടമ്പടിയുടെ ഒരു കോപ്പിയാണു സർ വില്യം, റീസിനെ കാണിച്ചത്.

കെസ്വിക് കൺവൻഷനും അന്വത് സന്ദർശനത്തിനുംശേഷം റീസും എലിസബത്തും മാർബിൾസിൽ മടങ്ങിയെത്തിയത് ഇരട്ടി ഉറപ്പോടെയാണ്. അന്വതിൽ മിസ്സിസ് സ്റ്റീവാർട്ട്, തങ്ങളോട് ഉടമ്പടിക്കാർ രക്തസാക്ഷികളായതിനെക്കുറിച്ചു പറഞ്ഞതും പിറ്റേന്നു തന്നെ, മുൻധാരണയൊന്നുമില്ലാതെ സർ വില്യം ഉടമ്പടിയുടെ കോപ്പി കാണിച്ചതും ദൈവം തന്നെ ഉറപ്പിക്കാനായി ചെയ്തതാണെന്നു തന്നെ റീസ് കണക്കാക്കി. സ്വാൻസിയിലെ എസ്റ്റേറ്റിനു വേണ്ടിയുള്ള പോരാട്ടത്തിൽ കത്തോലിക്കാ മതത്തിനെതിരെ നിലപാ

ടെടുക്കുന്നതിൽ ഇനി മടിച്ചു നിൽക്കരുതെന്നു റീസിനു ബോധ്യമായി.

റീസ് എഡ്വേർഡ്സിനെ കണ്ടപ്പോൾ അദ്ദേഹം വളരെ വ്യക്തമായി പറഞ്ഞു:"മറ്റെ കക്ഷികൾ (കത്തോലിക്കർ) പതിനായിരം പൗണ്ട് പറഞ്ഞ സ്ഥലമാണ്. എന്നാൽ നിങ്ങൾക്കായതുകൊണ്ട് 6,300 പൗണ്ടിനു തരാം"

"അതു കേട്ടപ്പോൾ കയ്യോടെ അതു സമ്മതിക്കാനാണ് എനിക്കു തോന്നിയത്.കാരണം അത്രയും വിലകുറച്ച് എങ്ങും കിട്ടുകയില്ല" റീസ് ഓർമ്മിക്കുന്നു: "പക്ഷേ ഞാൻ സമ്മതിക്കുന്നതിനു മുൻപേ ദൈവത്തിന്റെ വ്യക്തമായ നിർദ്ദേശം വന്നു - ഓഫീർ തങ്കമാണു ഞാൻ വാഗ്ദാനം ചെയ്തത്. അതിന്റെ വില 6,150 പൗണ്ടാണെന്നു നിനക്കറിയാമല്ലോ.അതിൽ ഒരു പെനി പോലും ഇക്കാര്യത്തിൽ കൂടുതൽ ചെലവഴിക്കാൻ പാടില്ല".

"ഞാൻ വിഷമവൃത്തത്തിലായി.1 ദിനവൃത്താന്തം 29:4 അനുസരിച്ച് 6,150 പൗണ്ടെന്നതു ശരിയാണ്.പക്ഷേ എഡ്വേർഡ്സിനോട് ഇതു പറയുന്നതെങ്ങനെ? അദ്ദേഹം 6,300 പൗണ്ടേ ചോദിച്ചുള്ളൂ. വെറും 150 പൗണ്ടിന് ഇത്രനല്ലൊരവസരം നഷ്ടപ്പെടുത്തുന്നതു ബുദ്ധിയല്ലെന്നു വ്യക്തം - ഞാൻ ദൈവത്തോടു വാദിച്ചു.പക്ഷേ അവിടുന്നു നിശ്ശബ്ദനായിരുന്നു.ഞാൻ ദൈവത്തെ ധിക്കരിക്കാൻ ധൈര്യപ്പെട്ടില്ല. അതുകൊണ്ട് ഞാൻ എഡ്വേർഡ്സിനോട് വില കുറയ്ക്കുന്ന കാര്യം ചോദിച്ചു.അക്കാര്യം തന്റെ അഭിഭാഷകനെ പിറ്റേദിവസം കണ്ടു ചോദിക്കാൻ പറഞ്ഞ് എഡ്വേർഡ്സ് സംഭാഷണം അവസാനിപ്പിക്കുകയാണുണ്ടായത്.

പക്ഷേ അഭിഭാഷകനെ കാണുന്നതിനു പകരം ഞാൻ നേരെ ലാനല്ലിയിൽ ഒരു സുഹൃത്തിന്റെ വീട്ടിലേക്കാണു പോയത്.അവിടെ രണ്ടു ദിവസം ഞാൻ പൂർണ ഉപവാസത്തിലും പ്രാർത്ഥനയിലുമായിരുന്നു. എത്ര വലിയ വേദനയിലൂടെയാണു ഞാൻ പോയത്! അതേ സമയം എത്ര വലിയ പാഠമാണു ഞാൻ പഠിച്ചത്! ഞാൻ ദൈവത്തോടു പലതും പറഞ്ഞു - റോമിലെ സഭയോടു പോരാടാൻ എന്നെ വിളിച്ചിട്ട് 150 പൗണ്ടിനു വേണ്ടി ഞാൻ തോറ്റു കൊടുക്കണോ?:ഞാൻ ചോദിച്ചു. ദൈവത്തിനും പലതും എന്നോടു പറയാനുണ്ടായിരുന്നു: ഗ്ലിൻഡർവെൻ ദൈവനാമത്തിൽ ഞാൻ അവകാശം പറഞ്ഞതല്ലേ?ആ നിലയ്ക്ക് ആ സ്ഥലം 150 പൗണ്ടിന്റെ പേരിൽ നഷ്ടപ്പെട്ടു പോകുമെന്നു ചഞ്ചലപ്പെട്ടാൽ ദൈവത്തിൽ ഞാൻ യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടോ എന്ന് അവിടുന്നെന്നോടു ചോദിച്ചു.

ഞാൻ വിശ്വാസത്തിൽ ശക്തിപ്പെട്ടു. എഡ്വേർഡ്സിന്റെ ഹൃദയം ദൈവത്തിന്റെ കരങ്ങളിൽ നീർത്തോടുസമാനം. തനിക്ക് അതിനെ ഇഷ്ടമുള്ള ദിക്കിലേക്കു ചായിക്കാം.വസ്തുത ഇതായിരിക്കെ സാത്താന് എന്തു ചെയ്യുവാൻ കഴിയും?

പക്ഷേ ഞാൻ വീട്ടിൽ വന്നപ്പോൾ എഡ്വേർഡ്സിന്റെ ഒരു കത്തുലഭിച്ചു. ഞാനുമായിട്ടുള്ള കച്ചവടചർച്ചകൾ പൂർണമായി അവസാനിപ്പിച്ചിരിക്കുന്നു എന്നായിരുന്നു കത്തിന്റെ ഉള്ളടക്കം. പിറ്റേദിവസം തന്നെ അഭിഭാഷകനെ കണ്ട് വില സംബന്ധിച്ച് ചർച്ച നടത്തി തീരുമാനത്തിലെത്തണമെന്നു പറഞ്ഞിരുന്നു. പക്ഷേ അങ്ങനെ ചെയ്തില്ല. അതു കാണിക്കുന്നതു ഞാൻ ഒരു നല്ല ബിസിനസ്സുകാരനല്ല എന്നാണ്. അതുകൊണ്ട് പതിനായിരം പൗണ്ട് വാഗ്ദാനം ചെയ്ത മറ്റേകക്ഷികൾക്കു എഡ്വേർഡ്സ് എസ്റ്റേറ്റും ബംഗ്ലാവും വിൽക്കുകയാണ്. അതറിയിക്കാനാണീ കത്തെഴുതുന്നത്..... ഇതായിരുന്നു കത്തിലെ വിവരം.

കത്ത് എന്നെ ലേശം പോലും അലോസരപ്പെടുത്തിയില്ല. കാരണം ഇക്കാര്യം കൈകാര്യം ചെയ്യാൻ അദൃശ്യനായ നായ





Youth Section




# Why Do I Still Find Sin Pleasurable?

**Sandeep Poonen**

***Question:***

Why do I keep finding myself attracted to sin even though I don't want to? I really want to follow God, but if I am honest, I actually still enjoy some sins.

***Answer:***

Let me first say a few things about this very important question:

- Anybody who has been a Christian for at least 5 years and has never asked this question to God in honesty themselves is most probably a hypocrite (John 7:37-38)
- Anybody who looks down on people who have this question does not have the Holy Spirit (Romans 8:26)

With these as initial statements, let me share with you some thoughts about this question.

കൻ രംഗത്തുണ്ട്. ഈ സാഹചര്യത്തിൽ ഞാനെന്തിനാണു വിഷമിക്കുന്നത്?

ഞാൻ എഡ്വേർഡ്സിന് വളരെ തുറന്ന ഒരു കത്തു മറുപടിയായി എഴുതി. ഉള്ളടക്കം ഏറെക്കുറെ ഇങ്ങനെ:മിസ്റ്റർ എഡ്വേർഡ്സ്, എന്നെ സംബന്ധിച്ചിടത്തോളം താങ്കൾ പറഞ്ഞ 6,300 പൗണ്ട് എന്ന വില നിരസിക്കുന്നതു വളരെ പ്രയാസമായിരുന്നു. എന്നാൽ 6,150 പൗണ്ട് എന്ന വിലയ്ക്കു മുകളിൽ പോകരുതെന്നു ദൈവം എന്നോടു പറഞ്ഞു.കഴിഞ്ഞ രണ്ടു ദിവസം ഒന്നും കഴിക്കുകയും കുടിക്കുകയും ചെയ്യാതെ തന്നോടൊപ്പം കഴിഞ്ഞിട്ടും ആ നിലപാടിൽ മാറ്റം വരുത്താൻ അവിടുന്ന് സമ്മതിച്ചില്ല. ഇതാണു വസ്തുത.'

മടക്കത്തപാലിൽ തന്നെ എനിക്കു എഡ്വേർഡ്സിന്റെ മറുപടി വന്നു. അതിൽ പറഞ്ഞിരുന്നതിങ്ങനെ: 'റീസിനു തന്നെ എസ്റ്റേറ്റും ബംഗ്ലാവും തരാം. വില നേരത്തെ പറഞ്ഞതിൽ നിന്നും 500 പൗണ്ടു കുറച്ചിരിക്കുന്നു' . ചുരുക്കത്തിൽ ആ ഇടപാടിൽ അദ്ദേഹം ഒരു പെനിപോലും നേട്ടം ഉണ്ടാക്കിയില്ല. ഇതു ദൈവപ്രവൃത്തിയല്ലെങ്കിൽ മറ്റെന്താണ്? (തുടരും)

There is an expression that is repeated in the 4th chapter of the Old Testament book of Amos. FIVE separate times in Amos 4 we find this expression: **Yet you have not returned to Me**.

God is speaking to His people, and He tells them that they have *still* not returned to Him – even after various events. So what were the different events that God was referring to? First it was hunger, then it was drought, after that mildew and caterpillars, then plague and the death of their young, and then finally captivity.

Think about that for a second. The events that God talks about are not the typical events that we seem to experience – like having a near-miss accident, having a sickness that hospitalizes us, losing our job, etc. This was so much more serious. I read the part of the "death of their young" and I thought of my own children. I can't imagine what it must mean to go through such a difficult trial. But I will tell you one thing, I would seek the company of God in such a hard time.

But I read here that each time God seemed to allow punishments on them, the end result was the same – they did not return to God (Amos 4:6, 8-11).

How could it be that humans like me would STILL not return to God even after such horrible circumstances? How could they not return to God even after all of this? Why is it that these tragic consequences *still* did not get the Israelites to return to God? Does this sound at all human? Does this not go against human nature – and the concept of self preservation?

We see that Jesus also talks about this very condition in John 12:35-36 – *So Jesus said to them, "For a little while longer the Light is among you. Walk while you have the Light, so that darkness will not overtake you; he who walks in the darkness does not know where he goes. While you have the Light, believe in the Light, so that you may become sons of Light."*

I find it interesting that Jesus encourages people to walk in the Light. Why would I need to be told to walk in the Light? Shouldn't it be the most natural thing to do? Why would Jesus even need





to say, "he who walks in the darkness does not know where he goes." Jesus wouldn't need to tell people not to walk in pitch darkness, right?!

But you and I know that Jesus' warning is much needed.

From my own life, I will tell you that while I have never gone through anything close to what the people in Amos' time went through, the same thing could also be said about my life for many years: Yet **Sandeep did not return to God.**

In my case, I did return to God over and over again, but I kept leaving Him after a while. I too found sin to be much more attractive that God's presence. And while I knew that God was the light and that sin was darkness full of fear, I found pleasure in the darkness and preferred the darkness over the light.

But I see something about WHY I prefer all the downsides of the darkness over all the upsides of the light. I see it in Jesus' words a few verses earlier in John 12:24-26 – *Truly, truly, I say to you, unless a grain of wheat falls into the earth and dies, it remains alone; but if it dies, it bears much fruit. He who loves his life loses it, and he who hates his life in this world will keep it to life eternal. If anyone serves Me, he must follow Me; and where I am, there My servant will be also; if anyone serves Me, the Father will honor him*.

So here's one reason somebody will choose to live in darkness than in the light: **When the Light is leading them to certain death.** If I knew that being in the light could mean a lot of suffering and hardship, I can see how I could prefer the darkness, because

The call to be in the Light with suffering and hardship was and still is the call of Jesus. The call of discipleship is a call to certain death. When I come to Jesus and I tell Him that we want to follow Him, there lying on the ground in between Him and me is a cross. Now when Jesus tells me to follow Him (verse 26), He does not mean that I too must follow Him by dying physically on the cross. Paul was not crucified but was one of the greatest Christian saints that ever lived.

Dying physically on the cross is not what Jesus means by saying that I must follow Him. There was another cross that Jesus died on every day of His life – the cross on which His self-will was put to death (Luke 9:23 – if I want to follow Jesus, I must pick up my cross daily). Jesus died to His own will, and obeyed the Father implicitly and always.

So I look at Jesus, and I know that HE didn't escape the cross of His self-will. And the implication is clear: I will have to do the same thing. I will have to DIE to my selfish desires and my selfish wants, and my self-interests.

But this is why we are so reluctant to walk in the Light. This is why:

- we as children are resistant to obey our parents,
- we as men prefer the darkness of lust,
- husbands prefer the darkness of being self-absorbed over loving their wives,
- and wives prefer the darkness of dominant assertiveness over submission.

I know that this does not answer the question, but I hope this does give you something to think about. There is an attraction to sin, and there is inside of us a desire to do our own will. This desire to do what we want is the hardest thing to give up. So it will always feel pleasurable when we do what we want to do; and there is always a "suffering" when we have to be completely open to doing what Somebody else wants us to do.

I hope that the Lord will use this article to help you understand the choice that comes with following Jesus. It is a road marked with pain, suffering, and hardship. But as I mentioned previously as well, it is the JOY of doing the will of God and being pleasing to God and most of all, expressing our faithful love to the One who so loved us – that is our reward and motivation.

(please mail your genuine doubts to: **sandeep@poonen.org**)

❖